# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## ആനാട് ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2021-2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തിരുവനന്തപുരം.-695001

ഇ-മെയിൽ: lfadtvm@yahoo.in

ഫോൺ : 0471-2331231

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ/റ്റി.വി.എം/ജി.പി.6/2142/2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തിരുവനന്തപുരം.-695001
തീയ്യതി: 13/02/2023
ഇ-മെയിൽ: lfadtvm@yahoo.in
ഫോൺ: 0471-2331231

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ആനാട് ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : ആനാട് ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ആനാട് ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തിരുവനന്തപുരം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ/റ്റി.വി.എം/ജി.പി.6/2142/2022 തീയ്യതി: 13/02/2023

## തിരുവനന്തപുരം ജില്ലയിലെ ആനാട് ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെട്ടുവിക്കുന്നത്.)

തിരുവനന്തപുരം ജില്ലയിലെ ആനാട് ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2021 മുതൽ 31-03-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 40 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 34 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (**മുതൽ**) | തീയതി (**വരെ**) |
|---|---|---|---|
| ശ്രീമതി ശ്രീജ കെ | ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ) | 23-11-2022 | 02-12-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (**മുതൽ**) | തീയതി (**വരെ**) |
|---|---|
| 23-11-2022 | 02-12-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി സിന്ധു പി എസ്, ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ)
ശ്രീ സുരേഷ്ബാബു.ബി, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീമതി തനുജ എം എൻ, സീനിയർഗ്രേഡ് ഓഡിറ്റർ
ശ്രീ രഞ്ജിത്ത് .സി, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി എസ് ഷൈലജ | പ്രസിഡന്റ് | 01-04-2021 | 31-03-2022 |
| ശ്രീ അഷറഫ് എം | സെക്രട്ടറി | 01-04-2021 | 30-04-2021 |
| ശ്രീമതി ഷീബ സ്റ്റീഫൻ | സെക്രട്ടറി | 03-05-2021 | 30-06-2021 |
| ശ്രീ ഹരി ജി എസ് | സെക്രട്ടറി | 06-07-2021 | 28-09-2021 |
| ശ്രീ എം ജയകുമാർ | സെക്രട്ടറി | 29-09-2021 | 21-12-2021 |
| ശ്രീമതി സുനിമോൾ എസ് | സെക്രട്ടറി | 22-12-2021 | 31-03-2022 |

നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി ബീന സി വി | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2021 | 04-01-2022 |
| ശ്രീമതി രഞ്ജിനി | അസിസ്റ്റന്റ് സെക്രട്ടറി | 10-01-2022 | 31-03-2022 |
| ശ്രീ ദീപക് എസ് ആർ | അസിസ്റ്റന്റ് എഞ്ചിനിയർ | 01-04-2021 | 27-01-2022 |
| ശ്രീ ഷാരോൺ ബിൻ റഷീദ് | അസിസ്റ്റന്റ് എഞ്ചിനിയർ | 28-01-2022 | 31-03-2022 |
| ഡോ എസ് അനിതകുമാരി | മെഡിക്കൽ ഓഫീസർ , ആയുർവേദം | 01-04-2021 | 31-05-2021 |
| ഡോ കുമാരി രജനി | മെഡിക്കൽ ഓഫീസർ , ആയുർവേദം | 01-06-2021 | 31-03-2022 |
| ഡോ രഞ്ജിത്ത് ആർ | വെറ്ററിനറി സർജൻ | 01-04-2021 | 31-03-2022 |
| ശ്രീമതി ഷീബ എൽ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ I | 01-04-2021 | 31-03-2022 |
| ശ്രീമതി ദീപ എസ് | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ II | 01-04-2021 | 01-07-2021 |
| ശ്രീമതി രമ്യ എൻ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ II | 02-07-2021 | 31-03-2022 |
| ശ്രീ എസ് ജയകുമാർ | കൃഷി ഓഫീസർ | 01-04-2021 | 31-03-2022 |
| ശ്രീമതി അനശ്രീ എ എസ് | ICDS സൂപ്പർവൈസർ | 01-04-2021 | 31-03-2022 |
| ഡോ ശുഭ എ പി | മെഡിക്കൽ ഓഫീസർ , ഹോമിയോപ്പതി | 01-04-2021 | 31-03-2022 |
| ഡോ പി അർ മനോജ് കുമാർ | മെഡിക്കൽ ഓഫീസർ, PHC | 01-04-2021 | 31-03-2022 |

| | | | |
|---|---|---|---|
| ശ്രീമതി റാണിചിത്ര .എൻ.ആർ | ഹെഡ്മിസ്ട്രസ്സ് | 01-04-2021 | 30-11-2021 |
| കുമാരി കെ.എൽ. മിനി | ഹെഡ്മിസ്ട്രസ്സ് | 01-12-2021 | 31-03-2022 |
| ശ്രീമതി സോഫിയ എസ്.എസ് | ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2021 | 31-03-2022 |

ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | ഗ്രാന്റ് വിനിയോഗം. | 1-3 |
| 4 | പദ്ധതി അവലോകനം | 1-4 |
| 5 | ക്ഷേമ പദ്ധതികൾ. | 1-5 |
| 6 | സാമൂഹ്യ സുരക്ഷാ പെൻഷൻ - മരണശേഷവും പെൻഷൻ നൽകിയിരിക്കുന്നു. സർക്കാരിന് നഷ്ടം 134400/-രൂപ | 1-5-1 |
| 7 | ക്യാഷ് ബാലൻസ് പരിശോധന | 1-6 |
| 8 | ആഭ്യന്തരനിയന്ത്രണം | 1-7 |
| 9 | തൊഴിലുറപ്പ് പദ്ധതി. | 1-8 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിശദാംശങ്ങൾ | 1-9 |
| 11 | തൊഴിൽ നികുതി ഈടാക്കിയതിലെ അപാകങ്ങൾ | 1-10 |
| 12 | ലേല നടപടികൾ കൂടുതൽ കാര്യക്ഷമമാക്കേണ്ടതാണ് | 1-11 |
| 13 | ട്രേഡേഴ്സ് ലിസ്റ്റ് കാലികമാക്കി സൂക്ഷിച്ചിട്ടില്ല | 1-12 |
| 14 | കല്യാണ മണ്ഡപങ്ങൾ ലൈസൻസ് ഇല്ലാതെ പ്രവൃത്തിക്കുന്നു | 1-12-1 |
| 15 | വസ്തുനികുതി -അപാകങ്ങൾ | 1-13 |
| 16 | അസിസ്റ്റന്റ് സെക്രട്ടറി നടപ്പിലാക്കിയ വനിതകൾക്ക് തൊഴിലവസരസൃഷ്ടി പദ്ധതി - രേഖകളുടെ അഭാവത്തിൽ 380000/-രൂപയുടെ ചെലവ് തടസ്സം | 1-14 |
| 17 | കന്നുകുട്ടി പരിപാലനം -712500/-രൂപയുടെ ചെലവ് തടസ്സം | 1-15 |
| 18 | സ്വകാര്യവ്യക്തിയുടെ സ്ഥലത്ത് അനധികൃതനിർമ്മാണം - പദ്ധതിപ്പണം പാഴായി | 1-16 |
| 19 | വിനിയോഗസാക്ഷ്യപത്രം ലഭ്യമല്ല – 1838024/- രൂപ ചെലവ് തടസ്സപ്പെടുത്തുന്നു | 1-17 |
| 20 | വൃദ്ധർക്ക് കട്ടിൽ വിതരണം – നടപടിക്രമം പാലിക്കാതെ കൂടുതൽ തുകയുടെ ടെൻഡർ അംഗീകരിച്ചു. 467400 രൂപയുടെ പദ്ധതി ചെലവ് തടസ്സം ചെയ്യുന്നു | 1-18 |
| 21 | ഗുണഭോക്താക്കൾക്ക് അനുവദിക്കുന്ന ഗഡുക്കൾ സംബന്ധമായ വിവരങ്ങൾ രേഖപ്പെടുത്തിയിരിക്കുന്നതിൽ അവ്യക്തത | 1-19 |
| 22 | പിരിച്ചെടുത്ത ഗുണഭോക്തൃ വിഹിതം ചെലവഴിക്കാതെ 100% തുകയും വികസനഫണ്ടിൽ നിന്നും ചെലവഴിച്ചു | 1-20 |
| 23 | സുഭിക്ഷ കേരളം -വീട്ടുവളപ്പിലെ മത്സ്യകൃഷി - പദ്ധതി തുക അധികം | 1-21 |

| | | |
|---|---|---|
| | ചെലവഴിച്ച | |
| 24 | ഹോമിയോ മരുന്ന വാങ്ങൽ പദ്ധതികൾ-ചെലവഴിച്ച മുഴുവൻ തുകയും മരുന്ന് ലഭ്യമായില്ല. 290937/-രൂപയുടെ ചെലവ് ഓഡിറ്റ് തടസ്സം ചെയ്യുന്നു. | 1-22 |
| 25 | ദുരിതാശ്വാസനിധി രൂപീകരിച്ചിട്ടില്ല | 1-23 |
| 26 | ആസ്തി രജിസ്റ്റർ കാലികമാക്കേണ്ടതാണ് | 1-24 |
| 27 | റോഡ് കണക്റ്റിവിറ്റി പ്ലാൻ, മാപ്പ് എന്നിവ തയ്യാറാക്കിയിട്ടില്ല | 1-25 |
| 28 | സ്പിൽ ഓവർ പ്രവൃത്തികൾ തൻവർഷവും പൂർത്തീകരിച്ചിട്ടില്ല | 1-26 |
| 29 | തെരുവുവിളക്ക് - ഉപകരണങ്ങൾ വാങ്ങലും അറ്റകുറ്റപണികൾക്കുമായുള്ള പദ്ധതി നിർവ്വഹണം | 1-27 |
| 30 | പ്രൊക്യൂർമെന്റ് കമ്മിറ്റി ചുമതലകൾ നിറവേറ്റുന്നില്ല | 1-28 |
| 31 | ടെണ്ടർ ഫാറം വില പഞ്ചായത്തിൽ ഒടുക്കു വരുത്തേണ്ടതാണ്. | 1-29 |
| 32 | എസ്റ്റിമേറ്റുകൾ വ്യാപകമായി റിവൈസ് ചെയ്യുന്നു | 1-30 |
| 33 | കാർഷികകർമ്മസേന പദ്ധതി -മാർഗരേഖയ്ക്ക് വിരുദ്ധമായി ചെലവ് ചെയ്ത 20000/- രൂപ നിരാകരിക്കുന്നു | 1-31 |
| 34 | ലക്ഷം വീട് മെയിന്റനൻസ്- അധികം നൽകിയ 25000/ രൂപ നിരാകരിക്കുന്നു | 1-32 |
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| 1 | ലക്ഷം വീട് മെയിന്റനൻസ്- അധികം നൽകിയ 25000/ രൂപ നിരാകരിക്കുന്നു | 3-1 |
| 2 | കാർഷികകർമ്മസേന പദ്ധതി -മാർഗരേഖയ്ക്ക് വിരുദ്ധമായി ചെലവ് ചെയ്ത 20000/- രൂപ നിരാകരിക്കുന്നു | 3-2 |
| ഭാഗം **4** | | |
| 1 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം. | 4-1 |
| 2 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ. | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ. | 4-3 |
| 4 | വായ്പാ/വായ്പാ തിരിച്ചടവ് | 4-4 |
| 5 | സ്ഥിര നിക്ഷേപങ്ങൾ | 4-5 |
| 6 | ഓഡിറ്റ് റിക്കവറി. | 4-6 |
| 7 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട് ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-7 |
| 8 | ചാർജ് സർചാർജ് നടപടികളുടെ വിവരം | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-10 |

| അനുബന്ധം | |
|---|---|
| 1 | ഓഡിറ്റ് സാക്ഷ്യപത്രം |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം |

# ഭാഗം -1
# പൊതു അവലോകനം

## 1-1 ബജറ്റ്

1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട് 175(1) വകുപ്പ് പ്രകാരം ഗ്രാമപഞ്ചായത്ത് ഓരോ വർഷാവസാനത്തിനു മുൻപും അടുത്ത വർഷത്തേക്കുള്ള വാർഷിക വികസന പദ്ധതി തയ്യാറാക്കേണ്ടതും വകുപ്പ് 214(1) പ്രകാരം ആയത് ബജറ്റിൽ ഉൾക്കൊള്ളിക്കേണ്ടതുമാണ്. സ.ഉ(സാധാ)നം.3291/2016/ തസ്വഭവ തിയ്യതി 02.12.2016 ഉത്തരവ് പ്രകാരം അംഗീകരിച്ച 'കേരളത്തിലെ ഗ്രാമപഞ്ചായത്തുകൾക്ക് ബഡ്ജറ്റ് തയ്യാറാക്കുന്നതിനുള്ള മാന്വൽ' അനുസരിച്ച് സർക്കാർ അതതു സമയങ്ങളിൽ പുറപ്പെടുവിക്കുന്ന പദ്ധതി നിർദ്ദേശങ്ങൾക്ക് വിധേയമായി വാർഷിക വികസന പദ്ധതി തയ്യാറാക്കേണ്ടതാണ്. അംഗീകരിക്കപ്പെട്ട പദ്ധതി നിർദ്ദേശങ്ങൾ ബജറ്റിന്റെ ഭാഗമാക്കേണ്ടതാണ്. പദ്ധതിയേതര നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതും ക്രോഡീകരിക്കുന്നതും ബജറ്റ് തയ്യാറാക്കലും സംബന്ധിച്ച് മാന്വൽ പ്രകാരം പാലിക്കേണ്ട നടപടി/ സമയക്രമങ്ങൾ നിശ്ചയിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്തിന്റെ 2021-22 വാർഷിക ബജറ്റ് 18.02.21 ലെ ½ നമ്പർ തീരുമാനം പ്രകാരം അംഗീകരിച്ചു.

### 1-1-1 ബജറ്റ് സംക്ഷിപ്തം ചുവടെ ചേർക്കുന്നു

| | |
|---|---|
| മുന്നിരിപ്പ് | 24881354 |
| വരവ് | 187544000 |
| ആകെ | 212425354 |
| ചെലവ് | 179635000 |
| നീക്കിയിരിപ്പ് | 32790354 |

ബജറ്റ് നിയന്ത്രണത്തിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി, സെക്രട്ടറി, അക്കൗണ്ടന്റ് എന്നിവരുടെ ചുമതല വളരെ പ്രധാനപ്പെട്ടതാണ്. സ്ഥാപനത്തിന്റെ സാമ്പത്തിക അച്ചടക്കത്തിന്റെ ആണിക്കല്ലായ ബജറ്റിൽ എല്ലാ വരവ്-ചെലവിനങ്ങളും ഉൾപ്പെട്ടുവെന്നും ലഭ്യമാകുവാനുള്ള എല്ലാ തുകകളും ലഭ്യമായെന്നും ഉറപ്പാക്കേണ്ടത് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയാണ്. അലോട്ട്മെന്റുകൾ നൽകുമ്പോൾ ആയത് ബജറ്റിന് അനുസൃതമാണെന്ന് അക്കൗണ്ടന്റും സെക്രട്ടറിയും ഉറപ്പാക്കേണ്ടതാണ്.

2021-22 വർഷത്തെ ബജറ്റ് പ്രകാരമുള്ള വരവും ചെലവും വാർഷിക കണക്ക് പ്രകാരമുള്ള യഥാർത്ഥ വരവും ചെലവും തമ്മിൽ ഭീമമായ അന്തരം ഉള്ളതായി കാണുന്നു. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| വിവരം | ബജറ്റ് പ്രകാരം | യഥാർത്ഥ തുക |
|---|---|---|
| പ്രാരംഭ ബാക്കി | 24881354 | 15922612 |
| തൻവർഷം വരവ് | 187544000 | 112419213 |
| ആകെ വരവ് | 212425354 | 128341825 |
| ചെലവ് | 179635000 | 113166646 |
| നീക്കിയിരിപ്പ് | 32790354 | 15175179 |

### 1-1-2 ബജറ്റ് പ്രൊപ്പോസൽ

സെക്രട്ടറി ബജറ്റ് രൂപീകരണത്തിന് മുന്നോടിയായി നോൺപ്ലാൻ വരവ് ചെലവുകളുടെ കരട് പ്രപ്പോസൽ ഘടക സ്ഥാപനങ്ങളിൽ നിന്നും ആവശ്യപ്പെടണം. അതനുസരിച്ച് നോൺപ്ലാൻ വരവ് ചെലവുകളുടെ കരട് പ്രപ്പോസലുകൾ ഘടകസ്ഥാപനങ്ങൾ സമർപ്പിക്കേണ്ടതാണ്. എന്നാൽ ബജറ്റ് പ്രൊപ്പോസൽ, ബജറ്റ് ഫയൽ എന്നിവ ലഭ്യമാക്കിയില്ല. ആയതിനാൽ നിർവ്വഹണ ഉദ്യോഗസ്ഥർ പ്രൊപ്പോസലുകൾ സമർപ്പിച്ചിട്ടുണ്ടോ എന്ന് വ്യക്തമല്ല. ആയതിനാൽ എല്ലാ ഘടക സ്ഥാപനങ്ങളുടെ നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിലല്ല ബജറ്റ് തയ്യാറാക്കിയിട്ടുള്ളത് എന്ന് വ്യക്തമാകുന്നു.

### 1-1-3 ബഡ്ജറ്റ് രൂപീകരണം സംബന്ധിച്ച്

വിവിധ സ്റ്റാന്റിംഗ് കമ്മറ്റികളുടെ മിനിട്ടിസ് പരിശോധിച്ചതിൽ ക്രോഡീകരണത്തിനായി വിവിധ സ്റ്റാന്റിംഗ് കമ്മറ്റികൾ യോഗം ചേർന്നതിന്റെ രേഖകൾ ലഭ്യമായില്ല. സ.ഉ(സാധാ)നം.3291/2016/തസ്വഭവ തീയതി 02.12.2016 പ്രകാരമുള്ള ഗ്രാമപഞ്ചായത്തുകളുടെ ബജറ്റ് മാന്വൽ അനുസരിച്ച് പദ്ധതിയേതര നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിനും ക്രോഡീകരിക്കുന്നതിനും ബജറ്റ് തയ്യാറാക്കുന്നതിനും സമയക്രമം നിശ്ചയിച്ചിട്ടുണ്ട്. എന്നാൽ ബജറ്റ് തയ്യാറാക്കുന്നതുമായി ബന്ധപ്പെട്ട് വിവിധ നടപടിക്രമങ്ങൾ പാലിക്കുന്നതിൽ വീഴ്ച വരുത്തിയതായി കാണുന്നു. നിയമം

അനുശാസിക്കും വിധം സമയ പരിധിയോടെ ബഡ്ജറ്റ് നടപടിക്രമങ്ങൾ പാലിക്കുന്നതിനും, ബന്ധപ്പെട്ട ഫയൽ കൃത്യതയോടെ തയ്യാറാക്കി സൂക്ഷിക്കുന്നതിനും, മേൽ അപാകതകൾ പരിഹരിക്കുന്നതിനും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

1-1-4 പ്രധാന രേഖകൾ ബജറ്റ് ഡോക്യുമെന്റ് ആയി പ്രത്യേകം ഫയലിൽ സൂക്ഷിച്ചിട്ടില്ല

02.12.2016 ലെ ജി.ഒ(ആർ.റ്റി) നം. 3291/16/ എൽ.എസ്.ജി.ഡി ഉത്തരവ് പ്രകാരം പാസാക്കിയ ഗ്രാമപഞ്ചായത്തുകളുടെ ബജറ്റ് സംബന്ധിച്ച ഫിനാൻസ് മാനേജ്മെന്റ് മാന്വൽ ഖ.3.1(ii) പ്രകാരം വാർഷിക ബജറ്റുമായി ബന്ധപ്പെട്ട് താഴെപ്പറയുന്ന പ്രധാന രേഖകൾ ബജറ്റ് ഡോക്യുമെന്റ് ആയി പ്രത്യേകം ഫയലിൽ സൂക്ഷിക്കേണ്ടതുണ്ട്.

1. ബജറ്റ് പ്രസംഗം

2. ബജറ്റ് കുറിപ്പുകൾ

ബജറ്റുമായി ബന്ധപ്പെട്ട ഫയലിൽ പ്രസ്തുത രേഖകൾ ഉൾപ്പെട്ടിട്ടില്ല.

1-1-5 ബജറ്റ് അവലോകനം സംബന്ധിച്ച്

*പ്രതിമാസ അവലോകനം

02.12.2016 ലെ ജി.ഒ(ആർ.റ്റി) നം. 3291/16/എൽ.എസ്.ജി.ഡി ഉത്തരവ് പ്രകാരം ഗ്രാമപഞ്ചായത്തുകളുടെ ബജറ്റ് സംബന്ധിച്ച ഫിനാൻസ് മാനേജ്മെന്റ് മാന്വൽ സർക്കാർ അംഗീകരിക്കുകയുണ്ടായി. ആയത് പ്രകാരം എല്ലാ നിർവ്വഹണ ഉദ്യോഗസ്ഥരും എല്ലാ മാസവും 5-ാം തീയതിയ്ക്ക് മുൻപായി മാസം തോറുമുള്ള അവലോകന റിപ്പോർട്ടും വിനിയോഗ സാക്ഷ്യപത്രവും ഹാജരാക്കേണ്ടതും, അതിന്റെ അടിസ്ഥാനത്തിൽ പട്ടിക 4-1, 4-2 എന്നിവ പ്രകാരം വരുമാനവും ചെലവും സംബന്ധിച്ച് മാസം തോറുമുള്ള അവലോകന റിപ്പോർട്ട് സെക്രട്ടറി ഗ്രാമപഞ്ചായത്തിന്റെ ഫിനാൻസ് സ്റ്റാന്റിംഗ് കമ്മിറ്റി മുമ്പാകെ സമർപ്പിക്കേണ്ടതും, എല്ലാ മാസവും 10-ാം തീയതിക്ക് മുൻപായി ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി മാസം തോറുമുള്ള അവലോകനം നിർവ്വഹിക്കേണ്ടതായിട്ടുണ്ട്. പ്രസ്തുത അവലോകനത്തിന്റെ അടിസ്ഥാനത്തിൽ വിഭവ സമാഹരണത്തിന്റെയും ചെലവിന്റെയും പുരോഗതി സംബന്ധിച്ച പുരോഗതി റിപ്പോർട്ട് (മേൽ മാതൃകയിൽ) ഗ്രാമപഞ്ചായത്തിൽ സമർപ്പിക്കേണ്ടതും ആയത് ഒരു അജണ്ടയാക്കി ഗ്രാമപഞ്ചായത്ത് മീറ്റിംഗിൽ ചർച്ചയ്ക്ക് വിധേയമാക്കേണ്ടതുമാണ്. കൂടാതെ പ്രസിഡന്റ് മാസം തോറും നിർവ്വഹണ ഉദ്യോഗസ്ഥരുടെ ഒരു യോഗം കൂടേണ്ടതും നിർവ്വഹണ പുരോഗതി വിലയിരുത്തേണ്ടതും അടുത്ത മാസത്തെ പ്രവർത്തന പദ്ധതി ചർച്ച ചെയ്യേണ്ടതുമാണ്. മാസം തോറുമുള്ള അവലോകനം സെക്രട്ടറി ഏകോപിക്കേണ്ടതുമാണ്. [ബജറ്റ് മാന്വൽ ഖണ്ഡിക 4-4].

*വാർഷിക അവലോകനം

02.12.2016 ലെ ജി.ഒ(ആർ.റ്റി) നം. 3291/16/എൽ.എസ്.ജി.ഡി ഉത്തരവ് പ്രകാരം മേൽ വിവരിച്ച ഒരു മാതൃകയിൽ വരുമാനം/ചെലവ് സംബന്ധിച്ച വാർഷിക വിവരങ്ങൾ തയ്യാറാക്കി എല്ലാ വർഷവും ഏപ്രിലിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഒരു വാർഷിക അവലോകനം നിർവ്വഹിക്കേണ്ടതും തുടർന്ന് സ്റ്റാന്റിംഗ് കമ്മിറ്റി ശുപാർശകൾ സഹിതം വാർഷിക അവലോകന റിപ്പോർട്ട് ഗ്രാമപഞ്ചായത്ത് മുമ്പാകെ അവതരിപ്പിക്കേണ്ടതാണെന്ന് ബജറ്റ് മാന്വൽ ഖണ്ഡിക 4-5 വ്യക്തമാക്കുന്നു. പ്രതിമാസമുള്ളതും, വാർഷികവുമായ റിപ്പോർട്ടുകൾ പരിഗണിച്ച് ധനസമാഹരണം സംബന്ധിച്ചും സെക്രട്ടറി അടക്കമുള്ള നിർവ്വഹണ ഉദ്യോഗസ്ഥർക്ക് ആവശ്യമായ തുടർനിർദ്ദേശം ഗ്രാമപഞ്ചായത്ത് നൽകേണ്ടതാണെന്ന് ബജറ്റ് മാന്വൽ ഖണ്ഡിക 4-5(xi) വ്യക്തമാക്കുന്നു. എന്നാൽ ഇത്തരത്തിൽ അവലോകനങ്ങൾ നടത്തിയിട്ടില്ല.

1.1.6 ബജറ്റിൽ വകയിരുത്തലും ചെലവും

വിവിധ ഇനം ചെലവുകൾക്കായി ബജറ്റിൽ വകയിരുത്തുന്ന തുകകൾ ചെലവഴിക്കാതിരിക്കുകയും, വകയിരുത്തിയതിനെക്കാൾ ചെലവഴിക്കുകയും, വകയിരുത്താതെ ചെലവഴിക്കുന്ന സാഹചര്യങ്ങളും ഉണ്ടായിട്ടുണ്ട്. ഭരണസമിതി തീരുമാനം 3/1 തീയതി. 09.03.22 പ്രകാരം ബജറ്റ് റിവൈസ് ചെയ്തിട്ടുണ്ട്.

| ബജറ്റ് കോഡ് | ഇനം | ബജറ്റിൽ വകയിരുത്തിയ തുക | വാർഷിക ധനകാര്യ പത്രിക പ്രകാരമുള്ള തുക |
|---|---|---|---|
| 2102001 | Travelling Allowance | 300000 | ഇല്ല. |
| 2102005 | Travelling Allowance For Elected Representatives | 300000 | ഇല്ല. |
| 2206001 | Advertisement And Publicity | 100000 | ഇല്ല. |
| 2303001 | Consumption Of Stores | ഇല്ല. | |

| | | | |
|---|---|---|---|
| 2305001 | Repairs And Maintenance-infrastructure Assets-Buildings | 50000 | ഇല്ല. |
| 2305002 | Repairs And Maintenance-infrastructure Assets-Roads | 25000 | ഇല്ല. |
| 2305007 | Repairs And Maintenance-Electricity | 50000 | ഇല്ല. |
| 2305008 | Repairs And Maintenance-Waste Treatment | 10000 | ഇല്ല. |
| 2308001 | Other Operating And Maintenance Expenses | 200000 | 545687 |

ഇതുമായി ബന്ധപ്പെട്ട പരാമർശങ്ങൾ ഓഡിറ്റ് അന്വേഷണം 20/2022 തീയതി : 28.11.2022 പ്രകാരം ബോധ്യപ്പെടുത്തിയിരുന്നു. അപാകതകൾ ഭാവിയിൽ ഒഴിവാക്കി ബജറ്റ് തയ്യാറാക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കി. ബജറ്റ് രൂപീകരണം സംബന്ധിച്ച നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്.

## 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31-07-2021 | 21-08-2022 |

### 1-2-1 ധനകാര്യപത്രിക പരിശോധനയിലെ പരാമർശങ്ങൾ

**1. വരവിനേക്കാൾ ചെലവ് കൂടി നിൽക്കുന്നു.**

ഇൻകം &എക്സ്പെൻഡിച്ചർ പത്രിക പ്രകാരം ആകെ വരവ് 154551666/- രൂപയും ആകെ ചെലവ് 162496316/- രൂപയും ആണ്. അക്കൗണ്ട് പ്രകാരം 7944650/- രൂപ കമ്മിയായി കാണുന്നു. പരിശോധിച്ച് ക്രമീകരിക്കുന്നതാണെന്ന മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

**2. ക്ഷേമ പദ്ധതി വിവരങ്ങൾ രസീത് ചെയ്യുന്നില്ല.**

സെക്രട്ടറിയുടെ ബിൽബുക്ക് പ്രകാരം 167040/-രൂപ തൊഴിലില്ലായ്മ വേതനം ഇനത്തിലും 30000/- രൂപ വിവാഹ ധനസഹായം ഇനത്തിലും ചെലവഴിച്ചിട്ടുണ്ട്. എന്നാൽ ഇവ റസീറ്റ് & പേയ്മെന്റ് ഷെഡ്യൂളിൽ ചേർത്തിട്ടില്ല. ഇത്തരം അപാകതകൾ ഭാവിയിൽ ഒഴിവാക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കി.

**3. ഗുണഭോക്തൃ വിഹിതം ചെലവ് രേഖപ്പെടുത്തുന്നതിൽ അപാകത.**

ഗുണഭോക്തൃ വിഹിതം ഇനത്തിൽ ആകെ 1016225/-രൂപ ആകെ വരവുണ്ട്.ഇതിൽ ഡയറി ഫാം ഇൻസ്ട്രക്ടർ നിർവഹണം നടത്തിയ 999545/-രൂപ അതേ വർഷം തന്നെ പദ്ധതി നം 92/22 പ്രകാരം ചെലവഴിച്ചിട്ടുണ്ട്.എന്നാൽ ബാധ്യതാ ഹെഡിൽ നിന്നും പ്രസ്തുത തുക ഒഴിവാക്കിയിട്ടില്ല.ഈ തുക ചെലവഴിച്ച ഫണ്ട് സംബന്ധിക്കുന്ന വിവരം ലഭ്യമാക്കേണ്ടതാണ്. കൂടാതെ വി.ഇ.ഒ.നിർവഹിച്ച പദ്ധതി നം 138/22 പ്രകാരം 10% തുക ഗുണഭോക്തൃ വിഹിതം ഇനത്തിൽ ചെലവഴിക്കേണ്ടതായിരുന്നു. ഈയിനത്തിൽ പിരിച്ച തുക ബാധ്യതയായി നിൽക്കുന്നു.78 ഗുണഭോക്താക്കൾക്കായി 100% സബ്സിഡി ധനകാര്യകമ്മിഷൻ ഗ്രാന്റിൽ നിന്നും ചെലവഴിച്ചിരിക്കുന്നു. അപാകത പരിശോധിച്ച് ക്രമീകരിക്കുന്നതാണെന്ന് സെക്രട്ടറി അറിയിച്ചിട്ടുണ്ട്. തുടർ നടപടി വിവരങ്ങൾ റിപ്പോർട്ട് ചെയ്യേണ്ടതാണ്.

**4. എം.എൻ.ആർ.ഇ.ജി.എസ്സ്. ആകെ വരവ് അഡ്മിൻ വരവ് എന്നിവയുടെ വിവരങ്ങൾ ക്രമീകരിക്കേണ്ടതാണ്.**

എം.എൻ.ആർ.ഇ.ജി.എസ്സ്. ആകെ അഡ്മിൻ വരവ് മുന്നിരിപ്പ് ഉൾപ്പെടെ 1652502/- ആണ്. റസീറ്റ് & പേയ്മെന്റ് ഷെഡ്യൂളിൽ ചെലവ് 1022954/- ആണ്. ആയതിൻ പ്രകാരം വരേണ്ട നീക്കിയിരിപ്പ് തുക 629548/-ആണ്. എന്നാൽ ധനകാര്യ പത്രിക പ്രകാരം നീക്കിയിരിപ്പ് 639787/- ആണ്. അപാകത പരിശോധിച്ച് ക്രമീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

**5. ക്യാഷ് അടിസ്ഥാനത്തിൽ വരവുള്ള ഇനങ്ങളിലെ പൊരുത്തക്കേട്.**

ക്യാഷ് അടിസ്ഥാനത്തിൽ വരവുള്ള Penalties And Fines (140200199) ഇനത്തിൽ ഇൻകം & എക്സ്പെൻഡിച്ചർ പ്രകാരം വരവ് 473/- രൂപയും റസീറ്റ് & പേയ്മെന്റ് ഷെഡ്യൂളിൽ വരവ് 136/- ആണ്. ക്യാഷ് അടിസ്ഥാനത്തിൽ വരവുള്ള Interest From Bank Accounts ഇനത്തിലെ വരവ് ഇൻകം & എക്സ്പെൻഡിച്ചർ പ്രകാരം 328170/- ഉം റസീറ്റ് & പേയ്മെന്റ് ഷെഡ്യൂൾ പ്രകാരം 333193/- ഉം ആണ്. ഇത് ധനകാര്യ പത്രിക തയ്യാറാക്കിയപ്പോൾ സംഭവിച്ച പിഴവാണെന്നും

ഭാവിയിൽ അപാകതകൾ ഒഴിവാക്കുന്നതാണെന്നും മറുപടി ലഭ്യമാക്കി.

6. ബാധ്യതാ തുക സംബന്ധിക്കുന്ന വിവരങ്ങൾ ലഭ്യമാക്കിയില്ല.

Grants Funds &Contributions For Specific Purposes (320200399) ഇനത്തിൽ 2095500/- രൂപയും Grants Funds & Contributions For Specific Purposes (320300199) ഇനത്തിൽ 6146286/- രൂപയും വരവുണ്ട്. ഇവ സംബന്ധിക്കുന്ന വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്. പ്രസ്തുത ഫണ്ടുകളുടെ എ.സി.ആർ സൂക്ഷിക്കുന്നുണ്ടെങ്കിൽ ലഭ്യമാക്കേണ്ടതാണ്. ആയത് പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല.

7. Grant From Financial Institutions-(320400199) വിവരങ്ങളിൽ പൊരുത്തക്കേട്

ഈയിനത്തിൽ മുന്നിരിപ്പായി ഉണ്ടായിരുന്ന തുക 847003/- രൂപയാണ്. തൻ വർഷം ഈയിനത്തിൽ വരവ് കാണുന്നില്ല. എന്നാൽ 1927003/- രൂപ നീക്കിയിരിപ്പായി കാണുന്നു. എന്നാൽ ഇവ പൊരുത്തപ്പെടുന്നില്ല. ഇതു സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ടിട്ടും മറുപടി ലഭ്യമാക്കിയില്ല.

8. RP-30-Other Liabilities (320100999) വിവരങ്ങളിൽ പൊരുത്തക്കേട്

ഈയിനത്തിൽ 206728/- രൂപ വരവ് കാണുന്നു. എന്നാൽ നീക്കിയിരിപ്പായി കാണിച്ചിരിക്കുന്ന തുക 1390371/- ആണ്. ഇവ പൊരുത്തപ്പെടുന്നില്ല. ഇതു സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ടിട്ടും മറുപടി ലഭ്യമാക്കിയില്ല.

9. വസ്തുനികുതി വിവരങ്ങൾ വാർഷിക ധനകാര്യപത്രിക പ്രകാരമുള്ളതും സഞ്ചയ പ്രകാരമുള്ളതും പരസ്പരം പൊരുത്തപ്പെടുന്നില്ല.

| ഇനം | - | ഡിമാന്റ് | കളക്ഷൻ | ബാലൻസ് |
|---|---|---|---|---|
| വസ്തുനികുതി-ഗാർഹികം-തൻവർഷം | സഞ്ചയ പ്രകാരമുള്ള തുക | 2023342 | 1286782 | 716180 |
| | എ.എഫ്.എസ്.പ്രകാരമുള്ള തുക | 2382333 | 1296872 | 1140250 |
| വസ്തുനികുതി-ഗാർഹികേതരം തൻവർഷം | സഞ്ചയ പ്രകാരമുള്ള തുക | 2382333 | 1657835 | 664230 |
| | എ.എഫ്.എസ്.പ്രകാരമുള്ള തുക | 2023342 | 1636454 | 406233 |
| വസ്തുനികുതി-ഗാർഹികം-അരിയർ | സഞ്ചയ പ്രകാരമുള്ള തുക | 1669423 | 539564 | 1133092 |
| | എ.എഫ്.എസ്.പ്രകാരമുള്ള തുക | 1699457 | 535924 | 1332756 |
| വസ്തുനികുതി-ഗാർഹികേതരം-അരിയർ | സഞ്ചയ പ്രകാരമുള്ള തുക | 1719253 | 932067 | 787786 |
| | എ.എഫ്.എസ്.പ്രകാരമുള്ള തുക | 1565530 | 926507 | 867707 |

വരും വർഷങ്ങളിൽ അപാകത പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കി.

10. അഡ്വാൻസ് വിവരങ്ങൾ പൊരുത്തപ്പെടുന്നില്ല.

*Festival Advance ഇനത്തിൽ മുന്നിരിപ്പ് 2000/- ഉം, ചെലവ് 1,00,000/-രൂപയുമാണ്. ഈയിനത്തിൽ 12000/-രൂപ തിരികെ ലഭിച്ചതായി കാണുന്നു. എ.എഫ്.എസ്. പ്രകാരം ഇനി ലഭിക്കാൻ തുക ബാക്കിയില്ല. വ്യത്യാസം വിശദീകരിക്കേണ്ടതാണ്.

* Advance To Others ഇനത്തിൽ മുന്നിരിപ്പ് ഉൾപ്പെടെ ആകെ ചെലവ് 1671071/- ആണ്. 1022871/- രൂപ തിരികെ ലഭിച്ചിട്ടുണ്ട്. ഇനി തിരികെ ലഭിക്കേണ്ടതായി കാണിച്ചിരിക്കുന്ന തുക 1190442/- രൂപയാണ്. വിവരങ്ങൾ പൊരുത്തപ്പെടുന്നില്ല.

*Advance To Implementing Officers ഇനത്തിൽ മുന്നിരിപ്പ് ഉൾപ്പെടെ ആകെ ചെലവ് 2956801/-ആണ്. ഈയിനത്തിൽ തുക തിരികെ ലഭിച്ചിട്ടില്ല. എന്നാൽ നീക്കിയിരിപ്പ് തുക 2984301/- ആണ്. വിവരങ്ങൾ പൊരുത്തപ്പെടുന്നില്ല.

*സെക്രട്ടറി നിർവഹണ ഉദ്യോഗസ്ഥനായി വിവിധ പദ്ധതികൾക്കായി ചെലവ് പത്രിക പ്രകാരം കേരളാ വാട്ടർ അതോറിറ്റിയിൽ ഡെപ്പോസിറ്റ് തുക 162010/- ആണ്. എന്നാൽ വാർഷിക ധനകാര്യപത്രിക പ്രകാരം ഇത് 1679810/- ആണ്. 37800/- രൂപയുടെ വ്യത്യാസം നിൽക്കുന്നു.

*പദ്ധതി നം 183/22 പ്രകാരം 489274/- രൂപയും പദ്ധതി നം 184/22 പ്രകാരം 911000/- രൂപയും കേരള ഗ്രൗണ്ട് വാട്ടർ അതോറിറ്റിക്ക് തൻവർഷം നൽകിയിട്ടുണ്ട്. എന്നാൽ ഈ വിവരങ്ങൾ വാർഷിക ധനകാര്യ പത്രികയിൽ ഉൾക്കൊള്ളിച്ചിട്ടില്ല.

തുടർ വർഷങ്ങളിൽ ധനകാര്യപത്രിക തയ്യാറാക്കുമ്പോൾ അഡ്വാൻസ് വിവരങ്ങൾ ക്രമീകരിക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കി.

11. കേന്ദ്ര ധനകാര്യകമ്മിഷൻ ഗ്രാന്റ് -വരവ്, ചെലവ്, നീക്കിയിരിപ്പ് വിവരങ്ങൾ പൊരുത്തപ്പെടുന്നില്ല.

*കേന്ദ്ര ധനകാര്യകമ്മിഷൻ ഗ്രാന്റ് -Untied ഇനത്തിൽ RP-7 പ്രകാരം 630924/- രൂപയും RP-30 പ്രകാരം 2132621/- രൂപയും വരവ് കാണിച്ചിരിക്കുന്നു. എന്നാൽ എ.സി.ആർ പ്രകാരം ചെലവ് 5012839/- രൂപയാണ്. വരവിനെക്കാൾ അധിക തുക ചെലവ് കാണിച്ചിരിക്കുന്നു.

*ബാലൻസ് ഷീറ്റ് പ്രകാരം കേന്ദ്ര ധനകാര്യകമ്മിഷൻ ഗ്രാന്റ് -Untied ഇനത്തിൽ 569229/- രൂപയും ധനകാര്യകമ്മിഷൻ ഗ്രാന്റ് - & Tied ഇനത്തിൽ 4550326/- രൂപയും ഉൾപ്പെടെ 5119555/- രൂപ നീക്കിയിരിപ്പായി ചേർത്തിട്ടുണ്ട്. എന്നാൽ പ്രസ്തുത അക്കൗണ്ടിൽ 4494689/- രൂപ മാത്രമാണ് നീക്കിയിരിപ്പ്. ഈ വ്യത്യാസം സംബന്ധിച്ചും കേന്ദ്ര ധനകാര്യകമ്മിഷൻ ഗ്രാന്റ് -Untied & Tied ഇനങ്ങളിലെ കൃത്യമായ വരവ് ലഭ്യമാക്കുവാനാവശ്യപ്പെട്ടും നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടിയായി, പി.എഫ്.എം.എസ്സിൽ ചില സാങ്കേതിക പ്രശ്നങ്ങൾ ഇപ്പോഴും നിലവിലുണ്ടെന്നും ഇ-ഗ്രാമ സ്വരാജിലെ വ്യത്യാസം കാരണമാണ് വാർഷിക ധനകാര്യപത്രികയിൽ ഉണ്ടായതെന്നും മറുപടി ലഭ്യമാക്കി.

12. മുൻ വർഷ ബാധ്യതകൾ തൻവർഷവും ചെലവഴിക്കാതെ ബാക്കിനിൽക്കുന്നു.

| ഹെഡ് | ഇനം | തുക |
|---|---|---|
| 320200207 | Fund For Transferred Institutions-Ayurveda Capital | 305503 |
| 320100199 | Grant For Kearalolsavam | 20000 |
| 320200399 | Grant,Funds&Contributions For Specific Purposes. | 62500 |
| 320300102 | Grant,Funds&Contributions For Specific Purposes-Jalanidhi | 10000 |
| 320300103 | Grant,Funds&Contributions For Specific Purposes-Total Sanitation | 2093911 |
| 320500101 | Grant,Funds&Contributions For Specific Purposes-Welfare Bodies-capital | 337652 |

പ്രസ്തുത ബാധ്യതാ തുകകൾ നാളിതുവരെയും ചെലവഴിക്കാത്തതിന് വിശദീകരണം ആവശ്യപ്പെട്ടിരുന്നു. തുകകൾ ക്രമീകരിക്കാനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കി.

13. ഡെപ്പോസിറ്റ് ഇനങ്ങളിൽ തൻവർഷവും മുൻബാധ്യതകൾ നിലനിൽക്കുന്നു.

| ഹെഡ് | ഇനം | ബാധ്യതയായി നിൽക്കുന്ന തുക |
|---|---|---|
| 340200102 | Auction Deposit | 69480 |
| 340200105 | Library Deposit | 1000 |
| 340200199 | Other Deposit | 25305 |

ഇവ ഏതു വർഷം ഡെപ്പോസിറ്റായി ലഭിച്ചവയാണെന്നും ഇവയിൽ കാലഹരണപ്പെട്ടവയെക്കുറിച്ചും സംബന്ധിച്ച് വിവരം ആവശ്യപ്പെട്ടിരുന്നു. ഇവ തനതുഫണ്ടിലേക്ക് മുതൽക്കൂട്ടാനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കി.

14. നികുതി-നികുതിയേതര വരുമാനം ഡി.സി.ബി.പരസ്പരം പൊരുത്തപ്പെടുന്നില്ല.

| ഇനം | ഡിമാന്റ് | കളക്ഷൻ | ബാലൻസ് | റിമാർക്ക്സ് |
|---|---|---|---|---|
| തൊഴിൽ നികുതി-ട്രേഡേഴ്സ്-അരിയർ | ഇല്ല | 5700 | ഇല്ല | ഡിമാന്റ് ഇല്ലാതെ കളക്ഷൻ വന്നിരിക്കുന്നു. |
| തൊഴിൽ നികുതി-സ്ഥാപനം-അരിയർ | ഇല്ല | 27500 | ഇല്ല | ഡിമാന്റ് ഇല്ലാതെ കളക്ഷൻ വന്നിരിക്കുന്നു. |
| ലൈസൻസ് ഫീസ്-അരിയർ | ഇല്ല | 9000 | ഇല്ല | ഡിമാന്റ് ഇല്ലാതെ കളക്ഷൻ വന്നിരിക്കുന്നു. |

ഇത് സംബന്ധിച്ച് വിവരം ആവശ്യപ്പെട്ടിരുന്നു. മറുപടി ലഭ്യമാക്കിയില്ല.

15. റിക്കൺസിലേഷൻ വിവരങ്ങൾ പൂർണമായും ലഭ്യമായില്ല.

ഓഡിറ്റിന് ലഭ്യമാക്കാത്തതും ലഭ്യമാക്കിയതിൽ പൊരുത്തക്കേടുള്ളതുമായ റിക്കൺസിലേഷൻ പത്രികകളെക്കുറിച്ചുള്ള വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ഹെഡ് | ബാങ്ക് | എ.എഫ്.എസ്. പ്രകാരമുള്ള | റിക്കൺസിലേഷൻ പത്രിക പ്രകാരമുള്ള |
|---|---|---|---|

| | | തുക | തുക |
|---|---|---|---|
| 450210102 | Co-Operative Bank (273) | 18945 | 25965 |
| 450210104 | TRY-TSB (OLD)-123 | 26020 | ലഭ്യമാക്കിയില്ല |
| 450210201 | Treasury (1775) | 1000000 | ലഭ്യമാക്കിയില്ല |
| 450220102 | Treasury (Old)-123 | 2828 | ലഭ്യമാക്കിയില്ല |

മേൽ സൂചിപ്പിച്ച അപാകതകൾ ഓഡിറ്റ് എൻക്വയറി നം 17, 18, 19, 21, 40 എന്നിവ പ്രകാരം സെക്രട്ടറിയെ ബോധ്യപ്പെടുത്തിയിട്ടുണ്ട്. വാർഷിക ധനകാര്യ പത്രികയിൽ വന്നിട്ടുള്ള അപാകതകൾ പരിഹരിക്കുന്നതാണെന്നും പരാമർശിത ഇനങ്ങളിലെ തുകകളിൽ ഉണ്ടായിട്ടുള്ള വ്യത്യാസങ്ങൾ ക്രമീകരിക്കുന്നതാണെന്നും മറുപടി ലഭ്യമാക്കി.

1-2-3-ILGMS-മായി ബന്ധപ്പെട്ട അപാകങ്ങളുടെ സംക്ഷിപ്തം.

ഗ്രാമപഞ്ചായത്തിൽ 06.09.2021 ൽ ആണ് ILGMS നിലവിൽ വരുന്നത്. പഞ്ചായത്തിന്റെ നിലവിൽ സാംഖ്യാ സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയിരുന്ന വാർഷിക ധനകാര്യ പത്രിക 05-09-21 തീയതി മുതൽ ILGMS എന്ന ഇന്റഗ്രേറ്റഡ് സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയിരിക്കുകയാണ്. ഇന്റഗ്രേഷൻ നടത്തിയ തീയതിയിലെ CB-യും ILGMS-ൽ പ്രവേശിച്ച തീയതിയിലെ OB-യും (ട്രയൽ ബാലൻസ്) വിവിധ അക്കൗണ്ട് ഹെഡുകളുടെ പൊരുത്തവും പരിശോധിച്ചതിൽ താഴെ പറയുന്ന അപാകങ്ങൾ കണ്ടെത്തിയിട്ടുണ്ട്.

1. വിവിധ അക്കൗണ്ട് ഹെഡുകൾ പൊരുത്തപ്പെടുന്നില്ല. 2020-21 ൽ സാംഖ്യയിൽ നിലവിൽ ഉണ്ടായിരുന്ന ഹെഡുകൾ പലതും 2021-22 ൽ വ്യത്യാസപ്പെട്ടിരിക്കുന്നു. കൂടാതെ RP പ്രകാരം ചെലവിനങ്ങളുടെ ഹെഡുകളിലും ഹെഡുകൾ കൂടി ചേർത്തിട്ടുണ്ട്.

2. ഹെഡുകൾ പലതായി തരംതിരിക്കപ്പെട്ടിരിക്കുന്നു.

ഉദാ :- 2020-21 ലെ AFS പ്രകാരം B11 Fixed Assets എന്നത് -

B11 (C) Capital Expenses Production Sector

B11 (D) Capital Expenses Service Sector

B11 (E) Capital Expenses Infrastructure Sector

എന്നിങ്ങനെ മൂന്ന് സബ് ഷെഡ്യൂളുകളായി തിരിച്ചിരിക്കുന്നു. തുകകൾ പൊരുത്തപ്പെടുത്തുന്ന റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല.

3. 2020-21 B9 ഷെഡ്യൂളിൽ 320160999 എന്ന Head (Other Liabilities) B4-ലേക്ക് മാറിയിട്ടുണ്ട്.

4. 2020-21 B17 ഷെഡ്യൂളിൽ വ്യത്യസ്ത Account Head-കളിൽ നിലനിന്നിരുന്ന ബാങ്ക് അക്കൗണ്ടുകൾ 2020-21-ലെ AFS-ൽ അക്കൗണ്ട് ഹെഡുകൾ മാറുകയും വ്യത്യസ്ത അക്കൗണ്ട് ഹെഡുകളിൽ നിലനിന്നിരുന്ന തുകകൾ ട്രയൽ ബാലൻസിൽ ഒരുമിച്ചും ബാലൻസ് ഷീറ്റിൽ ഒരേ ഹെഡിൽ തന്നെ പ്രത്യേകം സബ്ഹെഡുകളായി കാണിച്ചിരിക്കുന്നു. ആകെ തുക വ്യത്യാസപ്പെടുന്നില്ല.

5. 2020-21 ൽ നിലനിന്നിരുന്ന പല അക്കൗണ്ട് ഹെഡുകളും 2021-22 ൽ വ്യത്യാസപ്പെടുകയോ കൂട്ടിച്ചേർക്കപ്പെടുകയോ ചെയ്തിട്ടുണ്ട്.

അക്കൗണ്ട് ഹെഡുകളുമായി ബന്ധപ്പെട്ട മേൽപ്പറഞ്ഞ പൊരുത്തക്കേടുകൾ സ്ഥാപനത്തിന്റെ വാർഷിക ധനകാര്യ പത്രികയുടെ കൃത്യവും പൂർണവുമായ ഓഡിറ്റിന് തടസ്സമായിട്ടുണ്ട്. ഇ-സബ്മിറ്റ് ചെയ്യപ്പെട്ട അക്കൗണ്ട്സും ILGMS-ന്റെ Auditor Login-ൽ ലഭ്യമായ അക്കൗണ്ട്സും മുൻ വർഷത്തെ സാംഖ്യ അക്കൗണ്ട്സുമായി പൊരുത്തപ്പെടുത്തേണ്ടതാണ്. ഇക്കാര്യത്തിൽ IKM, ഭരണ വകുപ്പ് എന്നിവരിൽ നിന്നും നിർദ്ദേശങ്ങൾ തേടി പരിഹരിച്ച് ഓഡിറ്റിൽ റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## 1-3 ഗ്രാന്റ് വിനിയോഗം.

| ഗ്രാന്റ് | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ ലാപ്സായ തുക |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ | 0 | 17307105 | 17307105 | 22336205 | -5029100 |
| വികസന ഫണ്ട് (SCP) | 0 | 8011494 | 8011494 | 6568773 | 1442721 |

| | | | | | |
|---|---|---|---|---|---|
| വികസന ഫണ്ട് (TSP) | | 15500 | 15500 | 0 | 15500 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (Untied Basic Grant) | 0 | 5827862 | 5827862 | 5012839 | 815023 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (Tied Grant) | 0 | 12126294 | 12126294 | 4376175 | 7750119 |
| മെയിന്റനൻസ് ഗ്രാന്റ് (റോഡ്) | 0 | 18023943 | 18023943 | 10577238 | 7446705 |
| മെയിന്റനൻസ് ഗ്രാന്റ് (റോഡിതരം) | 0 | 8810656 | 8810656 | 4519180 | 4291476 |

വികസന ഫണ്ട് ജനറൽ നീക്കിയിരിപ്പ് നെഗറ്റീവ് ആയത് വിശദീകരിക്കേണ്ടതാണ്.

മറ്റ് ഫണ്ടുകൾ (ധനകാര്യപത്രിക പ്രകാരം)

| ഗ്രാന്റ് | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| MNREGS | 728195 | 924307 | 1652502 | 1022954 | 639787 |
| ICDS | 953553 | 771394 | 1724947 | 871275 | 853672 |
| Total Sanitation | 3182527 | 190000 | 3372527 | 2396313 | 976214 |
| Block Share | 1754835 | 2551625 | 4306460 | 3654978 | 651482 |
| CFC-Tied | 0 | 8926501 | 8926501 | 4376175 | 4550326 |
| District Share- | 1147506 | 1237986 | 2385492 | 1709486 | 676006 |

പദ്ധതി ചെലവുകൾ എ.സി.ആർ (ACR) പ്രകാരവും ഗ്രാന്റ് വിനിയോഗ പത്രിക (GUS) പ്രകാരവുമുള്ളവ ചുവടെ ചേർക്കുന്നു.

| ഫണ്ട് | ACR/AFS | വരവ് | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ | ACR | 17307105 | 17307010 | 95 |
| | GUS | 17307105 | 22336205 | -5029100 |
| വികസന ഫണ്ട് (SCP) | ACR | 8011494 | 6492667 | 1518827 |
| | GUS | 8011494 | 6568773 | 1442721 |
| വികസന ഫണ്ട് (TSP) | ACR | 0 | 0 | 0 |
| | GUS | 15500 | 0 | 15500 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (Untied Basic Grant) | ACR | 5827862 | 5012839 | 815023 |
| | GUS | 5827862 | 5012839 | 815023 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (Tied Grant) | ACR | 12126294 | 4376175 | 7750119 |
| | GUS | 12126294 | 4376175 | 7750119 |
| മെയിന്റനൻസ് ഗ്രാന്റ് (റോഡ്) | ACR | 18023943 | 10577238 | 7446705 |
| | GUS | 18023943 | 10577238 | 7446705 |
| മെയിന്റനൻസ് ഗ്രാന്റ് (റോഡിതരം) | ACR | 8810656 | 4919180 | 3891476 |
| | GUS | 8810656 | 4519180 | 4291476 |

വികസന ഫണ്ട് സുലേഖ പത്രിക പ്രകാരമുള്ള മേഖലാ വകയിരുത്തലുകളും ചെലവുകളും.

| ഫണ്ട് | മേഖല | അടങ്കൽ | ചെലവ് | ശതമാനം |
|---|---|---|---|---|
| വികസനഫണ്ട്-ജനറൽ | ഉല്പാദനം | 6191174 | 5382279 | 87 |
| | സേവനം | 19467721 | 16606091 | 85 |
| | പശ്ചാത്തലം | 350000 | 347835 | 99 |
| വികസനഫണ്ട്-എസ്.സി.പി | ഉല്പാദനം | 0 | 0 | 0 |
| | സേവനം | 8528773 | 6568773 | 77 |
| | പശ്ചാത്തലം | 0 | 0 | 0 |
| വികസനഫണ്ട്-ധനകാര്യ കമ്മിഷൻ അവാർഡ് പൊതുവിഭാഗം | ഉല്പാദനം | 1182270 | 0 | 0 |
| | സേവനം | 11265085 | 455631 | 4 |
| | പശ്ചാത്തലം | 7086140 | 4833383 | 68 |

## 1-4 പദ്ധതി അവലോകനം

ഗ്രാമപഞ്ചായത്തിന്റെ പദ്ധതി രൂപീകരണവുമായി ബന്ധപ്പെട്ട വിവരങ്ങൾ ചുവടെ ചേർക്കുന്നു.

### 1-4-1 ആസൂത്രണ സമിതി

ആസൂത്രണം എന്നത് ഒരു തുടർ പ്രക്രിയയാണ്. എല്ലാ തദ്ദേശസ്ഥാപനവും പദ്ധതി ആസൂത്രണ പ്രക്രിയ

ആരംഭിക്കുന്നതിന് മുന്നോടിയായി ഓരോ വർഷവും ഡിസംബർ 1-ന് മുൻപ് നിലവിലുള്ള ആസൂത്രണ സമിതി ആവശ്യമെങ്കിൽ പുനഃസംഘടിപ്പിക്കേണ്ടതാണ്. ആസൂത്രണ സമിതിയുടെ കാലാവധി ഭരണസമിതിയുടെ കാലാവധിയായിരിക്കും. ഗ്രാമപഞ്ചായത്തിൽ ആസൂത്രണ സമിതി പുനഃസംഘടിപ്പിച്ചിട്ടില്ല. ആസൂത്രണ സമിതിയുടെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കേണ്ടതുണ്ട്.

ഗ്രാമപഞ്ചായത്തിന്റെ 2021-22 വാർഷിക പദ്ധതി രൂപികരണവുമായി ബന്ധപ്പെട്ട് ആസൂത്രണ സമിതിയുടെ യോഗം 23-1-2021, 29-1-21, 5-2-21, 16-2-21 എന്നീ തീയതികളിൽ ചേർന്നിട്ടുണ്ട്. ഈ യോഗങ്ങളിൽ യഥാക്രമം 22,33, 15, 16 എന്നിങ്ങനെ അംഗങ്ങൾ പങ്കെടുത്തു. തീരുമാനങ്ങൾ ഒന്നും തന്നെ മിനിട്ട്സ് ബുക്കിൽ ചേർത്തിട്ടില്ല.

1-4-2 വർക്കിംഗ് ഗ്രൂപ്പുകൾ

വർക്കിംഗ് ഗ്രൂപ്പുകളുടെ പ്രവർത്തനം കാര്യക്ഷമമായി നടക്കുണ്ട്. എല്ലാവർക്കിംഗ് ഗ്രൂപ്പുകളും പദ്ധതി രൂപീകരണവുമായി ബന്ധപ്പെട്ട് യോഗം ചേർന്നിട്ടുണ്ട്. എന്നാൽ എല്ലാ തീരുമാനങ്ങളും പദ്ധതികളായി രൂപപ്പെട്ടിട്ടില്ല.

1-4-3 സ്റ്റാറ്റസ് റിപ്പോർട്ട്

2021-22 വർഷം സ്റ്റാറ്റസ് റിപ്പോർട്ട് പുതുക്കിയിട്ടില്ല. വികസന രേഖയുടെ ഭാഗമായുള്ള അവസ്ഥാ രേഖയാണ് പരിശോധനയ്ക്ക് ലഭ്യമാക്കിയത്.

എ. ദരിദ്ര്യ ലഘൂകരണം

തൊഴിലില്ലായ്മയാണ് പ്രധാന പ്രശ്നം ഇതിനായി നന്നായി പ്രവർത്തിക്കുന്ന കുടുംബശ്രീകൾക്ക് പ്രോത്സാഹനമായി റിവോൾവിംഗ് ഫണ്ട്, ബസ് ക്ലിന് പേപ്പർ കവറുകൾ നിർമ്മിക്കുവാനുള്ള പരിശീലനം എന്നിവ നടപ്പിലാക്കേണ്ടതിന്റെ ആവശ്യം ഉന്നയിക്കുന്നു. എന്നാൽ ഇത്തരത്തിലുള്ള പദ്ധതികൾ ഏറ്റെടുത്തിട്ടില്ല.

ബി. സാമൂഹ്യനീതി

ഉന്നതവിദ്യാഭ്യാസം, തൊഴിലില്ലായ്മ, വയോജനങ്ങൾക്ക് ആശ്രയമില്ലായ്മ, ഭിന്നശേഷി പരിചരണം എന്നിവയാണ് പ്രധാന പ്രശ്നങ്ങൾ. ഈ പ്രശ്നങ്ങൾ പരിഹരിക്കാനുതകുന്ന പ്രോജക്ടുകൾ മുൻവർഷങ്ങളിൽ നടപ്പിലാക്കിയിട്ടുണ്ട്. തൻവർഷം സ്നേഹസ്പർശം (പദ്ധതി നം. 125,49,51), വയോജനങ്ങൾക്ക് കട്ടിൽ (പദ്ധതി നം. 300, 54), ബസ് സ്ൾ പദ്ധതികൾ (പദ്ധതി നം. 52,274) എന്നിവ നടപ്പിലാക്കിയിട്ടുണ്ട്. എന്നാൽ സേനസ്പർശം, ജാഗ്രതാ സമിതി, വയോജന സൗഹൃദ പഞ്ചായത്ത് എന്നീ മറ്റ് പദ്ധതികൾ ഏറ്റെടുത്തുവെങ്കിലും ആയവ നടപ്പിലാക്കിയില്ല.

സി. പട്ടികജാതി വികസനം

കുടിവെള്ളം, പാർപ്പിടം, തൊഴിലില്ലായ്മ, പട്ടയം ഇല്ലാത്ത ഭൂമി വിദ്യാഭ്യാസക്കുറവ് എന്നിവയാണ് പ്രധാന പ്രശ്നങ്ങൾ. ഇതിന് പരിഹാരമായി ലൈഫ് പദ്ധതികൾ (പദ്ധതി നം 164,246,239,312) എന്നിവയും ലക്ഷംവീട് മെയിന്റനൻസ് (152), വീട് വാസയോഗ്യമാക്കൽ (147, 13) എന്നിവ നടപ്പിലാക്കിയിട്ടുണ്ട്.

ഡി. ആരോഗ്യം

കുട്ടികളിലെ ശ്വാസകോശ രോഗങ്ങൾ, കൗമാരക്കാരായ പെൺകുട്ടികളിലും സ്ത്രീകളിലും ഉള്ള രോഗങ്ങൾ, മറ്റ് ജീവിത ശൈലീ രോഗങ്ങൾ എന്നിവയാണ് പ്രധാന പ്രശ്നങ്ങൾ.

വിവിധ മരുന്ന് വാങ്ങൽ പദ്ധതികൾ തൻവർഷം നടപ്പിലാക്കിയിട്ടുണ്ട് (പദ്ധതി നം 43,42, 124,62, 12) വയോജനങ്ങൾക്കായി പാലിയേറ്റീവ് കെയർ പദ്ധതി (നം 20) നടപ്പിലാക്കി. എന്നാൽ ജീവിത ശൈലീ രോഗനിർണയ പരിശോധനയും രോഗ നിയന്ത്രണവും വീട്ടുമുറ്റത്ത് എന്ന പദ്ധതി (നം 268) ഏറ്റെടുത്തുവെങ്കിലും നടപ്പിലാക്കിയില്ല.

ഇ. കുടിവെള്ളം, ശുചിത്വം

ജലക്ഷാമം പരിഹരിക്കുക എന്നതാണ് പ്രധാന പ്രശ്നം. നിരവധി കുടിവെള്ള പദ്ധതികൾ തൻവർഷം ഏറ്റെടുത്ത് നടപ്പിലാക്കിയിട്ടുണ്ട്.

എഫ്. വിദ്യാഭ്യാസം, കല, സംസ്കാരം, യുവജന കാര്യം

എല്ലാ സ്കൂളുകളിലും വിദ്യാഭ്യാസ നിലവാരം വർദ്ധിപ്പിക്കുക, അടിസ്ഥാന സൗകര്യം വർദ്ധിപ്പിക്കുക, പരിശീലന സൗകര്യം ഒരുക്കുക എന്നിവയാണ് അടിസ്ഥാന പ്രശ്നങ്ങൾ. വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്ന പദ്ധതികൾ തൻവർഷം ഏറ്റെടുത്ത് നടപ്പിലാക്കിയിട്ടുണ്ട്.

ജി. കൃഷി, മൃഗ സംരക്ഷണം, ക്ഷീര വികസനം, പ്രാദേശിക സാമ്പത്തിക വികസനം, വനിതാ വികസനം എന്നിവയ്ക്ക് വേണ്ടത്ര പ്രാധാന്യം സ്റ്റാറ്റസ് റിപ്പോർട്ടിൽ നൽകിയിട്ടില്ല.

1-4-4 കരട് പദ്ധതി രേഖ / അന്തിമ പദ്ധതി രേഖ

ഭരണസമിതി ഗ്രാമസഭകളുടെയും വർക്കിംഗ് ഗ്രൂപ്പുകളുടെയും മുൻഗണനകൾ പരിഗണിച്ചുകൊണ്ടും വിഭവ ലഭ്യത പരിഗണിച്ചും കരട് വാർഷിക പദ്ധതി തയ്യാറാക്കിയിട്ടുണ്ട്. കരട് പദ്ധതി രേഖ/ അന്തിമ പദ്ധതിരേഖ എന്നിവ

പ്രസിദ്ധീകരിച്ചിട്ടുണ്ട്.

1-4-5 മോണിറ്ററിംഗ്

പദ്ധതി രൂപീകരണ മാർഗരേഖ ഖണ്ഡിക 13 പ്രകാരം അതാത് വർക്കിംഗ് ഗ്രൂപ്പുകൾ ഓരോ പ്രോജക്ടിന്റെയും മോണിറ്ററിംഗ് നിർവഹിക്കേണ്ടതിനെക്കുറിച്ച് വ്യക്തമാക്കുന്നു. പദ്ധതി രൂപീകരണ ശേഷം വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് കമ്മിറ്റികളായി പ്രവർത്തിക്കണം. മോണിറ്ററിംഗ് കമ്മിറ്റികൾ യോഗം ചേർന്ന് മോണിറ്ററിംഗ് റിപ്പോർട്ട് തയ്യാറാക്കി യഥാസമയം നിർവഹണ ഉദ്യോഗസ്ഥനും ഭരണസമിതിക്കും നൽകേണ്ടതാണെന്നും വ്യക്തമാക്കുന്നു. എന്നാൽ ഇത്തരത്തിൽ മോണിറ്ററിംഗ് റിപ്പോർട്ട് തയ്യാറാക്കി സമർപ്പിച്ചതായി കാണുന്നില്ല. മോണിറ്ററിംഗ് കമ്മിറ്റികൾ കൂടുതൽ ഉത്തരവാദിത്തത്തോടു കൂടി പ്രവർത്തിക്കേണ്ടതാണ്.

1-4-6 പദ്ധതി അടങ്കൽ /ചെലവ് വിവരങ്ങൾ

| ആകെ ഏറ്റെടുത്ത പദ്ധതികൾ | നടപ്പിലാക്കിയവ | ആകെ പദ്ധതി അടങ്കൽ | ആകെ പദ്ധതി ചെലവ് | ചെലവ് ശതമാനം |
|---|---|---|---|---|
| 235 | 175 | 202691432 | 76229280 | 38 |

1-4-7 നിർവഹണ ഉദ്യോഗസ്ഥർ വിഭാഗം

| നിർവഹണ ഉദ്യോഗസ്ഥർ | ആകെ ഏറ്റെടുത്ത പദ്ധതികൾ | നടപ്പിലാക്കിയവ | ആകെ പദ്ധതി അടങ്കൽ | ആകെ പദ്ധതി ചെലവ് | ചെലവ് ശതമാനം |
|---|---|---|---|---|---|
| കൃഷി ഓഫീസർ | 13 | 11 | 3308280 | 1610400 | 49 |
| വെറ്റിനറി സർജൻ | 7 | 7 | 4296000 | 1959469 | 46 |
| മെഡിക്കൽ ഓഫീസർ പി.എച്ച്.സി. | 6 | 5 | 4448473 | 4099886 | 92 |
| മെഡിക്കൽ ഓഫീസർ ഹോമിയോ | 4 | 4 | 637211 | 627411 | 98 |
| ഹെഡ് മാസ്റ്റർ | 3 | 2 | 1299460 | 499310 | 38 |
| മെഡിക്കൽ ഓഫീസർ ആയുർവേദം | 1 | 1 | 2202000 | 1802000 | 82 |
| സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | 4 | 4 | 2501274 | 367843 | 15 |
| വി.ഇ.ഒ-1 | 9 | 7 | 69584525 | 8584900 | 12 |
| വി.ഇ.ഒ-2 | 17 | 14 | 28460781 | 9392695 | 33 |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 17 | 13 | 8191613 | 7355712 | 90 |
| സെക്രട്ടറി | 43 | 37 | 22883256 | 16453389 | 72 |
| അസിസ്റ്റന്റ് എഞ്ചിനീയർ | 104 | 64 | 49674306 | 20003651 | 40 |
| ഡയറിഫാം ഇൻസ്ട്രക്ടർ | 2 | 2 | 2793533 | 2792623 | 99 |
| അസിസ്റ്റന്റ് സെക്രട്ടറി | 5 | 3 | 2410720 | 680000 | 28 |
| ആകെ | 235 | 174 | 202691432 | 76229280 | 38 |

1-4-8 ആകെ വരവ് ചെലവ് (സുലേഖ പത്രിക പ്രകാരം)

| ഫണ്ട് | വകയിരുത്തിയ തുക | ചെലവ് തുക |
|---|---|---|
| പൊതുവിഭാഗം ജനറൽ | 26008895 | 22336205 |
| എസ്.സി.പി. | 8528773 | 6568773 |
| ടി.എസ്.പി. | 0 | 0 |
| ധനകാര്യകമ്മിഷൻ അവാർഡ് | 19534395 | 9389014 |
| കേന്ദ്രാവിഷ്കൃത ഫണ്ട് | 7747600 | 3496313 |
| സംസ്ഥാനാവിഷ്കൃത ഫണ്ട് | 2184000 | 0 |
| തനത് ഫണ്ട് | 22993946 | 10463402 |
| ബ്ലോക്ക് വിഹിതം | 5120400 | 2990125 |

| | | |
|---|---|---|
| ജില്ലാ വിഹിതം | 8347757 | 1709486 |
| മെയിന്റനൻസ് റോഡ് | 18452682 | 10577238 |
| മെയിന്റനൻസ് നോൺ റോഡ് | 8777873 | 4519180 |
| മറ്റുള്ളവ | 74996011 | 4179545 |
| ആകെ | 202691432 | 76229280 |

1-4-9 തനത്ഫണ്ട് വകയിരുത്തലും പദ്ധതി അവലോകനവും

സ്ഥാപനത്തിന്റെ സാമ്പത്തിക വർഷത്തെ ചെലവു പത്രിക പരിശോധിച്ചതിൽ വിവിധ പ്രോജക്ടുകൾക്കായി തനത് ഫണ്ടിൽനിന്നും 22993946/- രൂപ വകയിരുത്തുകയും 10463401/- രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. സ.ഉ.നമ്പർ 11/2018/ത.സ്വ.ഭ.വ.തി 29.1.18 ഖണ്ഡിക 5.1(3) പ്രകാരം 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെയും ബന്ധപ്പെട്ട ചട്ടത്തിലെയും വ്യവസ്ഥകൾ പ്രകാരം തനത് ഫണ്ടിൽ നിന്നും നിഷ്കർഷിച്ച അനിവാര്യ ചെലവുകൾക്കും അനുവദനീയമായ മറ്റ് ചെലവുകൾക്കും ആവശ്യമായ തുക ബജറ്റിൽ മാറ്റിവെച്ച ശേഷം മിച്ചമുള്ള തുക തനത് ഫണ്ട് എന്ന സ്രോതസ്സായി പദ്ധതിയിൽ വകയിരുത്തണം. എന്നാൽ പഞ്ചായത്തിൽ തനത് ഫണ്ട് വകയിരുത്തിയപ്പോൾ നിറവേറ്റേണ്ടതായ ബാധ്യതകൾ പരിഗണിച്ചു കാണുന്നില്ല. 2020-21 സാമ്പത്തിക വർഷത്തെ പഞ്ചായത്തിന്റെ തനത് ഫണ്ട് നീക്കിയിരിപ്പ് (21-22 മുന്നിരിപ്പ്) ബാങ്ക്, ട്രഷറി അക്കൗണ്ടുകളിലായി അവശേഷിക്കുന്നത് 15922612/- രൂപയാണ്. ആയതിൽ മറ്റ് പ്രത്യേക ആവശ്യങ്ങൾക്ക് മുൻവർഷങ്ങളിൽ ലഭ്യമായതും ചെലവഴിക്കാതെ തനത് ഫണ്ട് അക്കൌണ്ടിൽ അവശേഷിക്കുന്നതുമായ തുക 11672605/- രൂപയുമുണ്ട്. (2020-21 ബാലൻഷീറ്റ് B4) ആയത് കുറവ് ചെയ്താൽ തനത് ഫണ്ട് നീക്കിയിരിപ്പ് 4250007/- രൂപയാണ്. ഇതിൽ നിന്നും തൻവർഷം നൽകാനുള്ളതും ബാധ്യതയായി അവശേഷിക്കുന്നതുമായ തുക B.9, B.7 എന്നിവ പ്രകാരം 3493744/- രൂപയുണ്ട്. ഇതുകൂടി കുറവു ചെയ്താൽ 756263/- രൂപ മാത്രമെ 2020-21 സാമ്പത്തിക വർഷം നീക്കിയിരിപ്പ് അതായത് 2021-22ൽ മുന്നിരിപ്പായുള്ളൂ. ഈ ഒരു സാമ്പത്തിക സ്ഥിതിയിലാണ് തൻവർഷത്തെ തനത് ഫണ്ട് വരവു മാത്രം പ്രതീക്ഷിച്ച് 22993946/- രൂപ തനത് ഫണ്ടിൽ നിന്നും പ്രോജക്ടുകൾക്കായി വകയിരുത്തിയിരിക്കുന്നത്.

തൻവർഷത്തെ യഥാർത്ഥ തനത് ഫണ്ട് വരവ് പരിശോധിച്ചതിൽ ടാക്സ്, ഫീസ്, ജനറൽ പർപ്പസ് ഗ്രാന്റ് എന്നിവ ഉൾപ്പെടെ ആകെ തനത് വരുമാനം 44973388/- രൂപയാണ്. ആയതിൽ ശമ്പള ചെലവുകൾ, ഓപ്പറേഷൻ & മെയിന്റനൻസ്, ഭരണ ചെലവുകൾ എന്നിവക്ക തനത് ഫണ്ടിൽ നിന്നുള്ള ചെലവുകൾ (I-10, I-11 I-12) 24237152/- രൂപ വരുന്നുണ്ട്. ഇതിൽ നിന്നും പഞ്ചായത്തിന്റെ തനത് വരവ് ജനറൽ പർപ്പസ് ഗ്രാന്റുൾപ്പെടെ പഞ്ചായത്തിന്റെ ദൈനംദിന ചെലവുകൾക്ക് മാത്രം പര്യാപ്തമാണെന്ന് കാണാം. അപര്യാപ്തമായ തനത് ഫണ്ട് വകയിരുത്തി പ്രോജക്ടുകൾ തയ്യാറാക്കി തുക ചെലവഴിക്കുന്നതിനാൽ തനത് ഫണ്ട് അക്കൌണ്ടിൽ സൂക്ഷിച്ചിട്ടുള്ള മറ്റ് ഫണ്ടുകൾ വകമാറ്റി ചെലവഴിക്കുന്നതിനും, അല്ലെങ്കിൽ തനത് ഫണ്ട് വിഹിതം ചെലവഴിക്കപ്പെടാതിരിക്കുന്നതിനും കാരണമാവും തനത് ഫണ്ട് ലഭ്യത വിലയിരുത്തി പ്രോജക്ട് രൂപീകരണ സമയത്ത് ഭരണസമിതിയെ അറിയിക്കുന്നതിൽ സെക്രട്ടറി, ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി എന്നിവർക്ക് ഉണ്ടായ വീഴ്ചയാണ് അപാകതക്ക് കാരണമായത്. തൻവർഷം അംഗീകാരം ലഭിച്ച വകയിരുത്തിയ 19 പ്രവൃത്തികൾക്ക് തനത് ഫണ്ട് ചെലവഴിച്ചിട്ടില്ല. തുടർ വർഷങ്ങളിൽ തനത് ഫണ്ട് ലഭ്യത പരിഗണിച്ചുമാത്രം പ്രോജക്ടുകൾക്ക് തനത് ഫണ്ടിനത്തിൽ തുക വകയിരുത്താൻ ശ്രദ്ധിക്കേണ്ടതാണ്.

1-4-10 ബ്ലോക്ക് ജില്ലാപഞ്ചായത്ത് വിഹിതങ്ങൾ പൂർണ്ണമായും ചെലവഴിക്കുന്നില്ല

സ.ഉ.നമ്പർ 11/2018/ത.സ്വ.ഭ.വ.തി 29.1.18 ഖണ്ഡിക 3.5.4(4) പ്രകാരം സംയുക്ത പ്രോജക്ടിന്റെ മുഖ്യ പങ്കാളിയാകുന്ന സ്ഥാപനം വിശദമായ പ്രോജക്ട് തയ്യാറാക്കേണ്ടതും മറ്റ് പങ്കാളികൾ അവരുടെ വിഹിതം കൈമാറാനുള്ള പ്രോജക്ടുകൾ തയ്യാറാക്കണമെന്നും നിർദ്ദേശിക്കുന്നുണ്ട്.

ഗ്രാമപഞ്ചായത്ത് തൻവർഷം ബ്ലോക്ക് പഞ്ചായത്ത് വിഹിതം വകയിരുത്തി 14 പദ്ധതികൾ ഏറ്റെടുത്തു. ഇതിൽ 5 പദ്ധതികൾക്ക് തുക ചെലവഴിച്ചിട്ടില്ല. സുലേഖ പ്രകാരമുള്ള ആകെ അടങ്കൽ 5120400/- രൂപയും ആകെ ചെലവ് 2990125/- രൂപയുമാണ്. 58% ആണ് ഈയിനത്തിലെ ചെലവ്. ജില്ലാപഞ്ചായത്ത് വിഹിതം വകയിരുത്തി 14 പദ്ധതികൾ ഏറ്റെടുത്തതിൽ 9 പദ്ധതികൾക്ക് തൻവർഷം തുക ചെലവഴിച്ചിട്ടില്ല. ആകെ 8437757/-രൂപ വകയിരുത്തിയതിൽ 1709486/-രൂപ മാത്രമാണ് ചെലവഴിച്ചിരിക്കുന്നത്. 20% മാത്രമാണ് ചെലവ്. ബ്ലോക്ക് പഞ്ചായത്ത് വിഹിതമിനത്തിൽ 651482/- രൂപയും ജില്ലാപഞ്ചായത്ത് വിഹിതമിനത്തിൽ 676006/- രൂപയും ഇനി ചെലവഴിക്കാൻ ബാക്കിനിൽക്കുന്നു.

1-4-11 സ്പിൽ ഓവർ പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നില്ല

ജി.ഒ.(എം.എസ്) നം72/2017ത.സ്വ.ഭ.വ. തിരുവനന്തപുരം 29/03/2017 പ്രകാരം സ്പിൽ ഓവറായി മാറുന്ന പദ്ധതികൾ നിർബന്ധമായും അതേ വർഷം തന്നെ പൂർത്തിയാക്കണം എന്ന് നിഷ്കർഷിക്കുന്നുണ്ട്. കൂടാതെ സ.ഉ.നമ്പർ 11/2018/ത.സ്വ.ഭ.വ.തി 29.1.18 ഖണ്ഡിക 10 പ്രകാരം സ്പിൽ ഓവർ പദ്ധതികളെ സംബന്ധിക്കുന്ന വിശദമായ മാർഗരേഖ

പുറപ്പെടുവിച്ചിട്ടുമുണ്ട്. ഗ്രാമ പഞ്ചായത്ത് തൻവർഷം 79 പദ്ധതികൾ സ്പിൽ ഓവറായി ഉൾപ്പെടുത്തിയിട്ടുണ്ടെങ്കിലും സുലേഖ പത്രിക പ്രകാരം 17 പദ്ധതികൾ നടപ്പിലാക്കിയിട്ടില്ലാത്തതായി കാണുന്നു.

പദ്ധതി രൂപീകരണം സംബന്ധിച്ച് നിലവിലെ സർക്കാർ നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്.

## 1-5 ക്ഷേമ പദ്ധതികൾ.

2021-22 സാമ്പത്തിക വർഷത്തിൽ സ്ഥാപനം നൽകിയ ക്ഷേമ പെൻഷനുകളുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്ഷേമ പെൻഷൻ ഇനം | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| കർഷകതൊഴിലാളി പെൻഷൻ | 946400 | 613 |
| വിധവാപെൻഷൻ | 2753600 | 1774 |
| വാർദ്ധക്യകാല പെൻഷൻ | 4305000 | 2883 |
| വികലാംഗ പെൻഷൻ | 731600 | 463 |
| 50 വയസ്സിനുമേൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 87200 | 57 |
| വിവാഹ ധനസഹായം | 30000 | 1 |
| തൊഴിലില്ലായ്മ വേതനം | 167040 | 269 |

## 1-5-1 സാമൂഹ്യ സുരക്ഷാ പെൻഷൻ - മരണശേഷവും പെൻഷൻ നൽകിയിരിക്കുന്നു. സർക്കാരിന് നഷ്ടം 134400/-രൂപ

ഗ്രാമപഞ്ചായത്ത് ഹാജരാക്കിയ 2021-22 മരണറിപ്പോർട്ടിലെ ആധാർ നമ്പർ ഉപയോഗപ്പെടുത്തി സേവന വെബ്സൈറ്റിലെ പെൻഷൻ തിരച്ചിൽ സംവിധാനം മുഖേന പരിശോധന നടത്തിയപ്പോൾ താഴെ പറയുന്ന ഗുണഭോക്താക്കൾക്ക് മരണശേഷവും പെൻഷൻ നൽകിയിരിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. 01.04.21 മുതൽ 31.03.2022 വരെയുള്ള കാലയളവിൽ ഗ്രാമപഞ്ചായത്തിൽ രജിസ്റ്റർ ചെയ്ത മരണറിപ്പോർട്ടുകൾ പൂർണ്ണമായും പരിശോധനയ്ക്കായി ലഭ്യമാക്കിയിട്ടില്ല (രജിസ്ട്രേഷൻ നം. 28/21 തീയതി 08.04.21 മുതൽ 157/21 തീയതി 29.12.21 വരെയുള്ള മരണറിപ്പോർട്ടുകളാണ് പരിശോധനയ്ക്ക് വിധേയമാക്കിയത്). വിശദാംശം ചുവടെ:-

| ക്രമ നം | പേര് | പെൻഷൻ ഐ ഡി | പെൻഷൻ തരം | നിലവിലെ സ്റ്റാറ്റസ് | മരണപ്പെട്ട തീയതി | അനർഹമായി പെൻഷൻ വിതരണം ചെയ്തതിന്റെ വിവരം | അധികം നൽകിയ തുക |
|---|---|---|---|---|---|---|---|
| 1 | കുഞ്ഞി | 102630600227 | വിധവ പെൻഷൻ | ആക്ടീവ് | 22.03.21 | 04/21-09/22 | 28800 |
| 2 | ഉമ്മൈബബീവി | 102630601044 | വിധവ പെൻഷൻ | ആക്ടീവ് | 20.04.21 | 05/21-09/22 | 27200 |
| 3 | കുട്ടപ്പൻ .പി | 102630203058 | വാർദ്ധക്യകാല പെൻഷൻ | ആക്ടീവ് | 28.04.21 | 05/21-09/22 | 27200 |
| 4 | മേരി | 102630201521 | വാർദ്ധക്യകാല പെൻഷൻ | ആക്ടീവ് | 28.05.21 | 5/21-8/21 | 4800 |
| 5 | ബഷീർ.എം | 102630200740 | വാർദ്ധക്യകാല പെൻഷൻ | ആക്ടീവ് | 12.07.21 | 8/21 | 1600 |
| 6 | അവ്വാഉമ്മാൾ | 102630200659 | വാർദ്ധക്യകാല പെൻഷൻ | ആക്ടീവ് | 20.04.21 | 5/21-9/22 | 27200 |
| 7 | ശാരദ അമ്മ - | 102630100750 | കർഷക തൊഴിലാളി പെൻഷൻ | സസ്പെൻഡ് | 19.10.21 | 11/21-04/22 | 9600 |
| 8 | ഇന്ദിര.പി | 102630600556 | വിധവ പെൻഷൻ | ആക്ടീവ് | 20.11.21 | 12/21-04/22 | 8000 |
| | | | | | | ആകെ | 134400 |

ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടുകളിൽ അവരുടെ മരണശേഷവും നിക്ഷേപിച്ച പെൻഷൻ തുക, പിൻവലിച്ചിട്ടുണ്ടോ എന്ന വിവരം പരിശോധിക്കപ്പെട്ടിട്ടില്ല. ഓഡിറ്റിന് ഹാജരാക്കിയ പല മരണറിപ്പോർട്ടുകളിലും ആധാർകാർഡിന്റെ പകർപ്പ് ലഭ്യമല്ലാത്തിനാൽ 2021-22 വർഷം മരണപ്പെട്ട എല്ലാ പെൻഷൻ ഗുണഭോക്താക്കളുടേയും വിവരം പരിശോധിക്കാൻ സാധിച്ചിട്ടില്ല. ആനാട് ഗ്രാമപഞ്ചായത്തിൽ മരണം റിപ്പോർട്ട് ചെയ്യുകയും മരണസർട്ടിഫിക്കറ്റ് പുറപ്പെടുവിക്കുകയും ചെയ്തവരുടെ വിവരം മാത്രമാണ് ലഭ്യമായിട്ടുള്ളത്. ധനകാര്യവകുപ്പിന്റെ 26.7.18 ലെ സർക്കുലർ നമ്പർ 69/18 ൽ മരണപ്പെട്ടവരുടേയും പുനർവിവാഹം ചെയ്യുന്നവരുടേയും വിവരങ്ങൾ അങ്കണവാടി വർക്കർമാരുടേയും ആശാവർക്കർമാരുടേയും സഹായത്തോടെ ശേഖരിച്ച് അതാത് മാസം തന്നെ ഡാറ്റാബേസിൽ നിന്നും ഒഴിവാക്കുവാൻ സെക്രട്ടറിക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ പെൻഷൻ വിതരണം ചെയ്യുന്ന സഹകരണസ്ഥാപനങ്ങൾ ഓരോ പെൻഷൻ വിതരണത്തിനു ശേഷവും മരണപ്പെട്ടവരുടെ വിവരങ്ങൾ ബന്ധപ്പെട്ട പഞ്ചായത്തിനെ അറിയിക്കുവാനും നിർദ്ദേശിച്ചിട്ടുണ്ട്. അനർഹരെ യഥാസമയം സസ്പെന്റ് ചെയ്യേണ്ടത് ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടേയും സെക്ഷൻ ക്ലർക്കിന്റേയും ചുമതലയാണ്. അനർഹരുടെ പെൻഷൻ അക്കൗണ്ടുകൾ എത്രയും പെട്ടെന്ന് സസ്പെന്റ് ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

ഈ വിഷയവുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണം നം. 05/23.11.2022 ന് അനർഹമായി നൽകിയ തുക തിരികെ ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ധനകാര്യവകുപ്പിന്റെ 05.11.20 ലെ സർക്കുലർ നമ്പർ 67/20 പ്രകാരം മരണപ്പെട്ടവരേയും മാനദണ്ഡങ്ങൾ പ്രകാരം അർഹരല്ലാത്തവരേയും പെൻഷൻ ഗുണഭോക്തൃലിസ്റ്റിൽ നിന്നും ഒഴിവാക്കാത്തതു മുഖേന സർക്കാരിന് സാമ്പത്തിക നഷ്ടം ഉണ്ടായാൽ പ്രസ്തുത തുക ബന്ധപ്പെട്ട പ്രാദേശിക സർക്കാർ സെക്രട്ടറിയിൽ നിന്നും ഈടാക്കുന്നതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ആയതിനാൽ അനർഹമായി നൽകിയ തുക സംബന്ധിച്ച് തുടർനടപടികൾ സ്വീകരിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

2. സാമൂഹ്യ സുരക്ഷാ പെൻഷൻ, സേവന ഡാറ്റാ ബേസിൽ നിന്നും മരണപ്പെട്ടവരെ ഒഴിവാക്കിയിട്ടില്ല

ഗ്രാമപഞ്ചായത്ത് ഹാജരാക്കിയ 2021-22 മരണറിപ്പോർട്ടിലെ ആധാർ നമ്പർ ഉപയോഗപ്പെടുത്തി സേവന വെബ്സൈറ്റിലെ പെൻഷൻ തിരച്ചിൽ സംവിധാനം മുഖേന പരിശോധന നടത്തിയപ്പോൾ ഗുണഭോക്താക്കളെ മരണശേഷവും ഡാറ്റാബേസിൽ നിന്നും ഒഴിവാക്കിയിട്ടില്ല എന്ന് കാണുന്നു. (ഏതാനും ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു).

| ക്രമ നം | പേര് | മരണപ്പെട്ട തീയതി | ആധാർ നമ്പർ | നിലവിലെ സ്റ്റാറ്റസ് |
|---|---|---|---|---|
| 1 | ലത,വിധവ പെൻഷൻ | 17.05.21 | 102630600672 | ആക്റ്റീവ് |
| 2 | സരസമ്മ ജെ, വാർദ്ധക്യകാല പെൻഷൻ | 04.07.21 | 102630200192 | ആക്റ്റീവ് |
| 3 | വിദ്യാധരൻ, വാർദ്ധക്യകാല പെൻഷൻ | 17.11.21 | 102630201660 | ആക്റ്റീവ് |

3. മരണപ്പെട്ടവരുടെ വിവരം ബന്ധപ്പെട്ട പഞ്ചായത്തിനെ അറിയിച്ചിട്ടില്ല

പെൻഷൻ വിതരണം ചെയ്യുന്ന സ്ഥാപനങ്ങൾ ഓരോ പെൻഷൻ വിതരണത്തിനു ശേഷവും മരണപ്പെട്ടവരുടെ വിവരങ്ങൾ ബന്ധപ്പെട്ട തദ്ദേശസ്ഥാപനത്തിനെ/പെൻഷൻ വിതരണസ്ഥാപനത്തിനെ അറിയിക്കുവാനും നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ ആനാട് ഗ്രാമപഞ്ചായത്തിൽ മരണം രജിസ്റ്റർ ചെയ്തവരുടെ കാര്യത്തിൽ പ്രസ്തുത നടപടിക്രമങ്ങൾ പാലിക്കപ്പെടുന്നില്ല. ഏതാനും ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു:-

| ക്രമ നം. | തദ്ദേശ സ്വയം ഭരണസ്ഥാപനത്തിന്റെ പേര് /പെൻഷണറുടെ പേര് | പെൻഷൻ ഐ ഡി | പെൻഷൻ തരം | നിലവിലെ സ്റ്റാറ്റസ് | മരണപ്പെട്ട തീയതി | അനർഹമായി പെൻഷൻ വിതരണം ചെയ്തതിന്റെ വിവരം | അധികം നൽകിയ തുക |
|---|---|---|---|---|---|---|---|
| 1 | നന്ദിയോട് ഗ്രാമപഞ്ചായത്ത്, നാണി സി | 102520100213 | കർഷക തൊഴിലാളി പെൻഷൻ | ആക്റ്റീവ് | 25.03.21 | 4/21-09/22 | 28800 |
| 2 | വിതുര ഗ്രാമപഞ്ചായത്ത്, ഞ്ജാനമ്മ കെ | 102580100085 | കർഷക തൊഴിലാളി പെൻഷൻ | ആക്റ്റീവ് | 28.06.21 | 06/21-09/22 | 24000 |
| 3 | ചിതറ ഗ്രാമപഞ്ചായത്ത്, ഐഷാബീവി | 10365020041 | വാർദ്ധക്യകാല പെൻഷൻ | ആക്റ്റീവ് | 23.1021 | 11/21-09/22 | 17600 |

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം -05/23.11.2022 ന് മേൽ അപാകതകൾ പരിഹരിക്കുന്നതിനുള്ള

തുടർനടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

## 1-6 ക്യാഷ് ബാലൻസ് പരിശോധന

ആനാട് ഗ്രാമപഞ്ചായത്തിന്റെ 2021-22 സാമ്പത്തിക വർഷത്തെ ഓഡിറ്റിന്റെ ഭാഗമായി 1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 29-11-2022 തീയതിയിൽ 4.25 പി.എം. സമയത്ത് സ്ഥാപന തലവന്റെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. ഡേ ബുക്ക് പ്രകാരം 19967/- രൂപയുടെ വരവ് ലഭിച്ചിട്ടുണ്ട്. എന്നാൽ ക്യാഷ് കൗണ്ടറിൽ 20080/- രൂപ സൂക്ഷിച്ചിരിക്കുന്നു. തനത് ദിവസം നടക്കുന്ന ഇടപാടിനേക്കാൾ കൂടുതലോ കുറവോ തുക നീക്കിയിരിപ്പായി ഉണ്ടാകാൻ പാടില്ല . ഡേ ബുക്കിന് അനുസൃതമായി പണം നീക്കിയിരിപ്പിന്റെ കൃത്യത ഉറപ്പാക്കേണ്ടതാണ്.

## 1-7 ആഭ്യന്തരനിയന്ത്രണം

(I) ഫ്രണ്ട്ഓഫീസ് സംവിധാനം മെച്ചപ്പെടുത്തണം

ഓഫീസ് ക്രമീകരണത്തിന് വേണ്ടി ഓഫീസ് ഉത്തരവ് തയ്യാറാക്കി ജീവനക്കാരുടെ ജോലി വിഭജനം കൃത്യമായി നിർവ്വഹിച്ചിട്ടുണ്ട്. എന്നാൽ ഈ പ്രവർത്തനവുമായി ബന്ധപ്പെട്ട് ജീവനക്കാരുടെ യോഗം മാസത്തിലൊരു തവണയെങ്കിലും കൂടേണ്ടതും ചോദ്യാവലിയുടെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ അവലോകന റിപ്പോർട്ട് പ്രസ്തുത യോഗത്തിൽ അവതരിപ്പിക്കേണ്ടതും അടുത്ത മാസത്തെ പ്രവർത്തന പരിപാടി തയ്യാറാക്കി മിനിട്ട്സിൽ രേഖപ്പെടുത്തുകയും പ്രസ്തുത വിവരം ഭരണസമിതിയെ അറിയിക്കുകയും വേണം.

ഫ്രണ്ട്ഓഫീസ് സംവിധാനം ഏർപ്പെടുത്തുക വഴി ഭരണഘടനയുടെ ആമുഖത്തിൽ വിഭാവനം ചെയ്യുന്ന സാമൂഹ്യനീതി, പദവിയിലും അവസരത്തിലുമുള്ള തുല്യത, ഓരോ വ്യക്തിയുടെയും സ്വാഭിമാനം എന്നിവ സേവനപ്രദാന സംവിധാനത്തിൽ ഉറപ്പുവരുത്തുവാൻ സഹായിക്കുന്നു. ഇതിലേയ്ക്കായി സർക്കാർ വിശദമായ മാർഗരേഖ പുറപ്പെടുവിച്ചിട്ടുണ്ട് (സ.ഉ(കൈ)123/09 ത.സ്വ.ഭ.വ തീ.02.07.2009 )

ഗ്രാമ പഞ്ചായത്തിൽ ഫ്രണ്ട്ഓഫീസ് ഡ്യൂട്ടി രജിസ്റ്റർ യഥാവിധി പരിപാലിച്ചിട്ടുണ്ട്. തപാൽ നം, അപേക്ഷകന്റെ പേര്, സേവനത്തിന്റെ സ്വഭാവം, സേവനം ലഭ്യമാക്കേണ്ട സെക്ഷന്റെ വിശദാംശം, ബന്ധപ്പെട്ട സെക്ഷനിൽ നിന്നും അപേക്ഷ തിരികെ ലഭിച്ച തീയതി, സേവനം ലഭിച്ച തീയതി, കൈപ്പറ്റുന്ന ആളുടെ പേര്, ഒപ്പ് എന്നീ വിവരങ്ങൾ രേഖപ്പെടുത്തിയ ഫ്രണ്ട് ഓഫീസ് ഡയറി സൂക്ഷിക്കേണ്ടതാണ്.. പൊതുജനങ്ങൾക്ക് സേവനങ്ങൾ സമയബന്ധിതമായി ലഭ്യമാക്കുന്നുണ്ടെന്നുറപ്പാക്കാൻ ഫ്രണ്ട്ഓഫീസ് ഡയറി കൃത്യമായി പരിപാലിക്കേണ്ടതുണ്ട്.

ഫ്രണ്ട്ഓഫീസിന്റെ ഫലപ്രദമായ പ്രവർത്തനം നിരീക്ഷിക്കുന്നതിൽ ചുമതലയേൽപ്പിച്ച ഉദ്യോഗസ്ഥന്റെയും ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റിയുടെയും ശ്രദ്ധ ഉണ്ടായിട്ടില്ല. ഫ്രണ്ട്ഓഫീസ് സംവിധാനം മെച്ചപ്പെടുത്താൻ കൂടുതൽ ശ്രദ്ധിക്കേണ്ടതുണ്ട്.

(Ii) പൗരാവകാശരേഖ പ്രസിദ്ധീകരിച്ചിട്ടുണ്ട്.

1994-ലെ തദ്ദേശസ്വയംഭരണ സ്ഥാപന നിയമങ്ങളിലെ ഭേദഗതിയിലൂടെ പൗരാവകാശരേഖ സംബന്ധിച്ച വ്യവസ്ഥ കേരളത്തിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ബാധകമാക്കിയിരുന്നു. ഓരോ തദ്ദേശസ്വയംഭരണ സ്ഥാപനവും അതിൻകീഴിൽ കൈമാറിക്കിട്ടിയ ഓഫീസുകളും ആ പ്രദേശത്തെ പൗരൻമാർക്ക് ലഭ്യമാകുന്ന വിവിധ സേവനങ്ങളും അവ ലഭ്യമാക്കുന്ന അവസരങ്ങൾ, സമയപരിധി, നടപടിക്രമം എന്നിവയടങ്ങിയ വിവരങ്ങൾ പ്രസിദ്ധീകരിക്കേണ്ട രേഖയാണത്. 1994-ലെ കേരള പഞ്ചായത്ത് രാജ് (പൗരാവകാശരേഖ തയ്യാറാക്കൽ) ചട്ടങ്ങളിലെ ചട്ടം 3(1) പ്രകാരം തെരഞ്ഞെടുക്കപ്പെട്ട പഞ്ചായത്ത് കമ്മിറ്റി, നിലവിലുള്ള പഞ്ചായത്ത് ചട്ടങ്ങൾ പ്രാബല്യത്തിൽ വന്ന് ആറ് മാസത്തിൽ കവിയാത്ത കാലയളവിനുള്ളിൽ പൗരാവകാശരേഖ തയ്യാറാക്കി പ്രസിദ്ധീകരിക്കേണ്ടതും പ്രധാന സ്ഥലങ്ങളിൽ പ്രദർശിപ്പിക്കുകയും പൊതുജനങ്ങൾക്ക് സൗജന്യമായി വിതരണം ചെയ്യേണ്ടതുമാണ്. ഗ്രാമ പഞ്ചായത്ത് 2021 ൽ പൗരാവകാശരേഖ പ്രസിദ്ധീകരിച്ചിട്ടുണ്ട്.

(Iii) ഭരണ സംവിധാനം

പൊതുജനങ്ങൾക്കും, ജീവനക്കാർക്കും ഏർപ്പെടുത്തിയിട്ടുള്ള സൗകര്യങ്ങൾ, വിവര വ്യൂഹത്തിന്റെ പൂർണമാക്കൽ, പരിഷ്കരണം എന്നിവ നിരീക്ഷിയ്ക്കേണ്ടത് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ചുമതലയാണ്. അത് ഉറപ്പ് വരുത്താൻ, ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ശ്രദ്ധിക്കേണ്ടതുണ്ട്. കേ.പ.രാ സെക്ഷൻ 162a-b1(i) പ്രകാരം ഓഫീസ് പ്രവർത്തനം, രേഖകൾ സൂക്ഷിപ്പ്, അക്കൗണ്ട്സ്, ഓഡിറ്റ് എന്നിവയുടെ മേൽനോട്ടച്ചുമതല ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിക്കാണ്. പ്രസ്തുത കടമ പൂർണമായി നിർവഹിച്ചിട്ടില്ല. ഓഫീസ് വാഹനത്തിന്റെ പരിപാലനവും, രജിസ്റ്ററുകൾ രേഖകൾ എന്നിവയുടെ സൂക്ഷിപ്പും മെച്ചപ്പെടേണ്ടതുണ്ട്. ധനകാര്യ ഇടപെടലുകളുടെ കൃത്യത, പൂർണത, നിയമസാധുത എന്നിവ ഉറപ്പാക്കാൻ കൂടുതൽ ശ്രദ്ധചെലുത്തേണ്ടതുണ്ട്. ഭരണ-ഉദ്യോഗസ്ഥതലത്തിലെ ഏകോപനം കൂടുതൽ മെച്ചപ്പെടുത്തേണ്ടതുണ്ട്.

(Iv) വരവ്, ചെലവ്, പദ്ധതികൾ എന്നിവയുടെ വിവരം

വരവ് ചെലവ് കണക്കുകൾ ബജറ്റിന്റെ അടിസ്ഥാനത്തിൽ മോണിറ്റർ ചെയ്യുന്നില്ല. വരവുകൾ കൃത്യമായി തിട്ടപ്പെടുത്തുകയും ഈടാക്കുകയും ചെയ്യുന്നുവെന്ന് ഉറപ്പ് വരുത്തുന്നതിന് മതിയായ സംവിധാനം ഇല്ല. അക്കൗണ്ട് ട്രാൻസ്ഫർ മുഖേനയുള്ള ഇടപാടുകൾക്ക് കൈപ്പറ്റ് രസീത് വാങ്ങുന്നതിൽ പ്രായോഗിക ബുദ്ധിമുട്ട് നേരിടുന്നുണ്ട്. ആസ്തി രജിസ്റ്റർ സൂക്ഷിക്കുന്നുണ്ടെങ്കിലും കാലികമാക്കിയിട്ടില്ല.

ആസൂത്രണ സമിതി, വർക്കിംഗ് ഗ്രൂപ്പ് അംഗങ്ങൾ എന്നിവരെ നിയമിച്ചുകൊണ്ടുള്ള ഉത്തരവ് പുറപ്പെടുവിച്ചിട്ടില്ല. പദ്ധതികളിൽ മോണിറ്ററിങ് കൃത്യമായി നടക്കുന്നില്ല. ഓഫീസിൽ ലഭിക്കുന്ന തപാലുകൾ യഥാസമയം രജിസ്റ്ററിൽ രേഖപ്പെടുത്തുന്നുണ്ട്. മാർഗ്ഗരേഖ അനുശാസിക്കും വിധം മോണിറ്ററിംഗ് നടത്തുന്നില്ല. പല പൊതുമരാമത്ത് പ്രവ്യത്തികളുടെയും എസ്റ്റിമേറ്റ് റിവൈസ് ചെയ്തിട്ടുള്ളതായി കാണുന്നു. റോഡ് കണക്റ്റിവിറ്റി ഭൂപടം തയ്യാറാക്കാതെയാണ് റോഡ് വർക്കുകൾ നിർവഹിച്ചിരിക്കുന്നത്.

ഭരണപരമായ നയങ്ങളുടെ പരിപാലനം, നടപടിക്രമങ്ങൾ, കടമകൾ എന്നിവ നിറവേറ്റുന്നതിൽ ഏറെക്കുറെ തൃപ്തികരമായ പ്രവർത്തനം നടത്തിയിട്ടുണ്ട്. സുതാര്യമായ ധനകാര്യമാനേജ്മെന്റ്, ധനകാര്യ ഇടപെടലുകളുടെ കൃത്യത, പൂർണത നിയമ സാധുത എന്നിവ ഉറപ്പാക്കാൻ മെച്ചപ്പെട്ട ആഭ്യന്തരനിയന്ത്രണ സംവിധാനം പഞ്ചായത്തിൽ നിലനിൽക്കുന്നുണ്ട്.

## 1-8 തൊഴിലുറപ്പ് പദ്ധതി.

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണച്ചെലവുകൾ | 728195 | 924307 | 1652502 | 1022954 | 639787*** |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 56948000 | 56948000 | 56948000 | 0 |
| ആകെ | 728195 | 57872307 | 58600502 | 57970954 | 639787*** |

***എം.എൻ.ആർ.ജി.എസ്സ്.ആകെ അഡ്മിൻ വരവ് മുന്നിരിപ്പ് ഉൾപ്പെടെ 1652502/- ആണ്. റസീറ്റ് & പേയ്മെന്റ് ഷെഡ്യൂളിൽ ചെലവ് 1022954 ആണ്. ആയതിൻ പ്രകാരം വരേണ്ട നീക്കിയിരിപ്പ് തുക 629548/- ആണ്. എന്നാൽ ധനകാര്യ പത്രിക പ്രകാരം നീക്കിയിരിപ്പ് 639787/- ആണ്. 10239/- രൂപയുടെ വ്യത്യാസം ക്രമീകരിക്കേണ്ടതാണ്.
I 6 (57960715), I 14 (C) (57970954) എന്നിവ പൊരുത്തപ്പെടുന്നില്ല.

### 1-8-1 പൊതു അവലോകനം

അവിദഗ്ധമേഖലയിൽ തൊഴിൽ ഉറപ്പ് വരുത്തിക്കൊണ്ട് ഗ്രാമീണ കുടുംബങ്ങളുടെ ഉപജീവനവും സുരക്ഷിതത്ത്വവും ഉറപ്പ് വരുത്തുക, സ്ഥായിയായ ആസ്തികൾ സൃഷ്ടിക്കുക എന്നിവയാണ് തൊഴിലുറപ്പ് പദ്ധതിയുടെ ആത്യന്തിക ലക്ഷ്യം.

പഞ്ചായത്തിലെ 19 വാർഡുകളിലായി ആകെ 49 തൊഴിലാളി ഗ്രൂപ്പുകൾ ഉണ്ട്. 2021-22 സാമ്പത്തിക വർഷത്തിൽ 253 തൊഴിൽ കാർഡുകൾ വിതരണം ചെയ്തിട്ടുണ്ട്. 2487 പേർ തൊഴിലുറപ്പ് പദ്ധതിയുമായി സഹകരിച്ചു. 2320 കുടുംബങ്ങൾ തൊഴിൽ ഡിമാന്റ് ചെയ്തിട്ടുണ്ട്.

425 പദ്ധതികൾക്ക് സാങ്കേതികനുമതി ലഭിച്ചുവെങ്കിലും 274 എണ്ണം മാത്രമേ പൂർത്തിയാക്കിയിട്ടുള്ളൂ. 166956 തൊഴിൽദിനങ്ങൾ മാത്രമാണ് 2021-22 കാലയളവിൽ സൃഷ്ടിക്കുവാൻ കഴിഞ്ഞിട്ടുള്ളത്. 100 ദിവസം തൊഴിൽ ലഭിച്ച 917 കുടുംബങ്ങൾ മാത്രമാണുള്ളത്. ലേബർ കമ്പോണന്റ് ഇനത്തിൽ 490.96 ലക്ഷം രൂപയും മെറ്റീരിയൽ കമ്പോണന്റ് ഇനത്തിൽ 78.52 ലക്ഷം രൂപയും ചെലവായി.

വരും വർഷങ്ങളിൽ തൊഴിൽ കാർഡ് നേടിയ മുഴുവൻ പേർക്കും പരമാവധി തൊഴിൽ ദിനങ്ങൾ ഉറപ്പ് വരുത്തുവാൻ അധികൃതർ ശ്രദ്ധിക്കേണ്ടതാണ്. തൊഴിലുറപ്പ് പദ്ധതിയിൽ നൽകുന്ന സേവനങ്ങളെ സംബന്ധിച്ചും അതിന്റെ നിബന്ധനകളെ സംബന്ധിച്ചും പരാതി പരിഹാര സംവിധാനത്തെ സംബന്ധിച്ചും വ്യക്തമായ ബോർഡ് പ്രദർശിപ്പിക്കേണ്ടതാണ്.

### 1-8-2 ആദായ നികുതി സ്രോതസ്സിൽ നിന്നും കുറവ് ചെയ്യുന്നില്ല

തൻ വർഷം നടപ്പിലാക്കിയ എം.എൻ.ആർ.ജി.എസ്സ് പ്രവൃത്തികൾക്ക് കരാറുകാരിൽ നിന്നും ടെണ്ടർ/ക്വട്ടേഷൻ ക്ഷണിച്ചാണ് മെറ്റീരിയലുകൾ വാങ്ങിയിരിക്കുന്നത്. 1961-ലെ ആദായ നികുതി നിയമത്തിലെ വകുപ്പ് 194 സി പ്രകാരം ഒരു കരാറിൽ 30,000/- രൂപയിൽ കൂടുതൽ പേമെന്റ് നടത്തുമ്പോഴോ ഒരു സാമ്പത്തിക വർഷം 100000/- രൂപക്കോ അതിനു മുകളിലോ പേമെന്റ് നടത്തുമ്പോഴോ 1% തുക സ്രോതസ്സിൽ നിന്നും കുറവ് ചെയ്ത് ആദായ നികുതി വകുപ്പിന് അടക്കേണ്ടതുണ്ട്. എന്നാൽ തൻവർഷം ചെലവ് ചെയ്ത പ്രവൃത്തികൾക്ക് മെറ്റീരിയൽ സപ്ലൈ ചെയ്തയിനത്തിൽ കരാറുകാർക്ക് തുക നൽകിയപ്പോൾ ആദായ നികുതി സ്രോതസ്സിൽ നിന്നും കുറവ് ചെയ്ത് ബന്ധപ്പെട്ട വകുപ്പിൽ

അടവാക്കിയിട്ടില്ല.

| പ്രവൃത്തിയുടെ പേര് | കരാറുകാരൻ | എം.ബുക്ക് നം | കരാറുകാരന് നൽകിയ തുക | ഈടാക്കേണ്ടിയിരുന്ന ആദായ നികുതി |
|---|---|---|---|---|
| മാങ്കോട്ടുകോണം പാണയം റോഡ് കോൺക്രീറ്റ് | നിഷാദ്.എസ് | 262/21-22 | 372147 | 3721 |
| മേക്കുംകര മുതൽ പുനവക്കുന്നുവരെയുള്ള നടപ്പാത കോൺക്രീറ്റ് | ബി.അനിൽ കുമാർ | 217/21-22 | 317395 | 3174 |
| ഊറ്റുകുഴി പനവക്കുന്ന് നടപ്പാത കോൺക്രീറ്റ് | ബി.അനിൽ കുമാർ | 216/21-22 | 384195 | 3842 |
| വെള്ളൂർക്കോണം കാപ്പിത്തോട്ടം റോഡ് കോൺക്രീറ്റ് | നിഷാദ്.എസ് | 211/21-22 | 358232 | 3582 |
| വഞ്ചുവം മുതൽ വെമ്പ് ക്ഷേത്രം പോകുന്ന റോഡ് | രാഹുൽ.എസ്.ആർ | 271/21-22 | 319197 | 3192 |
| മുള്ളുവേങ്ങമൂട് മാനവിയം റോഡ് കോൺക്രീറ്റ് | ലാലു ജോസ് | 341/21-22 | 222507 | 2225 |
| പറയങ്കാവ് ഐക്കരക്കോണം റോഡ് | രാഹുൽ.എസ്.ആർ | 316/21-22 | 404037 | 4040 |
| പാണ്ടിവിള കരിഞ്ചാത്തിമൂല റോഡ് കോൺക്രീറ്റ് | രാഹുൽ.എസ്.ആർ | 317/21-22 | 310787 | 3108 |
| പാറവിളാകം ചരുവിള മുതൽ കുന്നത്തുമലവരെ തടം കോൺക്രീറ്റ് | ലാലു ജോസ് | 318/21-22 | 323473 | 3235 |
| നാഗച്ചേരി പാങ്കോട് ക്ഷേത്രം റോഡ് കോൺക്രീറ്റ് | ബി.അനിൽ കുമാർ | 319/21-22 | 327073 | 3271 |

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം- 33/2022)തീയതി: 30.11.2022. ആദായ നികുതിയിനത്തിൽ തുക ഈടാക്കിയിട്ടില്ലെന്നും തുടർന്ന് അപാകത പരിഹരിക്കുന്നതാണെന്നും മറുപടി ലഭ്യമാക്കി.

1-8-3 മറ്റ് പരാമർശങ്ങൾ

നിർമ്മാണ പ്രവൃത്തികളുടെ സാധൂകരണത്തിനായുള്ള ജിയോടാഗ് ഫോട്ടോഗ്രാഫ് ഫയലിൽ ചേർത്തിട്ടില്ല. ഇതിനാൽ തന്നെ പ്രവൃത്തികളുടെ ഘട്ടങ്ങൾ കൃത്യതയോടെ വിലയിരുത്താൻ സാധിക്കാത്ത സാഹചര്യമുണ്ട്. പ്രവൃത്തി തുടങ്ങുന്നതിന് മുമ്പ്, പ്രവൃത്തി നടന്നു കൊണ്ടിരിക്കുമ്പോൾ, പ്രവൃത്തി പൂർത്തീകരിച്ച് കഴിയുമ്പോൾ തുടങ്ങിയ ഓരോ ഘട്ടത്തിലെയും ഫോട്ടോകൾ ഫയലിൽ സൂക്ഷിക്കണമെന്ന് നിഷ്കർഷിച്ചിട്ടുള്ളതാണ്. ജിയോടാഗ്ഡ് ഫോട്ടോഗ്രാഫുകൾ പ്രവൃത്തിസ്ഥലം തിരിച്ചറിയുന്നിനുള്ള ഉപാധിയാണ്. എന്നാൽ ഇവ ഫയലുകളിൽ ചേർത്തിട്ടില്ല.

പദ്ധതികളുടെ തുടർ മോണിറ്ററിംഗ് നിർവഹിക്കേണ്ടതാണ്. പദ്ധതികളുടെ ഫലപ്രാപ്തി ഉറപ്പാക്കും വിധമുള്ള ക്രമീകരണങ്ങൾ ഏർപ്പെടുത്താവുന്നതാണ്. ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി വിഭാവനം ചെയ്യുന്ന മഹത്തായ സന്ദേശം ഉറപ്പുവരുത്തും വിധം ഗ്രാമീണ തൊഴിൽ മേഖലയെ ശാക്തീകരിക്കുന്നതിനും കൂടുതൽ സുതാര്യമായ പ്രവർത്തനങ്ങളിലൂടെ പ്രാദേശിക വികസനം സുതാര്യമാക്കുന്നതിനും ഭരണനിർവഹണ വിഭാഗങ്ങൾ പ്രത്യേക ശ്രദ്ധ പതിപ്പിക്കേണ്ടതുണ്ട്.

## 1-9 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിശദാംശങ്ങൾ

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 2020 ജനവരി | 2019 നവംബർ മുതൽ ഡിസംബർ വരെ | 16.01.2020 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 2017 മാർച്ച് | 2016-17 | 07.09.2018 |

## 1-10 തൊഴിൽ നികുതി ഈടാക്കിയതിലെ അപാകങ്ങൾ

1. 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 205 ഇ വകുപ്പ് പ്രകാരം സെക്രട്ടറി ഏപ്രിൽ മാസം ഓരോ ഓഫീസ് മേധാവിയോടും അല്ലെങ്കിൽ തൊഴിൽ നികുതി ഈടാക്കാൻ ബാദ്ധ്യസ്ഥനായ ആളോടും തന്റെ നിയന്ത്രണത്തിൻ കീഴിലുള്ള ഓഫീസുകളുടെയോ സ്ഥാപനങ്ങളുടെയോ പേരുകളും മേൽവിലാസങ്ങളും നോട്ടീസിൽ നിർദ്ദേശിക്കുന്ന സമയത്തിനുള്ളിൽ നൽകുന്നതിന് ആവശ്യപ്പെടേണ്ടതാണ്. ഈ നടപടിക്രമം പാലിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ രേഖകൾ സഹിതം ലഭ്യമാക്കുന്നതിനായി ഓഡിറ്റ് എൻക്വയറി നം - 14/26.11.22 പ്രകാരം ആവശ്യപ്പെട്ടുവെങ്കിലും ആയത് ലഭ്യമാക്കിയില്ല.

2. 1996 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങൾ ചട്ടം 18 ൽ IIIാം നമ്പർ ഫോറത്തിന്റെയും, IVാം നമ്പർ ഫോറത്തിലുള്ള അപേക്ഷയുടേയും രണ്ടു പകർപ്പ് വീതം തൊഴിലുടമയ്ക്ക് അയക്കേണ്ടതാണ്. ഡിമാന്റ് നോട്ടീസിന്റെ ഡ്യൂപ്ലിക്കേറ്റ് കൈപ്പറ്റിയതിന്റെ തെളിവ് സഹിതം തൊഴിലുടമ/ഓഫീസ് തലവൻ തിരികെ സമർപ്പിക്കേണ്ടതാണ്. പഞ്ചായത്ത് രാജിലെ മേൽ ചട്ടങ്ങൾ പാലിച്ചുകൊണ്ട് സ്വീകരിച്ച നടപടിക്രമങ്ങൾ സംബന്ധിച്ച ഫയലും, നിയമത്തിലെ 205 ഇ വകുപ്പ് പ്രകാരം സെക്രട്ടറി നൽകിയ ഡിമാന്റ് നോട്ടീസുകളുടെ വിശദാംശവും ലഭ്യമാക്കേണ്ടതാണ് ലഭ്യമാക്കുന്നതിനായി ഓഡിറ്റ് എൻക്വയറി നം - 14/26.11.22 പ്രകാരം ആവശ്യപ്പെട്ടുവെങ്കിലും ആയത് തുടർന്നുള്ള വർഷങ്ങളിൽ നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

3. 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 205 ഐ വകുപ്പ് പ്രകാരം ഓരോ സ്ഥാപനത്തിനും പ്രത്യേക പേജുകൾ അനുവദിച്ചുകൊണ്ടുള്ള ഡിമാന്റ് രജിസ്റ്റർ പരിപാലിക്കേണ്ടതാണ്. രജിസ്ററർ കാലികമാക്കി സൂക്ഷിക്കുന്നുണ്ടെന്നാണ് മറുപടി ലഭ്യമാക്കിയത്. ഇതിൻപ്രകാരം ഡിമാന്റ് രജിസ്റ്റർ പരിപാലിക്കുന്നില്ല.

4. കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങൾ, 1996 ചട്ടം 18 (ചുമത്താവുന്ന നികുതി ഡിമാന്റ് ചെയ്യൽ) (4) ഓരോ അർദ്ധ വർഷത്തിന്റെ അവസാനവും, ആഫീസ് തലവനോ, തൊഴിലുടമയോ വച്ചു പോരുന്ന രജിസ്റ്ററിന്റെ സംഖ്യകളും മറ്റ് വിവരങ്ങളും പഞ്ചായത്തിൽ സൂക്ഷിക്കുന്ന തത്തുല്യ രജിസ്റ്ററുമായി ഒത്തുനോക്കി കൃത്യത സെക്രട്ടറി ഉറപ്പു വരുത്തേണ്ടതും ഒരു പരിശോധന സർട്ടിഫിക്കറ്റ് രജിസ്റ്ററിലെ അവസാനത്തെ ഉൾക്കുറിപ്പിനുശേഷം എഴുതി തീയതി വെച്ച് ഒപ്പിട്ട് നൽകേണ്ടതുമാണ്.

ഇപ്രകാരം സാമ്പത്തിക വർഷം രണ്ടു അർദ്ധവർഷങ്ങളിലും പരിശോധന നടത്തിയിട്ടില്ല.

5. സാമ്പത്തിക വർഷത്തെ രജിസ്റ്റർ സംക്ഷിപ്തം എഴുതി സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ല. ആയതിനാൽ വാർഷികധനകാര്യ പത്രിക പ്രകാരമുള്ള വരവിന്റെ ആധികാരികത പരിശോധിക്കാനായിട്ടില്ല.

6. സിവിൽ സപ്ളൈസ് ഡയറക്ടറുടെ 22.01.2019 ലെ നമ്പർ (സി. എസ്.) എ9 – 764/2019 സർക്കുലർ പ്രകാരം റേഷൻ ചില്ലറ വ്യാപാരികൾ തൊഴിൽ നികുതി ഒടുക്കേണ്ടതാണ്. പഞ്ചായത്തിന്റെ പരിധിയിൽ പ്രവർത്തിക്കുന്ന റേഷൻ കടകളുടെ എണ്ണം എത്രയാണെന്നും അവയ്ക്ക് ലൈസൻസ് നൽകിയതിന്റെയും തൊഴിൽ നികുതി ഈടാക്കിയതിന്റെ യും, ഈടാക്കിയിട്ടില്ലായെങ്കിൽ ആയതിന്മേൽ സ്വീകരിച്ച നടപടികളുടെ ഡിമാന്റ് നോട്ടീസ് നൽകിയതുൾപ്പെടെയുള്ള വിശദാംശം ലഭ്യമാക്കിയിട്ടില്ല. തുടർന്നുള്ള വർഷങ്ങളിൽ മേൽ നടപടികൾ സ്വീകരിക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

7. 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 204 എ (I) പ്രകാരം ആകെക്കൂടി അറുപതു ദിവസത്തിൽ കുറയാതെ ആ പഞ്ചായത്തു പ്രദേശത്തിനുള്ളിലോ, 204 എ (II) പ്രകാരം ആകെക്കൂടി അറുപതു ദിവസത്തിൽ കുറയാതെ ആ പഞ്ചായത്തു പ്രദേശത്ത് താമസിച്ചുകൊണ്ട് അതിനുവെളിയിലോ ഒരു തൊഴിലിലോ കലയിലോ ജോലിയിലോ ഏർപ്പെട്ടിരിക്കുന്നതോ അല്ലെങ്കിൽ ബിസിനസു നടത്തുകയോ പൊതുവോ സ്വകാര്യമോ ആയ ഏതെങ്കിലും ഉദ്യോഗം വഹിക്കുന്നതോ, 204 ബി പ്രകാരം ആകെക്കൂടി അറുപതു ദിവസത്തിൽ കുറയാതെ ആ പഞ്ചായത്തു പ്രദേശത്ത് താമസിക്കുകയും മുതൽമുടക്കുകളിൽ നിന്ന് എന്തെങ്കിലും ആദായം ലഭിച്ചുകൊണ്ടിരിക്കുകയോ ചെയ്യുന്ന ഏതൊരാളിന്റെയും മേൽ തൊഴിൽനികുതി ചുമത്തേണ്ടതാണ്.

I) ഗ്രാമപ്പഞ്ചായത്തിൽ 2021-22 വർഷം മരാമത്ത് പ്രവർത്തികൾ ഏറ്റെടുത്ത് കരാർ ജോലികൾ നിർവ്വഹിച്ച കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കാൻ സ്വീകരിച്ച നടപടികളുടെ വിശദാംശം ലഭ്യമാക്കേണ്ടതാണ്. കൂടാതെ പ്രസ്തുത കരാറുകാരുടെ പേര്, മേൽവിലാസം എന്നിവയും ലഭ്യമാക്കേണ്ടതാണ്.

08) ലഭ്യമാക്കിയ തൊഴിൽനികുതി രജിസ്റ്റർ പരിശോധിച്ചതിൽ കണ്ട അപാകങ്ങൾ ചുവടെ ചേർക്കുന്നു-

I) 21-22സാമ്പത്തിക വർഷം പഞ്ചായത്തു പരിധിയിൽ പ്രവർത്തിച്ച താഴെ പട്ടികയിൽ ചേർത്തിരിക്കുന്ന സ്ഥാപനങ്ങളിൽ നിന്നും 1994 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങൾ, വകുപ്പ് 204 പ്രകാരമുള്ള സ്ഥാപനനികുതി ഈടാക്കിയിട്ടില്ല.

വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | സ്ഥാപനം | അർദ്ധവർഷം |
|---|---|---|
| 1 | ബി എസ് എൻ എൽ | I,II |
| 2 | കെ എസ് ഇ ബി | I,II |
| 3 | മാരുതി സുസുക്കി പോപ്പുലർ ഡീലേർസ് | I |
| 4 | മിനി മുത്തൂറ്റ് നിധി കേരള, ഇരിഞ്ചയം | I |
| 5 | മുത്തൂറ്റ് മൈക്രോ ഫിനാൻസ് ലിമിറ്റഡ്, ചുള്ളിമാനൂർ | I,II |
| 6 | മുത്തൂറ്റ് മൈക്രോ ഫിനാൻസ് ലിമിറ്റഡ്, നെടുമങ്ങാട് | I,II |
| 7 | മുത്തൂറ്റ് ഫിൻകോർപ്പ്, ആനാട് ശാഖ | I,II |
| 8 | ദി ക്യാംകോ ലിമിറ്റഡ് | I,II |
| 9 | എം റ്റി ഹാൾ | I,II |
| 10 | പി ആർ ഓഡിറ്റോറിയം | I,II |
| 11 | ശിവപ്രിയ ഇൻവെസ്റ്റ്മെന്റ് | I |
| 12 | കാനറാ ബാങ്ക്, ആനാട് | I ,II |

Ii) താഴെ പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

| ക്രമ നമ്പർ | സ്ഥാപനം | അർദ്ധവർഷം I,II |
|---|---|---|
| 1 | കെ കെ വി യു പി എസ്,വേട്ടമ്പള്ളി | II |
| 2 | ഗവ.ആയുർവേദ ആശുപത്രി,നെടുമങ്ങാട് | II |
| 3 | സപ്ലൈ സൂപ്പർ മാർക്കറ്റ്, ചുള്ളിമാനൂർ | ഒന്നാം അർദ്ധവർഷം ഒരു ജീവനക്കാരൻ മാത്രമേ ഒടുക്കിയുള്ളൂ. |
| 4 | PGMTD, BSNL | ഒന്നും രണ്ടും അർദ്ധവർഷത്തെ സ്റ്റേറ്റ്മെന്റ് മാത്രമാണ് ലഭ്യമാക്കിയിട്ടുള്ളത്.നികുതി ഒടുക്കിയതിന്റെ രസീത് നം/തീയതി ലഭ്യമാക്കിയിട്ടില്ല. |
| 5 | വില്ലേജ് ഓഫീസ്, ആനാട് | II |
| 6 | കെ എസ് ഇ ബി | II, ഒന്നാം അർദ്ധവർഷത്തെ സ്റ്റേറ്റ്മെന്റ് മാത്രമാണ് ലഭ്യമാക്കിയിട്ടുള്ളത്. നികുതി ഒടുക്കിയതിന്റെ രസീത് നം/തീയതി ലഭ്യമാക്കിയിട്ടില്ല. (ചെക്കാണെങ്കിൽ ആയത് പണമാക്കിയതിന്റെ വിവരം ലഭ്യമാക്കേണ്ടതാണ്) |
| 7 | മാരുതി സുസുക്കി പോപ്പുലർ ഡീലേർസ് | II |
| 8 | മിനി മുത്തൂറ്റ് നിധി കേരള, ഇരിഞ്ചയം | ഒന്നാം അർദ്ധവർഷത്തെ സ്റ്റേറ്റ്മെന്റ് മാത്രമാണ് ലഭ്യമാക്കിയിട്ടുള്ളത്. നികുതി ഒടുക്കിയതിന്റെ രസീത് നം/തീയതി ലഭ്യമാക്കിയിട്ടില്ല |
| 9 | ദി ക്യാംകോ ലിമിറ്റഡ് | II |
| 10 | NREGS, ആനാട് | II |
| 11 | കാനറാ ബാങ്ക്, ആനാട് | I ,II |
| 12 | ഫോറസ്റ്റ് ഫ്ളയിംങ് സ്ക്വാഡ് റേഞ്ച്, | I |

| | | |
|---|---|---|
| | ചുള്ളിമാന്നൂർ | |
| 13 | കേരള സ്റ്റേറ്റ് കൺസ്യൂമർ ഫെഡ് | I ,II |

09. പഞ്ചായത്തിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്ന് തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

I) സഞ്ചയ പ്രകാരം ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന താഴെ പറയുന്ന സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കുന്നതിനായി സ്വീകരിച്ച നടപടികൾ സംബന്ധിച്ച രേഖകൾ പരിശോധനയ്ക്കായി ലഭ്യമാക്കിയില്ല.

| ക്രമ നം | കെട്ടിടനമ്പർ | സ്ഥാപനത്തിന്റെ പേര്, ഉപയോഗക്രമം |
|---|---|---|
| 1 | 3/581/ | James Foundation വിദ്യാഭ്യാസാവശ്യം |
| 2 | 9/379/ | SHERIN BHAVAN, വിദ്യാഭ്യാസാവശ്യം |
| 3 | 9/533/ | Church Vaka Nursery School |
| 4 | 10/261/A | Divyajyothi Education And Charitable Trust |
| 5 | 10/340/ | Vimala Hridayaconvent |
| 6 | 11/450 /,11/451 | Sacred Heartschool |
| 7 | 16/351/ | K.K Englishmediumschool |
| 8 | 19/596/A | Nightingale College Of Nursing |
| 9 | 3/582/A | Abraham .P, George Educational Medical Charitable Society |

Ii) സഞ്ചയ പ്രകാരം 16 കെട്ടിടങ്ങൾ (അവയിൽ ഒന്ന് സർക്കാർ ആശുപത്രി) ആശുപത്രിയുടെ ഉപയോഗക്രമത്തിൽ പ്രവർത്തിക്കുന്നുണ്ട്. ആയവയിൽ ശക്തി സിദ്ധവൈദ്യശാല, ശങ്കർ ആയുർവേദ ആശുപത്രി എന്നിവയിൽ നിന്നും II Half തൊഴിൽ നികുതി മാത്രമാണ് ഈടാക്കിയിട്ടുള്ളത്. പ്രസ്തുത സ്ഥാപനങ്ങളിൽ നിന്ന് തൊഴിൽ നികുതി ഈടാക്കാത്തതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

Iii) സഞ്ചയ പ്രകാരം 05 കെട്ടിടങ്ങൾ അസംബ്ലി കെട്ടിടം, കൺവെൻഷൻ സെന്റർ, ആഡിറ്റോറിയം, കല്യാണ മണ്ഡപങ്ങൾ, ലോഡ്ജ്, സിനിമ തിയേറ്റർ ഉപയോഗക്രമത്തിൽ പ്രവർത്തിക്കുന്നുണ്ട്. എന്നാൽ എം ടി ഹാൾ എന്ന സസ്ഥാപനത്തിൽ നിന്നും II Half തൊഴിൽ നികുതി മാത്രമാണ് ഈടാക്കിയിട്ടുള്ളത്. പ്രസ്തുത സ്ഥാപനങ്ങളിൽ നിന്ന് തൊഴിൽ നികുതി ഈടാക്കാത്തതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.
മേൽ സ്ഥാപനങ്ങളുടെ ലൈസൻസ് പുതുക്കിയതിന്റെ രേഖകളും ലഭ്യമാക്കേണ്ടതാണ്.

10. വികസനരേഖ പ്രകാരം പഞ്ചായത്തിൽ പ്രവർത്തിക്കുന്ന വിവിധ സ്ഥാപനങ്ങളിൽ നിന്ന് തൊഴിൽ നികുതി ഈടായിട്ടില്ല.

പഞ്ചായത്തിൽ പ്രവർത്തിക്കുന്ന താഴെപ്പറയുന്ന സ്ഥാപനങ്ങളിൽ നിന്ന് (വികസനരേഖ പ്രകാരം) തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

1. ബി വി ഡി എം, ഐ റ്റി സി

2. കശുവണ്ടി ഫാക്ടറി

11. രജിസ്ററിൽ 2021-22 വർഷാവസാനം ഡി സി ബി എഴുതി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

അപാകതകൾ പരിഹരിച്ച് റിപ്പോർട്ട് ലഭ്യമാക്കേണ്ടതാണ്.

## 1-11 ലേല നടപടികൾ കൂടുതൽ കാര്യക്ഷമമാക്കേണ്ടതാണ്

2021-22 സാമ്പത്തിക വർഷത്തെ ലേല ഫയൽ പ്രകാരം ലേലം നടത്തിയിട്ടുള്ളത് ആകെ 4 ഇനങ്ങൾക്കാണ്. ആയത് ഇപ്രകാരമാണ്.

1. ചുള്ളിമാന്നൂർ മാർക്കറ്റ് ഷോപ്പിംഗ് കോംപ്ലക്സിലെ 12 ാം നമ്പർ കടമുറിയ്ക്കായുള്ള ലേലം
2. ചുള്ളിമാന്നൂർ മാർക്കറ്റ് ഷോപ്പിംഗ് കോംപ്ലക്സിലെ 4 ാം നമ്പർ കടമുറിയ്ക്കായുള്ള ലേലം
3. ചുള്ളിമാന്നൂർ മാർക്കറ്റ് ഷോപ്പിംഗ് കോംപ്ലക്സിലെ 5ാം നമ്പർ കടമുറിയ്ക്കായുള്ള ലേലം
4. ചുള്ളിമാന്നൂർ മാർക്കറ്റ് ഗേറ്റ് ഫീ പിരിവ്

ഇതിൽ 2,3,4 എന്നീ ഇനങ്ങളുടെ ലേലത്തിൽ ആരും തന്നെ പങ്കെടുത്തിരുന്നില്ല. എന്നാൽ മുറിച്ച മാറ്റിയ തടികൾ ലേലം ചെയ്യുന്നതുമായി ബന്ധപ്പെട്ട് വിവിധ ഭരണസമിതി യോഗങ്ങളിൽ തീരുമാനം എടുത്തിട്ടുണ്ട്. ആയത് സംബന്ധിച്ചുള്ള തുടർ നടപടികൾ ഒന്നും തന്നെ രജിസ്റ്ററിലോ ഫയലിലോ ഉൾപ്പെട്ടിട്ടില്ല. വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| തീയതി | അജണ്ട, തീരുമാനം | തീരുമാനം | ഓഡിറ്റ് എൻക്വയറി നം. 4 ന ലഭ്യമാക്കിയ മറുപടി |
|---|---|---|---|
| 20-04-2021 | 11,11 | ആനാട് ഗ്രാമപഞ്ചായത്തിലെ 6-ാം വാഡിൽ 281-ാം നമ്പർ വീട്ടിൽ താമസിക്കുന്ന ശ്രീമതി.നിഷാ സുന്ദരേശൻറെ വീടിന് മുന്നിൽ തോടിനോട്ടും ടിയാൻറെ വസ്തുവിൻറെ അതിരിനോട്ടും ചേർന്ന് ഒരു ഉദിമരവും,പാലമരവും അപകടാവസ്ഥയിൽ നിൽക്കുന്നതിനാൽ അടിയന്തിരമായി മുറിച്ച മാറ്റുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കണമെന്ന ടിയാൻറെ അപേക്ഷ കമ്മിറ്റി ചർച്ച ചെയ്തു.ആനാട് ഗ്രാമപഞ്ചായത്ത് പരിധിയിൽ അപകടാവസ്ഥയിൽ നിൽക്കുന്ന എല്ലാ വൃക്ഷങ്ങളും മഴക്കാല പൂർവ്വ ശുചീകരണ പ്രവർത്തനങ്ങൾ ഉൾപ്പെടുത്തി അടിയന്തരമായി മുറിച്ച് മാറ്റേണ്ടവ അപകട സാഹചര്യമുള്ളവ മുറിച്ച് മാറ്റിമുറിച്ച് മാറ്റി നിയമാനിസൃതമായി ഫോറസ്റ്റ് അധികൃതരിൽ നിന്ന് വാല്യൂവേഷൻ ലഭ്യമാക്കി ലേലം ചെയ്യുന്നതിന ആവശ്യമായ നടപടി സ്വീകരിക്കുന്നതിന് കമ്മിറ്റി തീരുമാനിച്ചു. | കമ്മിറ്റിയിൽ തീരുമാനമെടുത്തെങ്കിലും നാളിതുവരെ നടപ്പിലാക്കിയിട്ടില്ല. |
| 18-06-2021 | 9,4 | ആനാട് ഗവ.എൽ.പി.സ്കൂളിനായി കിഫ്ബി ഫണ്ട് ഉപയോഗിച്ച് കെട്ടിട നിർമ്മാണം നടത്തുന്ന സ്ഥലത്ത് പുതിയ നിർമ്മാണത്തിന് അസൌകര്യമായി നിൽക്കുന്ന 3 പുളിമരങ്ങളും 2 മാവുകളും മുറിച്ച് മാറ്റുന്നതിന വേണ്ട നടപടികൾ സ്വീകരിക്കണമെന്ന ആനാട് ഗവ.എൽ.പി.എസ്സിൽ എച്ച്.എമ്മിൻറെ അപേക്ഷ കമ്മിറ്റി വിശദമായി പരിശോധിച്ചു. മേൽ നിർമ്മാണ പ്രവർത്തനം നടക്കുന്ന സ്ഥലത്തെ മരങ്ങൾ മുറിച്ച മാറ്റുന്നതിന് ടീകമ്മിറ്റിയുടെ തീരുമാനപ്രകാരം സോഷ്യൽ ഫോറസ്ട്രി വകുപ്പിൽ നിന്ന് വാല്യേഷൻ ലഭ്യമാക്കി നിയമാനുസൃതം ആവശ്യമായ തുടർ | എച്ച് എം നോട് റിപ്പോർട്ട് ആവശ്യപ്പെട്ടിട്ടുണ്ട് |

| | | | |
|---|---|---|---|
| | | നടപടി സ്വീകരിക്കുന്നതിന് ആനാട് ഗവ.എൽ പി.സ്കൂൾ എച്ച്.എമ്മിനെ ചുമതലപ്പെടുത്തി കമ്മിറ്റി അംഗീകരിച്ച് തീരുമാനിച്ചു | |
| 27-07-2021 | 5,18 | ആനാട് ഗ്രാമപഞ്ചായത്തിലെ വഞ്ചുവം വാഡിൽ(8) വെള്ളൂർക്കോണം ഭാഗത്ത് പഞ്ചായത്ത് കിമറിന് സമീപത്തായി പുളിമരവും രണ്ട് മഹാഗണി മരവും സമീപത്തെ വീടിനും വഴിയ്ക്കും തടസ്സമായ രീതിയിൽ അപകടകരമായി നിൽക്കുന്നതായുള്ള വാർഡ് മെമ്പറുടെ പരാതിയിന്മേൽ സ്ഥലപരിശോധന നടത്തി നിയമാനുസൃതം തുടർനടപടി സ്വീകരിക്കുന്നതിന് വാർഡ് ക്ലർക്കിനെ ചുമതലപ്പെടുത്തി കമ്മിറ്റി അംഗീകരിച്ച് തീരുമാനിച്ചു | പുളിമരവും രണ്ടു മഹാഗണി മരവും നാളിതുവരെ മുറിച്ച് മാറ്റിയിട്ടില്ല |
| 9-8-2021 | 6,11 | ആനാട് ഗ്രാമപഞ്ചായത്തിൽ പൊതു ജനങ്ങൾക്ക് ഭീഷമിയായും അപകടകരമായും നിൽക്കുന്ന വൃക്ഷങ്ങൾ നിയമാനുസൃതം ട്രീ കമ്മിറ്റിയിൽ ഉൾപ്പെടുത്തി വനം വകുപ്പിൽ നിന്ന് വാല്യവേഷൻ ലഭ്യമാക്കി മുറിച്ച് മാറ്റുന്നതിന് കമ്മിറ്റി തീരുമാനിച്ചു. | കമ്മിറ്റി തീരുമാനം എടുത്തിരുന്നെങ്കിലും ആയത് നാളിതുവരെ നടപ്പിലാക്കിയിട്ടില്ല |
| 16-09-2021 | 6,2 | ചേല വാർഡിൽ ഗ്രാമപഞ്ചായത്തിൻറെ വാർഷിക പദ്ധതിയിൽ ഉൾപ്പെട്ട് എൽ.എസ്.ജി.ഡി, അസിസ്റ്റൻറ് എൻജിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായ പ്രോ.നം.230/22 ടേക്ക് എ ബ്രേക്ക് വിശ്രമകേന്ദ്രം മൂഴിയിലെ ടോയിലറ്റ് നവീകരണം എന്ന പദ്ധതിയുടെ നിർവ്വഹണവുമായി ബന്ധപ്പെട്ട് ടി സ്ഥലത്ത് നിന്ന് മുറിച്ച ബദാം,കൊന്ന മരങ്ങളുടെ തടി നിയമാനുസൃതം വനം വകുപ്പിൽ നിന്ന് വാല്യുവേഷൻ വാങ്ങി ലേലം ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കുന്നതിന് കമ്മിറ്റി തീരുമാനിച്ചു. | Take A Break വിശ്രമ കേന്ദ്ര സ്ഥലത്തു നിന്നതായി പറയുന്ന മരങ്ങളുടെ വിവരങ്ങൾ ലഭ്യമാക്കുന്നതിന് LSGD AE യോട് റിപ്പോർട്ട് ആവശ്യപ്പെട്ടിട്ടുണ്ട് |
| 4-10-2021 | 5,14 | ആനാട് ഗ്രാമപഞ്ചായത്തിലെ കല്ലിയോട് വാർഡിലെ 10-ാം നമ്പർ അങ്കണവാടി(വടക്കേകോണം)കെട്ടിട പരിസരത്ത് മുറിച്ചിട്ടിരുന്ന മരം അടിയന്തിരമായി മാറ്റുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കണമെന്ന് ഐ.സി.ഡി.എസ് സൂപ്പർവൈസറുടെ | (ICDS സൂപ്പർവൈസറുടെ മറുപടി) വിറക് ലേലം ചെയ്യുന്നതിന് 15-02-2022 ന കൂടിയ ALMSC കമ്മിറ്റിയിൽ തീരുമാനിക്കുകയും ലഭിച്ച തുകയായ 4600 രൂപ വാർഡ് മെമ്പറുടെ |

| | | | |
|---|---|---|---|
| | | അപേക്ഷ കമ്മിറ്റി പരിശോധിച്ച. വടക്കേകോണം അങ്കണവാടി പരിസരത്ത് മുറിച്ച് ഇട്ടിരിക്കുന്ന മരം ഫോറസ്റ്റ് അധികൃതരിൽ നിന്ന് വാല്യൂവേഷൻ എടുത്ത് നിയമാനുസൃതം ലേലം ചെയ്യുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുന്നതിന് ഐ.സി.ഡി.എസ് സൂപ്പർവൈസറെ ചുമതലപ്പെടുത്തി കമ്മിറ്റി അംഗീകരിച്ച് തീരുമാനിച്ചു. | സാന്നിദ്ധ്യത്തിൽ അങ്കണവാടി വർക്കറെ ഏൽപ്പിച്ചിരുന്നു. ടി തുകയിൽ നിന്നും 2405 രൂപയ്ക്ക് ഫാൻ, ക്ലോക്ക്, ഹോസ് എന്നിവ വാങ്ങിയതായും ബാക്കി തുക 2195 അങ്കണവാടി വർക്കറുടെ കൈവശമുള്ളതായും അറിയിച്ചിട്ടുണ്ട്. |

മേൽപ്പറഞ്ഞ തീരുമാനത്തിന്മേൽ ലേല നടപടികൾ സ്വീകരിച്ച് തുക തനത്ഫണ്ടിൽ മുതൽക്കൂട്ടി വിവരം ഓഡിറ്റിനെ ധരിപ്പിക്കേണ്ടതാണ്. അങ്കണവാടി വർക്കറുടെ കൈവശമുള്ളതായി അറിയിച്ചിട്ടുള്ള തുക പഞ്ചായത്ത് ഫണ്ടിൽ അടവാക്കി പ്രസ്തുത രസീത് പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതുമാണ്.

ഗ്രാമ പഞ്ചായത്തിലെ വിവിധ വിഭവങ്ങൾ ലേലത്തിൽ നൽകി വരുമാനമുണ്ടാക്കുന്നതിന്റെ സാധ്യത പരിശോധിക്കേണ്ടതായിട്ടുണ്ട്. ഓഡിറ്റ് എൻക്വയറി നം. 8 നുള്ള മറുപടിയായി ഗ്രാമ പഞ്ചായത്തിലെ വിവിധ സ്ഥാപന വളപ്പിലെ വൃക്ഷങ്ങളിൽ നിന്നുള്ള മേലാദായത്തിനുള്ള ലേലം നടത്തിയിട്ടില്ല എന്നറിയിച്ചിട്ടുണ്ട്. ആയതിന്റെ സാധ്യത പരിശോധിക്കാവുന്നതാണ്. ഗ്രാമ പഞ്ചായത്തിന്റെ ഉടമസ്ഥതയിൽ ആകെ 9 കുളങ്ങളുണ്ട്. ഇതിൽ 8 കുളങ്ങളും നവീകരണം ആവശ്യമായിട്ടുള്ളവയാണ് എന്നറിയിച്ചിട്ടുണ്ട്. ആയവ നവീകരിച്ച് മത്സ്യകൃഷിക്കായി ലേല നടപടികൾ സ്വീകരിക്കുന്നതിന്റെ സാധ്യതയും പരിശോധിക്കാവുന്നതാണ്. 4 കടമുറികൾ നിലവിൽ ഒഴിഞ്ഞു കിടക്കുന്നു. ലേല നടപടികൾ സ്വീകരിച്ച് കടമുറികൾ വാടകയ്ക്ക് നൽകാൻ അടിയന്തിരമായി നടപടി സ്വീകരിക്കേണ്ടതുമാണ്.

## 1-12 ട്രേഡേഴ്സ് ലിസ്റ്റ് കാലികമാക്കി സൂക്ഷിച്ചിട്ടില്ല

ആനാട് ഗ്രാമ പഞ്ചായത്തിൽ 2021-22 സാമ്പത്തിക വർഷത്തിൽ 209 സ്ഥാപനങ്ങളാണ് ലൈസൻസ് എടുത്തിട്ടുള്ളത്. (ലൈസൻസ് രജിസ്റ്റർ പ്രകാരം). എന്നാൽ 82 സ്ഥാപനങ്ങൾ മാത്രമാണ് ലഭ്യമാക്കിയ ട്രേഡേഴ്സ് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ളത്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം 11 ന കോവിഡിന്റെ പശ്ചാത്തലത്തിൽ വ്യാപാര സ്ഥാപനങ്ങൾ ഉറന്ന് പ്രവൃത്തിക്കാൻ കഴിയാത്ത സാഹചര്യം നില നിന്നിരുന്നതിനാലാണ് ട്രേഡേഴ്സ് ലിസ്റ്റ് പുതുക്കുന്നതിന് കഴിയാതിരുന്നതെന്ന് മറുപടി നൽകിയിട്ടുണ്ട്. ട്രേഡേഴ്സ് ലിസ്റ്റ് കാലികമാക്കി ലൈസൻസ് ഇല്ലാതെ പഞ്ചായത്ത് പരിധിയിൽ യാതൊരു വ്യാപാര സ്ഥാപനവും പ്രവൃത്തിക്കുന്നില്ല എന്നത് ഉറപ്പ് വരുത്തേണ്ടതാണ്.

## 1-12-1 കല്ല്യാണ മണ്ഡപങ്ങൾ ലൈസൻസ് ഇല്ലാതെ പ്രവൃത്തിക്കുന്നു

2021 -22 സാമ്പത്തിക വർഷം ഗ്രാമ പഞ്ചായത്തിൽ പ്രവൃത്തിക്കുന്ന കല്ല്യാണ മണ്ഡപങ്ങൾ ഒന്നും തന്നെ ലൈസൻസ് എടുത്തിട്ടില്ല. സഞ്ചയ സോഫ്റ്റ്-വെയർ പ്രകാരം ലഭ്യമായ പട്ടിക ചുവടെ ചേർക്കുന്നു.

1. 17/26 M T ഹാൾ, തിയേറ്റർ
2. 11/388 E- രാജ് കൺവൻഷൻ സെന്റർ
3. 11/46/- ഉടമസ്ഥൻ- നാസർ, ഉപയോഗക്രമം – കല്ല്യാണ മണ്ഡപം
4. 11/641- ഉടമസ്ഥൻ- പത്മ, ഉപയോഗക്രമം – കല്ല്യാണ മണ്ഡപം

ലൈസൻസ് ഇല്ലാതെ കല്ല്യാണ മണ്ഡപങ്ങൾ പ്രവൃത്തിച്ച് വരുന്നതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം 11 ന മേൽപ്പറഞ്ഞവ കൺവൻഷൻ സെന്റർ/ – കല്ല്യാണ മണ്ഡപം എന്ന ഉപയോഗക്രമത്തിൽ അസസ്സ് ചെയ്ത് കെട്ടിട നികുതി ഒടുക്കി വരുന്നു, ഇവ വ്യാപാര സ്ഥാപനങ്ങളല്ലാത്തതിനാലാണ് ലൈസൻസ് നൽകാത്തത് എന്നാണ് മറുപടി നൽകിയിട്ടുള്ളത്. 1996 ലെ കേരള പഞ്ചായത്ത് രാജ്, ഫാക്ടറികൾക്കും വ്യാപാര സ്ഥാപനങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ ചട്ടങ്ങൾ പ്രകാരം കല്ല്യാണ മണ്ഡപങ്ങളെ ലൈസൻസ് ആവശ്യമില്ലാത്തവയുടെ ഗണത്തിൽ ഉൾപ്പെടുത്തിയിട്ടില്ല. ആയതിനാൽ ലൈസൻസ് തുക ഈടാക്കി വിവരം ഓഡിറ്റിനെ ധരിപ്പിക്കേണ്ടതാണ്.

## 1-13 വസ്തുനികുതി -അപാകങ്ങൾ

### 1. വസ്തു നികുതി നിർണയത്തിലെ അപാകങ്ങൾ

2011-ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ, ചട്ടം 3 പ്രകാരം 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം, 207-ാം വകുപ്പ് പ്രകാരം വസ്തു നികുതിയിൽ നിന്ന് ഒഴിവാക്കപ്പെട്ടിട്ടില്ലാത്ത

ഓരോ കെട്ടിടത്തിനും 203-ാം വകുപ്പ് പ്രകാരവും ചട്ടങ്ങൾ പ്രകാരവും സെക്രട്ടറി വസ്തു നികുതി ചുമത്തേണ്ടതാണ്. എന്നാൽ സഞ്ചയ സോഫ്റ്റ്‌വെയർ പരിശോധിച്ചതിൽ നികുതി നിർണയത്തിൽ കണ്ടെത്തിയ അപാകങ്ങൾ ചുവടെ ചേർക്കുന്നു.

A) കെട്ടിടങ്ങളുടെ വസ്തു നികുതി ഡിമാന്റ് നടത്തിയില്ല

സഞ്ചയ സോഫ്റ്റ്‌വെയറിൽ ഗ്രാമപഞ്ചായത്തിലെ നാലാം വാർഡ് മാത്രം പരിശോധിച്ചതിൽ കെട്ടിടങ്ങളുടെ വസ്തു നികുതി നാളിതുവര ഡിമാന്റ് ചെയ്തിട്ടില്ല (ഡിമാന്റ് തുക 0). ഉദാഹരണം ചുവടെ ചേർക്കുന്നു.

| ക്രമ നം | വാർഡ്/കെട്ടിട.നം | ഉടമയുടെ പേര് | കെട്ടിടത്തിന്റെ ഉപയോഗക്രമം | വിസ്തീർണ്ണം |
|---|---|---|---|---|
| 1 | 4/484 | എസ്സ്.ബാബു | പാർപ്പിടം | 99.16 |
| 2 | 4/106 | ജയകുമാർ.റ്റി | പാർപ്പിടം | 99 |
| 3 | 4/329E | സുരേഷ് കുമാർ കെ | പാർപ്പിടം | 166.12 |
| 4 | 4/106a | ചിത്രലേഖ.എസ്( | പാർപ്പിടം | 162.99 |

B) സഞ്ചയപ്രകാരം നവഭാവന വേങ്കവിള എന്നത് വിദ്യാഭ്യാസാവശ്യത്തിനുള്ള കെട്ടിടമാണ് എന്നാൽ പ്രസ്തുത ഉപയോഗക്രമത്തിലുള്ള കെട്ടിടത്തിന്റെ വസ്തുനികുതി ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള ഉടമയുടെ 30 ച.മീ ൽ താഴെയുള്ള വാസഗൃഹം (സെ. 207 (1 (ഐ)) 2013 First Half മുതൽ നികുതി ഇളവ് ചെയ്ത് നൽകിയിട്ടുണ്ട്. ആയതിന്റെ വിശദാംശം ലഭ്യമാക്കേണ്ടതാണ്.

C) സഞ്ചയപ്രകാരം കൈരളി വനിതാ സമാജം ബാലവാടി , വാളംകുഴി, എന്ന വിദ്യാഭ്യാസാവശ്യം എന്ന ഉപയോഗക്രമത്തിലുള്ള കെട്ടിടത്തിന്റെ വസ്തുനികുതി (സെ. 207 പ്രകാരം (1 (എച്ച്) ) 1993 First Half മുതൽ നികുതി ഇളവ് ചെയ്ത് നൽകിയിട്ടുണ്ട്. ആയതിന്റെ വിശദാംശം ലഭ്യമാക്കേണ്ടതാണ്.

2. ഗ്രാമപഞ്ചായത്തിൽ സ്ഥിതി ചെയ്യുന്ന താഴെപ്പറയുന്ന വാണിജ്യാവശ്യത്തിനുള്ളവ 100 ച.മീറ്റർ മുകളിൽ തറ വിസ്തീർണ്ണം ഉള്ള കെട്ടിടത്തെ വാണിജ്യാവശ്യത്തിനുള്ളവ 100 ച.മീറ്റർ വരെ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ, റെസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗൺ എന്നീ ഉപയോഗക്രമത്തിൽ ഉൾപ്പെടുത്തി വസ്തു നികുതി ഡിമാന്റ് ചെയ്ത് തുക ഈടാക്കിയിട്ടുണ്ട്.

| ക്രമ നം | കെട്ടിട നമ്പർ | ഉടമയുടെ പേര് | ഉപയോഗക്രമം | വിസ്തീർണ്ണം |
|---|---|---|---|---|
| 1 | 17/245 | ബി.അശോകകുമാരൻ നായർ | ഷോപ്പ് | 108m2 |

വാണിജ്യാവശ്യത്തിനുള്ളവ 100 ച.മീറ്റർ മുകളിൽ തറ വിസ്തീർണ്ണം ഉള്ള കെട്ടിടത്തിന് ചതുരശ്ര മീറ്ററിന് അടിസ്ഥാന വസ്തു നികുതി 50/- രൂപയായിരിക്കെ 30/- രൂപ നിരക്കിൽ വസ്തു നികുതി കണക്കാക്കിയതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

3. താഴെപ്പറയുന്ന വിവിധ ഉപയോഗക്രമങ്ങളിൽ ഉൾപ്പെടുന്ന കെട്ടിടങ്ങളിൽ നിന്നും വസ്തുനികുതി ഈടാക്കിയിട്ടില്ല. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

I). ഓഫീസ് ആവശ്യത്തിനുള്ളവ (വ്യവസായ ശാലകളുടെ ഓഫീസ് കെട്ടിടം ഉൾപ്പടെ).

| ക്രമ നം | കെട്ടിട നമ്പർ | ഉടമയുടെ പേര് | കുടിശ്ശിക കാലയളവ് | കുടിശ്ശിക തുക |
|---|---|---|---|---|
| 1 | 5/436/ | ലക്ഷ്മണൻ | 2019 I-2022 II | 3404 |
| 2 | 6/115/A | സെക്രട്ടറി,സി.പി. ഐ ആനാട് ലോക്കൽ കമ്മിറ്റി ഓഫീസ്, | 2013I-2022II | 1580 |
| 3 | 6/115/B | സെക്രട്ടറി,സി.പി. ഐ ആനാട് ലോക്കൽ കമ്മിറ്റി ഓഫീസ്, | 2013I-2022II | 1420 |
| 4 | 6/210 | എം.എൻ വിജയൻ | 2013I-2022II | 14180 |

| | | | | |
|---|---|---|---|---|
| 5 | 9/161/ | പി.എം ഷാഹുൽഹമീദ് | 2021I-2022 II | 4066 |
| 6 | 17/245/A | കുമാരി ലേഖ.എസ് | 2018I-2022 II | 1435 |
| 7 | 17/668/ | മാനേജർ,വയർലെസ്സ്.റ്റി.റ്റി. ഇൻഫോ സർവ്വീസ് ലിമിറ്റഡ്,വേങ്കവിള, | 2013I-2022 II | 42930 |
| 8 | 17/669/ | മാനേജർ,വയർലെസ്സ്.റ്റി.റ്റി. ഇൻഫോ സർവ്വീസ് ലിമിറ്റഡ്,വേങ്കവിള, | 2013I-2022 II | 13860 |
| 9 | 18/215/ | കെ. നടരാജൻ | 2013I-2019 II 2020 I മുതൽ Demand ചെയ്തിട്ടില്ല. | 6763 |

Ii) വിദ്യാഭ്യാസാവശ്യം

| ക്രമ നം | കെട്ടിട നമ്പർ | ഉടമയുടെ പേര് | കുടിശ്ശിക കാലയളവ് | കുടിശ്ശിക തുക |
|---|---|---|---|---|
| 1 | 9/379/ | ജീവാപണിക്കർ | 2020 II-2022 II | 12880 |
| 2 | 11/234/A | B..U.D.M.ITC | 2013I-2022II | 1990 |
| 3 | 11/462/ | സൈഫുദ്ദീൻ, മാങ്കുഴിവീട് | 2013I-2022II | 690 |
| 4 | 16/351/ | താരാനാഥൻകെ.കെ,ഇംഗ്ലീഷ് മീഡിയം സ്കൂൾ | 2021I-2122II | 1324 |

Iii)ആശുപത്രികൾ

| ക്രമ നം | കെട്ടിട നമ്പർ | ഉടമയുടെ പേര് | കുടിശ്ശിക കാലയളവ് | കുടിശ്ശിക തുക |
|---|---|---|---|---|
| 1 | 11/33/ | Ajimsha. A. B | 2021 I-2022 II | 6052 |
| 2 | 11/250/ | Jafaruddeen Nazeemabeevi | 2020 I-2022 II | 1941 |
| 3 | 11/251/ | Jafaruddeen Nazeemabeevi | 2020 I-2022 II | 1665 |
| 4 | 11/253/ | Dr.Rajkapoor | 2020 I-2022 II | 276 |
| 5 | 19/158/ | Lailamani Surendran | 2021 I-2022 II | 406 |

Iv) മൊബൈൽ ടവറുകൾ

2020-21 ഓഡിറ്റ് റിപ്പോർട്ടിൽ പരാമർശിച്ചിട്ടുള്ള വസ്തുനികുതി കുടിശ്ശിക യായിട്ടുള്ള മൊബൈൽ ടവറുകൾക്ക് 2021-22 സാമ്പത്തിക വർഷത്തിലും വസ്തുനികുതി കുടിശ്ശികയായി തന്നെ നിലനിൽക്കുന്നു.

4. 2011 ലെ കേരള പഞ്ചായത്ത് (വസ്തുനികുതിയും സേവനഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ,ചട്ടം 7 പ്രകാരം ഗ്രാമപഞ്ചായത്ത് പ്രദേശത്തെ പ്രഥമം, ദ്വിതീയം, തൃതീയം എന്നിങ്ങനെ മേഖലകളായി തരം തിരിക്കേണ്ടതും, ചട്ടം 7(4) പ്രകാരം മേഖലകളെ സംബന്ധിച്ച വിവരങ്ങൾ ഗ്രാമപഞ്ചായത്തിന്റെ വാർഡ് അടിസ്ഥാനത്തിലുള്ള മാപ്പിൽ രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതുമാണ്. കെട്ടിടങ്ങൾക്ക് വസ്തു നികുതി നിർണയിക്കുമ്പോൾ പ്രസ്തുത മേഖലകളുടെ

അടിസ്ഥാനത്തിലാണ് നികുതി ഇളവ് അനുവദിക്കേണ്ടത്. എന്നാൽ ഗ്രാമപഞ്ചായത്തിൽ അത്തരത്തിൽ മാപ്പ് തയ്യാറാക്കി സൂക്ഷിക്കുന്നില്ല.

5. 2011 ലെ കേരളപഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ, ചട്ടം 11 (1), (2) എന്നിവ പ്രകാരം ഓരോ കെട്ടിടത്തിന്റെയും ഉടമ, തന്റെ കെട്ടിടത്തെ സംബന്ധിച്ച എല്ലാ വിവരങ്ങളടങ്ങിയതും അവ സത്യമാണെന്ന് സ്വയം സാക്ഷ്യപ്പെടുത്തിയതുമായ വസ്തു നികുതി റിട്ടേൺ 10-ാം ചട്ടം (2)ാം ഉപചട്ടം പ്രകാരം സെക്രട്ടറി പ്രസിദ്ധീകരിക്കുന്ന നോട്ടീസിൽ ആവശ്യപ്പെടുന്ന സമയപരിധിക്കകം സെക്രട്ടറി അല്ലെങ്കിൽ സെക്രട്ടറി അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥൻ മുൻപാകെ ഫാറം -2ൽ സമർപ്പിക്കേണ്ടതാണ്. മേൽ ചട്ടം 12(4) പ്രകാരം കെട്ടിടഉടമ വസ്തുനികുതി റിട്ടേൺ സമർപ്പിച്ച സംഗതിയിൽ, സെക്രട്ടറി അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥൻ കെട്ടിടത്തെ സംബന്ധിച്ച വിവരങ്ങൾ ആറുമാസത്തിനകം സ്ഥലത്തു പോയി വിവരങ്ങളുടെ കൃത്യതയും ഉറപ്പാക്കേണ്ടതുമാണ്. കെട്ടിടത്തെ സംബന്ധിച്ച ആവശ്യമായ വിശദ വിവരങ്ങൾ / ആധികാരിക രേഖകൾ ഉൾപ്പെടുത്തി ഫോം 6 തയ്യാറാക്കേണ്ടതും, അപ്രകാരം ശേഖരിച്ച വിവരങ്ങളുടെ അടിസ്ഥാനത്തിൽ സെക്രട്ടറി വസ്തു നികുതി നിർണ്ണയം നടത്തേണ്ടതും ആ വിവരം വസ്തു നികുതി നിർണ്ണയ രജിസ്റ്ററിൽ രേഖപ്പെടുത്തി സഞ്ചയ സോഫ്റ്റ് വെയറിൽ ഉൾപ്പെടുത്തേണ്ടതുമാണ്. അത്തരത്തിൽ തയ്യാറാക്കിയ മാപ്പിന്റെ വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല.

ഇത സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ - 39/02.12.2022ന് മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതകൾ പരിഹരിച്ച് റിപ്പോർട്ട് ലഭ്യമാക്കേണ്ടതാണ്.

## 1-14 അസിസ്റ്റന്റ് സെക്രട്ടറി നടപ്പിലാക്കിയ വനിതകൾക്ക് തൊഴിലവസരസൃഷ്ടി പദ്ധതി - രേഖകളുടെ അഭാവത്തിൽ 380000/-രൂപയുടെ ചെലവ് തടസ്സം

| | |
|---|---|
| പ്രോജക്ട് നമ്പർ | S0038/21-22 |
| പ്രോജക്ടിന്റെ പേര് | വനിതകൾക്ക് തൊഴിലവസരസൃഷ്ടി (ലീപ്പ്) |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് സെക്രട്ടറി |
| അടങ്കൽ | വികസന ഫണ്ട്- ജനറൽ- 400000/-<br>ഗുണഭോക്തൃവിഹിതം-800000/-<br>ആകെ 1200000/- |
| ചെലവ് തുക | 380000/-രൂപ (വികസന ഫണ്ട്- ജനറൽ) |
| ബിൽ നമ്പർ/ തീയ്യതി / തുക | 1)419/02-03-22തുക140000/-<br>2)465/16.03.22 തുക 180000/-<br>3)542/26.03.22 തുക 60000/- |

സംസ്ഥാന സർക്കാരിന്റെ പന്ത്രണ്ടിന പരിപാടിയുടെ ഭാഗമായി സ്വയംതൊഴിൽ സംരംഭം ആരംഭിക്കുന്നതിനായി സർക്കാരിൽ നിന്നോ, മറ്റ് സർക്കാർ ഏജൻസികളിൽ നിന്നോ കഴിഞ്ഞ അഞ്ച് വർഷത്തിനിടയിൽ ധനസഹായം ലഭിക്കാത്ത വനിതകൾക്ക് 20000/- രൂപ ബാക്കെന്റ് സബ്സിഡിയായി നൽകുന്നതിനായി വിഭാവനം ചെയ്തതാണ് മേൽ പദ്ധതി. 40000/- രൂപയുടെ സംരംഭം ആരംഭിക്കുന്ന വ്യക്തിയ്ക്കാണ് 20000/- രൂപ സബ്സിഡിയായി നൽകുന്നത്. മൂലധനമായി 40000/- രൂപ ബാങ്ക് വായ്പയെടുക്കുന്നു. വനിതകൾക്ക് തൊഴിലവസരം സൃഷ്ടിക്കുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യം. പ്രസ്തുത പ്രോജക്ട് പ്രകാരം 19 വനിതകൾക്ക് ആനുകൂല്യം നൽകിയിട്ടുണ്ട്.

സ്വയം തൊഴിൽ സംരംഭങ്ങൾക്ക് സബ്സിഡി അനുവദിക്കുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ ജി.ഒ. (എം.എസ്) നം 22/2018 ത.സ്വ.ഭ.വ തിയതി 14.02.2018 ഉത്തരവിൽ നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട് ലഭ്യമാക്കിയ രേഖകളോടൊപ്പം പ്രസ്തുത ഉത്തരവിലെ നിർദ്ദേശങ്ങൾ പാലിച്ചത് സാധൂകരിക്കുന്ന പല രേഖകളും സൂക്ഷിച്ച് കാണുന്നില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

1. പദ്ധതി പ്രകാരം തെരഞ്ഞെടുക്കപ്പെട്ട വ്യക്തിക്ക് വായ്പ അനുവദിച്ചതിന്റെ വിശദാംശങ്ങൾ (ലോൺ നമ്പർ, വായ്പ തുക, പലിശ നിരക്ക്, തിരിച്ചടവ് കാലാവധി തുടങ്ങിയവ) ബാങ്ക് ലഭ്യമാക്കുന്ന മുറയ്ക്ക്, ബാങ്ക് അനുവദിച്ച വായ്പ തുകയിൽ നിന്നും സബ്സിഡി തുക കിഴിച്ച് ബാക്കി തുകയും, അതിന്റെ പലിശയും ഗുണഭോക്താവ് തിരിച്ചടച്ച് തീർക്കുന്ന ദിവസം സബ്സിഡി തുക ഗുണഭോക്താവിന്റെ ലോൺ അക്കൗണ്ടിൽ വരവ് വച്ച് ലോൺ തീർപ്പാക്കി വിവരം ലഭ്യമാക്കണമെന്ന വ്യവസ്ഥയോടെയാണ് സബ്സിഡി തുക ബാങ്കിന് കൈമാറേണ്ടത്. എന്നാൽ ഇപ്രകാരം ലോൺ തീർപ്പാക്കി വിവരം ലഭ്യമാക്കണമെന്ന വ്യവസ്ഥയോടെയല്ല സബ്സിഡി തുക ബാങ്കിന് കൈമാറിയിട്ടുള്ളത്. മേൽ ഗുണഭോക്താകൾക്ക്

ലോൺ അനുവദിക്കാൻ സമ്മതമാണെന്നുമുള്ള ബാങ്കിന്റെ കത്തിന്റെ അടിസ്ഥാനത്തിൽ സബ്സിഡി തുക ബാങ്കിന് കൈമാറുകയാണ് ചെയ്തിട്ടുള്ളത് (കാനറാ ബാങ്ക് ആനാട്, അക്കൗണ്ട് നം-209272441).

2. വനിതകൾക്ക് വിവിധ രീതിയിലുള്ള തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിന് തൊഴിലില്ലാത്തവരെ പദ്ധതിയിൽ ഉൾപ്പെടുത്തി വായ്പാധിഷ്ഠിത ബാക്കെന്റ് സബ്സിഡി നല്കുന്നതിനാണ് പദ്ധതി വിഭാവനം ചെയ്തിട്ടുള്ളതെങ്കിലും പദ്ധതിയിലെ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി വിവിധ തൊഴിലുകളിൽ ഏർപ്പെട്ടിട്ടുള്ള വനിതകളാണ് പ്രസ്തുത പദ്ധതിയുടെ ഗുണഭോക്താക്കളായിട്ടുള്ളത്. ഇത് പദ്ധതി മാർഗ്ഗരേഖയ്ക്ക് വിരുദ്ധമാണ്.

3. ഗുണഭോക്താക്കളുടെ അപേക്ഷകളോടൊപ്പം ചുവടെ ചേർക്കുന്ന രേഖകൾ ലഭ്യമാക്കിയിട്ടില്ല.

I. പദ്ധതി പ്രകാരമുള്ള ഗുണഭോക്താക്കളുടെ അർഹതാമാനദണ്ഡങ്ങളിൽ കുടുംബവാർഷിക വരുമാനപരിധി പൊതുവിഭാഗത്തിന് 200000/- രൂപയും, പട്ടികജാതി വിഭാഗത്തിന് 300000/- രൂപയുമാണെന്ന് നിഷ്കർഷിക്കുന്നുണ്ടെങ്കിലും ആയത് തെളിയിക്കുന്ന രേഖകൾ.

Ii. ഗ്രാമപഞ്ചായത്തിലെ സ്ഥിരതാമസക്കാരനാണ് എന്ന് തെളിയിക്കുന്ന രേഖ.

Iii. ഗുണഭോക്താക്കൾക്ക് മറ്റ് ഏജൻസികളിൽ നിന്നോ സർക്കാർ വകുപ്പുകളിൽ നിന്നോ കഴിഞ്ഞ അഞ്ച് വർഷത്തിനുള്ളിൽ സമാന ആനുകൂല്യം ലഭിച്ചിട്ടില്ലായെന്നത് സംബന്ധിച്ച സാക്ഷ്യപത്രം പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

5. ഗുണഭോക്താക്കൾ ലോൺ തിരിച്ചടച്ചതിന്റെ വിവരങ്ങൾ പരിശോധിക്കുന്നതിനായി 19 ഗുണഭോക്താക്കളുടെയും ലോൺ അക്കൗണ്ട് പാസ്ബുക്ക്/ സ്റ്റേറ്റ്മെന്റ് ലഭ്യമാക്കിയിട്ടില്ല.

6. 19 ഗുണഭോക്താക്കളുടെ അപേക്ഷകളും നിർവ്വഹണഉദ്യോഗസ്ഥ പരിശോധന നടത്തി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

7. ഗുണഭോക്താവ് ഒന്നാം കക്ഷിയും, നിർവ്വഹണോഗസ്ഥൻ രണ്ടാം കക്ഷിയായും കരാർ ഒപ്പിട്ടില്ല.

8. അനുവദിച്ച സബ്സിഡി തുക ബന്ധപ്പെട്ടവരുടെ വായ്പാ അക്കൗണ്ടിൽ വകയിരുത്തിയതായി രേഖപ്പെടുത്തിയ വായ്പ അനുവദിച്ച ബാങ്ക് അധികൃതരുടെ കൈപ്പറ്റ് രസീത് ഫയലിൽ സൂക്ഷിച്ചിട്ടില്ല.

9. ഗുണഭോക്താക്കൾ യൂണിറ്റ് ആരംഭിക്കുന്നതിനും, നടത്തിപ്പിനുമായി ചെലവഴിച്ച തുകയുമായി ബന്ധപ്പെട്ട രേഖകളോ ബില്ലുകളോ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

10. 40000/- രൂപയുടെ സംരംഭം ആരംഭിക്കുന്ന വ്യക്തിയ്ക്ക് 20000/- രൂപ സബ്സിഡിയായി നൽകുന്നതിനാണ് പദ്ധതിയിൽ നിർദ്ദേശിച്ചിട്ടുള്ളതെങ്കിലും ബാങ്ക് അധികൃതരുടെ വായ്പ അനുവദിച്ച കത്ത് പ്രകാരം 50000/- രൂപയുടെ വായ്പയാണ് ഓരോ ഗുണഭോക്താവിനും അനുവദിച്ചിട്ടുള്ളത്.

11. മോണിറ്ററിംങ് റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല.

മേൽ പരാമർശിത രേഖകളും വിശദീകരണങ്ങളും ഓഡിറ്റിന് ലഭ്യമാക്കുവാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്. പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട് കൂടുതൽ രേഖകൾ ബന്ധപ്പെട്ട ഗുണഭോക്താക്കൾ വായ്പ അനുവദിച്ച ബാങ്കിൽ സമർപ്പിച്ചിട്ടുണ്ടെങ്കിൽ ബാങ്ക് അധികൃതർ, നിർവ്വഹണ ഉദ്യോഗസ്ഥൻ എന്നിവരുടെ സാക്ഷ്യപ്പെടുത്തലോടുകൂടി അവയുടെ പകർപ്പുകൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം - 12/25.11.22 ന് ലഭ്യമാക്കിയ മറുപടി പരിഗണിച്ചതിനു ശേഷമുള്ള പരാമർശങ്ങളാണ് ഖണ്ഡികയിൽ ചേർത്തിട്ടുള്ളത്. മേൽ രേഖകളുടെ അഭാവത്തിൽ 380000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. പ്രസ്തുത രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-15 കന്നുകട്ടി പരിപാലനം -712500/-രൂപയുടെ ചെലവ് തടസ്സം

| | |
|---|---|
| നിർവഹണോദ്യോഗസ്ഥൻ | വെറ്ററിനറി സർജൻ |
| പദ്ധതി,നം | പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി -4/22 |
| അടങ്കൽ തുക | 712500, വികസന ഫണ്ട്<br>712500- ഗുണഭോക്തൃവിഹിതം<br>ആകെ-1425000 |
| ചെലവ് തുക | ബിൽ നം.-<br>1)511/23.03.22- 162500/-<br>2)336/27.01.22-350000/-<br>3) 418/28.02.22-200000/-<br>ആകെ -712500/- |

മേൽ പദ്ധതി നടപ്പിലാക്കുന്നതിനായി തിരുവനന്തപുരം എസ് എൽ ബി പി ഡെപ്യൂട്ടി ഡയറക്ടർക്ക് 712500/- രൂപ

കൈമാറിയിട്ടുണ്ട്. എന്നാൽ എസ് എൽ ബി പി ഡെപ്യൂട്ടി ഡയറക്ടറുടെ വിനിയോഗസാക്ഷ്യപത്രം പരിശോധനയ്ക്കായി ലഭ്യമാക്കിയിട്ടില്ല.

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം -34/30.11.22ന് മേൽ പദ്ധതി തുടരുന്നുവെന്നും, പൂർത്തീകരിക്കുന്ന മുറയ്ക്ക് ലഭ്യമാക്കുന്നതാണെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്. മേൽ സാഹചര്യത്തിൽ 712500/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. വിനിയോഗസാക്ഷ്യപത്രം ലഭ്യമാകുമ്പോൾ തടസ്സം ഒഴിവാക്കുന്നതാണ്.

## 1-16 സ്വകാര്യവ്യക്തിയുടെ സ്ഥലത്ത് അനധികൃതനിർമ്മാണം - പദ്ധതിപ്പണം പാഴായി

ഗ്രാമപഞ്ചായത്ത് 2020-21ൽ നിർവ്വഹണം നടത്തിയ "വടക്കേല ഈഴോട്ടുകോണം റോഡ് കോൺക്രീറ്റ്" എന്ന പദ്ധതി ഒരു സ്വകാര്യവ്യക്തിയുടെ സ്ഥലം കൈയ്യേറിക്കൊണ്ടാണെന്ന് കോടതി നിരീക്ഷിച്ചിട്ടുള്ളതായി കേസ് ഫയലുകളുടെ പരിശോധനയിൽ കാണുന്നു. ധനകാര്യകമ്മീഷൻ ഗ്രാന്റിൽ നിന്നും 10094/- രൂപയും മെയിന്റനൻസ്(റോഡ്) ഗ്രാന്റിൽ നിന്നും 227298/- രൂപയും ചെലവഴിച്ച് നിർവ്വഹണം നടത്തിയ പ്രസ്തുത പദ്ധതിയിൽ സ്ഥലവാസിയായ പരാതിക്കാരിയുടെ 0.16 സ്ഥലം പഞ്ചായത്ത് കൈയ്യേറിയതായി വില്ലേജ് ഓഫീസർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

ഗ്രാമപഞ്ചായത്തിന് പൊതു ആവശ്യത്തിന് സ്ഥലം ആവശ്യമാണെന്ന് കാണുകയാണെങ്കിൽ ആയത് ഭൂമി ഏറ്റെടുക്കൽ നിയമപ്രകാരം ഏറ്റെടുക്കുകയോ വസ്തു ഉടമസ്ഥൻ സ്വമേധയാ ഭൂമി വിട്ടുനൽകിയാൽ ഏറ്റെടുക്കുകയോ മാത്രമേ പാടുള്ളൂ എന്ന് പഞ്ചായത്ത് രാജ് നിയമം 178-ാം വകുപ്പ് പറയുന്നു. പഞ്ചായത്തിന്റെ പ്രസ്തുത നടപടി ഈ നിയമത്തിന്റെയും ഭരണഘടന 300എ ഖണ്ഡികയുടെയും ലംഘനമാണെന്നതിനാൽ പരാതിക്കാരിയുടെ ഭൂമി വിട്ടുനൽകാൻ നിർദ്ദേശിച്ച് കോടതി ഉത്തരവായിട്ടുണ്ട്. ഇതിൻപ്രകാരം 23.08.2022ന് പരാതിക്കാരിയുടെ സ്ഥലത്തുള്ള നിർമ്മാണം പൊളിച്ചുനീക്കി സ്ഥലം വിട്ടുനൽകുകയും ചെയ്തു.

നടപടിക്രമങ്ങൾ പാലിക്കാതെയുള്ള ഇത്തരം പ്രവർത്തനങ്ങൾ പഞ്ചായത്തിന് വൻ സാമ്പത്തിക നഷ്ടം ഉണ്ടാക്കുമെന്നതിനാൽ, ആയത് ഒഴിവാക്കുന്നതിലേക്ക് ഭരണസമിതിയുടെ സത്വരശ്രദ്ധ ക്ഷണിക്കുന്നു.

## 1-17 വിനിയോഗസാക്ഷ്യപത്രം ലഭ്യമല്ല – 1838024/- രൂപ ചെലവ് തടസ്സപ്പെടുത്തുന്നു

സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായ കുഴൽക്കിണർ നിർമ്മാണം, പൈപ്പ് ലൈൻ നീട്ടൽ മുതലായ പദ്ധതികൾ പ്രകാരം ആകെ 1838024/- രൂപ ബന്ധപ്പെട്ട ഏജൻസികളിൽ ഒടുക്കിയിട്ടുണ്ട്. വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം | പദ്ധതി നം | ബിൽ നം/തീയതി | തുക | ഏജൻസി |
|---|---|---|---|---|
| 1 | 183 | 357/2.2.22 | 489274/- (U/c കിട്ടാത്തത് - 4705/-) | ഭൂജലവകുപ്പ് |
| 2 | 184 | 522/24.3.22 | 911000/- (U/c കിട്ടാത്തത് - 734509/-) | ഭൂജലവകുപ്പ് |
| 3 | 112 | 335/27.1.22 | 423773/- | KWA, അരുവിക്കര |
| 4 | 115 | 334/27.1.22 | 126000/- | KWA, അരുവിക്കര |
| 5 | 290 | 337/27.1.22 | 184994/- | KWA, അരുവിക്കര |
| 6 | 118 | 332/27.1.22 | 93043/- | KWA, അരുവിക്കര |
| 7 | 119 | 331/27.1.22 | 112000/- | KWA, അരുവിക്കര |
| 8 | 114 | 226/16.11.21 | 26000/- | KWA, അരുവിക്കര |
| 9 | 122 | 227/16.11.21 | 42000/- | KWA, അരുവിക്കര |
| 10 | 116 | 228/16.11.21 | 91000/- | KWA, അരുവിക്കര |

തുക ഒടുക്കിയതൊഴിച്ചാൽ മറ്റു പ്രവർത്തികൾ എന്തെങ്കിലും നടന്നിട്ടുണ്ടോ എന്നത് വ്യക്തമല്ല. ബോർഡുമായി ഇതു സംബന്ധിച്ച് കത്തിടപാടുകളും നടത്തിക്കാണുന്നില്ല. വിനിയോഗസാക്ഷ്യപത്രം ലഭ്യമായിട്ടില്ലാത്ത സാഹചര്യത്തിൽ പ്രസ്തുത ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-18 വൃദ്ധർക്ക് കട്ടിൽ വിതരണം – നടപടിക്രമം പാലിക്കാതെ കൂടുതൽ തുകയുടെ ടെൻഡർ അംഗീകരിച്ചു. 467400 രൂപയുടെ പദ്ധതി ചെലവ് തടസ്സം ചെയ്യുന്നു

| | |
|---|---|
| പ്രോജക്ടിന്റെ പേര്, നം | വൃദ്ധർക്ക് കട്ടിൽ, 54/22 |
| നിർവഹണോദ്യോഗസ്ഥൻ | ഐ.സി.ഡി.എസ് സൂപ്പർവൈസർ |
| അടങ്കൽ | 495900 |
| ചെലവ് | 467400 (ബിൽ നം. 30/21-22, തീ. 11-03-2022) |
| ഭരണ സമിതി അംഗീകാരം, തീരുമാനം നം | 1(1)/4-03-2022 |

വൃദ്ധർക്ക് കട്ടിൽ വിതരണം എന്ന പദ്ധതിയുടെ നിർവ്വഹണത്തിനു വേണ്ടി ടെണ്ടർ ക്ഷണിച്ചതിൽ 12 ടെൻഡറുകൾ ലഭിച്ചു. ആയതിന്റെ വിവരങ്ങൾ ഇപ്രകാരമാണ്.
(1.98m X വീതി 90x60x50 Cm)

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് | സമർപ്പിച്ചിട്ടുള്ള ടെൻഡർ |
|---|---|---|
| 1 | പ്ലാസ എന്റർപ്രൈസസ് | 5 വർഷം വാറണ്ടി ആഞ്ഞിലി/മഹാഗണി<br>1. സ്പെസിഫിക്കേഷൻ 1- 2794<br>2. സ്പെസിഫിക്കേഷൻ 2. 3394<br>3. സ്പെസിഫിക്കേഷൻ 3 3967 |
| 2 | കെ. പി ഫർണിച്ചർ | 5 വർഷം വാറണ്ടി ആഞ്ഞിലി/മഹാഗണി- 3444 |
| 3 | എ. ബി എന്റർപ്രൈസസ് | ആഞ്ഞിലി- 3370 |
| 4 | നിഷാദ് എസ് | ആഞ്ഞിലി- 4100 |
| 5 | സേതു ടി | 2 വർഷം വാറണ്ടി അക്വേഷ്യ/ആഞ്ഞിലി /മഹാഗണി - 3290 |
| 6 | ഗോപി നാഥൻ | ആഞ്ഞിലി- 3450 |
| 7 | Tritech Traders, Vazhuthakkadu | അക്വേഷ്യ-3195, മഹാഗണി-3335, ആഞ്ഞിലി -3690 |
| 8 | MH ഏജൻസീസ് | വിവിധ സ്പെസിഫിക്കേഷനിൽ മഹാഗണി 2805, 3185, 3375, 3685, 4185 അക്വേഷ്യ 3405, 3605, 3985, 4205 ആഞ്ഞിലി- 2775, 2995, 3265, 3485,4035 *ഓരോ ഇനത്തിനും വാറന്റി പിരീഡ് പ്രത്യേകം പ്രത്യേകം ക്വാട്ട് ചെയ്തിട്ടുണ്ട് |
| 9 | R K Industries | ആഞ്ഞിലി/ അക്വേഷ്യ- 2750 (3 വർഷം വാറന്റി) പോളിഷ് ചെയ്ത്- 3000 |
| 10 | ശബരി സ്റ്റീൽ ഫർണിച്ചർ | ആഞ്ഞിലി- 3750 മഹാഗണി- 3850 അക്വേഷ്യ- 3980 |
| 11 | ശ്രീജിത് മാതാ റബ്ബർ ഇൻഡസ്ട്രി | ആഞ്ഞിലി/ അക്വേഷ്യ-4000 |

| | | |
|---|---|---|
| 12 | സിഡ്കോ പാപ്പനംകോട് | അക്ഷേഷ്യ- 3684 |

I) മേൽ പട്ടിക 16-09-2021 ഇൽ നടന്ന ഭരണസമിതി യോഗത്തിൽ ചർച്ച ചെയ്തിട്ടുണ്ട്. ഗുണമേന്മയുള്ളതും വില അധികരിക്കാത്തതുമായ ടെൻഡർ സമർപ്പിച്ച നിഷാദ് എസ് എന്നയാളുടെ ടെൻഡർ അംഗീകരിക്കണമെന്ന ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ ടി വ്യക്തിയുടെ ടെൻഡർ അംഗീകരിച്ച് തുടർ നടപടി സ്വീകരിക്കാൻ ഐ.സി.ഡി.എസ് സൂപ്പർവൈസറെ ചുമതലപ്പെടുത്തി തീരുമാനമെടുത്തിട്ടുണ്ട്. 13-09-2021 ലെ ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി മിനിറ്റ്സ് പരിശോധിച്ചതിൽ നിഷാദ് എസ് എന്നയാളുടെ ടെൻഡർ അംഗീകരിച്ച വിവരം ഉൾപ്പെട്ടിട്ടുണ്ടെങ്കിലും ടിയാളെ തെരഞ്ഞെടുത്തതിന്റെ മാനദണ്ഡം വ്യക്തമാക്കിയിട്ടില്ല. സാമ്പിളുകൾ പരിശോധിച്ച് ഗുണനിലവാരം വിലയിരുത്തിയിട്ടുള്ള യാതൊരു വിധ രേഖകളും ഫയലിൽ ഉൾപ്പെട്ടിട്ടില്ല. പ്രൊക്യൂർമെന്റ് കമ്മിറ്റി കോവിഡിന്റെ പശ്ചാത്തലത്തിൽ കൂടാൻ കഴിഞ്ഞിട്ടില്ല എന്ന വിവരം ഫയലിലുണ്ട്. എന്നാൽ പ്രൊക്യൂർമെന്റ് കമ്മിറ്റി മിനിട്സ് പ്രകാരം 4 പ്രാവശ്യം യോഗം ചേർന്നതായി പറയുന്നു.

1. ഫർണിച്ചറുകളുടെ ഗുണനിലവാരം പരിശോധിക്കുവാൻ ക്ഷമതയുള്ള ഉദ്യോഗസ്ഥൻ ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയിൽ ഉൾപ്പെട്ടിട്ടുണ്ടോ എന്ന വിവരം ലഭ്യമാക്കിയിട്ടില്ല.
2. ഓരോ സ്ഥാപനവും ലഭ്യമാക്കിയ സാമ്പിളുകൾ പരിശോധിച്ചതിന്റെ പരിശോധനാ റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല.
3. കുറഞ്ഞ തുകയുള്ള ടെൻഡറുകൾ അംഗീകരിക്കാതെ കൂടുതൽ തുകയുള്ള; വാറന്റി പോലും ക്വാട്ട് ചെയ്യാത്ത ടെൻഡർ അംഗീകരിച്ചതിന് വ്യക്തമായ വിശദീകരണം ലഭ്യമാക്കിയിട്ടില്ല.

മേൽ അപാകങ്ങൾ സംബന്ധിച്ച് നൽകിയിട്ടുള്ള ഓഡിറ്റ് എൻക്വയറി നം. 36 ന ലഭ്യമാക്കിയ മറുപടി അംഗീകരിക്കാവുന്നതല്ല. കൃത്യമായ വിശദീകരണം ലഭ്യമാക്കാത്ത സാഹചര്യത്തിൽ പദ്ധതിയിനത്തിൽ ചെലവ് ചെയ്ത തുക (Rs. 467400/-) ഓഡിറ്റ് തടസ്സം ചെയ്യുന്നു. കൃത്യമായ വിശദീകരണവും അനുബന്ധരേഖകളും ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

II) GST Invoice No. 000004/ 10-01-2022 (Rs. 467400/-) പ്രകാരം CGST 9 % എന്നും SGST 9% എന്നും രേഖപ്പെടുത്തിയിട്ടുണ്ട്. 383268/- ആണ് ബിൽ പ്രകാരം ടാക്സബിൾ എമൌണ്ട്. പ്രസ്തുത തുകയുടെ 2% TDS ആയി ഈടാക്കിയിട്ടുമുണ്ട്. ബില്ലിൽ GST Amount ആയി രേഖപ്പെടുത്തിയിരിക്കുന്നത് 84132 രൂപയാണ്. 383268/- രൂപയുടെ ടാക്സബിൾ എമൌണ്ടും 84132/- രൂപയുടെ GST Amount ഉം ചേർത്താണ് ആകെ 467400/- രൂപ കൈമാറിയിട്ടുള്ളത്. എന്നാൽ 383268 രൂപയുടെ 18 % GST കണക്കാക്കുമ്പോൾ ആകെ 68988 രൂപയാണ് GST തുക. 15144/- രൂപ ടാക്സ് ഇനത്തിൽ അധികമായാണ് ബില്ലിൽ രേഖപ്പെടുത്തിയിരിക്കുന്നത്. കൂടുതലായി നൽകിയ GST തുക തിരികെ ഈടാക്കി വിവരം ഓഡിറ്റിനെ ധരിപ്പിക്കേണ്ടതാണ്.

## 1-19 ഗുണഭോക്താക്കൾക്ക് അനുവദിക്കുന്ന ഗഡുക്കൾ സംബന്ധമായ വിവരങ്ങൾ രേഖപ്പെടുത്തിയിരിക്കുന്നതിൽ അവ്യക്തത

I)

വിവിധ പദ്ധതികൾ വഴി ലൈഫ് ഗുണഭോക്താക്കൾക്ക് ഗഡുക്കളായി തുക അനുവദിച്ചത് രജിസ്റ്ററിൽ രേഖപ്പെടുത്തുമ്പോൾ തീയതിയും നൽകുന്ന തുകയും കൃത്യമായി രേഖപ്പെടുത്തേണ്ടതുണ്ട്. എന്നാൽ VEO സർക്കിൾ 1 ന്റെ ലൈഫ് പദ്ധതി സംബന്ധമായ രജിസ്റ്ററിൽ ചില ഗുണഭോക്താക്കൾക്ക് നൽകിയ ഗഡുക്കൾ രേഖപ്പെടുത്തിയിരിക്കുന്നതിനൊപ്പം തീയതി രേഖപ്പെടുത്തിയിട്ടില്ല. (ഉദാ. ക്രമ നം 9 ഗീതു എം, ക്രമ നം 8- ജയശ്രീ, ക്രമ നം. 13 ഭാരതി). സ്പിൽ ഓവർ പദ്ധതികളായി തുടർന്ന് വരുന്ന ലൈഫ് പദ്ധതികൾ വഴി പലപ്പോഴായി ഗഡുക്കൾ അനുവദിച്ചിട്ടുണ്ടെങ്കിലും ഏത് സാമ്പത്തിക വർഷം കൈമാറിയ ഗഡുക്കളെ സംബന്ധിച്ച വിവരമാണ് രജിസ്റ്ററിൽ രേഖപ്പെടുത്തിയിരിക്കുന്നത് എന്നതിൽ വ്യക്തതക്കുറവുണ്ട്. രജിസ്റ്ററുകൾ കൃത്യമായി പരിപാലിക്കാത്തതിന് കാരണം വ്യക്തമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 32 ന രജിസ്റ്ററിൽ ഗഡുക്കൾ കൈപ്പറ്റിയതിന്റെ തീയതി കൃത്യമായി രേഖപ്പെടുത്തി സൂക്ഷിക്കുന്നതാണെന്ന് മറുപടി നൽകിയിട്ടുണ്ട്.

II)

2021- 2022 സാമ്പത്തിക വർഷം VEO സർക്കിൾ II നിർവഹിച്ച വിവിധ പദ്ധതികളുടെ രേഖകൾ പരിശോധിച്ചതിലും ഇതേ തരത്തിലുള്ള അപാകങ്ങൾ ആവർത്തിക്കപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

A)

| | |
|---|---|
| പ്രോജക്ടിന്റെ പേര്, നം. | വീട് വാസയോഗ്യമാക്കൽ (എസ്.സി.പി), 13/2022 |
| നിർവഹണോദ്യോഗസ്ഥൻ | വി. ഇ.ഒ സർക്കിൾ II |
| അടങ്കൽ | 3800000 വികസന ഫണ്ട്, (എസ്.സി.പി) |
| ചെലവ് | 2480000 |

ഓരോ ഗുണഭോക്താവിനും ഗഡുക്കളായി തുക അനുവദിച്ചത് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ബന്ധപ്പെട്ട തീയതി രേഖപ്പെടുത്തിയിട്ടില്ല. തനത് സാമ്പത്തിക വർഷം കൈമാറിയ തുകയ്ക്ക് സമാനമായ രേഖപ്പെടുത്തലിന് പുറമേ ഓരോ ഗുണഭോക്താവിനും കൈമാറിയിട്ടുള്ള മറ്റു ഗഡുക്കൾ സംബന്ധമായ രേഖപ്പെടുത്തൽ രജിസ്റ്ററിൽ നടത്തിയിട്ടുണ്ട്. എന്നാൽ തീയതി രേഖപ്പെടുത്താത്തതിനാൽ ടി ഗഡുക്കൾ ഏത് സാമ്പത്തിക വർഷം നൽകിയിട്ടുള്ളതാണെന്ന വിവരം ലഭ്യമല്ല. ആശയക്കുഴപ്പം സൃഷ്ടിക്കും വിധം രജിസ്റ്ററിൽ രേഖപ്പെടുത്തൽ നടത്തിയിരിക്കുന്നതിനാൽ തനത് സാമ്പത്തിക വർഷം കൈമാറിയ ഗഡുക്കൾ സംബന്ധമായ വിവരങ്ങൾ പൂർണമായി രേഖപ്പെടുത്തിയിട്ടുണ്ടെന്ന് ഉറപ്പാക്കാൻ കഴിഞ്ഞിട്ടില്ല. രജിസ്റ്ററിൽ കൃത്യമായ സാക്ഷ്യപ്പെടുത്തലും നടത്തിയിട്ടില്ല.

ഉദാ;

| രജിസ്റ്ററിലെ പേജ് നം | ഗുണഭോക്താവിന്റെ പേര് | നൽകിയിട്ടുള്ള ഗഡുക്കൾ സംബന്ധിച്ച് രജിസ്റ്ററിലെ രേഖപ്പെടുത്തൽ | വിവിധ ബില്ലുകൾ പ്രകാരം തനത് സാമ്പത്തിക വർഷം നൽകിയിട്ടുള്ള ഗഡുക്കൾ |
|---|---|---|---|
| 19 | കുട്ടപ്പൻ . കെ | 50000, 30000, 20000 | 50000, 30000 |
| 22 | സരസു കെ | 50000, 21000, 29000 | 50000 |
| 23 | വിമൽകുമാർ | 50000, 50000 | 50000 |

B)

| | |
|---|---|
| പ്രോജക്ടിന്റെ പേര്, നം. | ഭവന പുനരുദ്ധാരണം SO (ജനറൽ) 238/22 |
| നിർവഹണോദ്യോഗസ്ഥൻ | വി. ഇ.ഒ സർക്കിൾ II |
| അടങ്കൽ | 182603 (തനത് ഫണ്ട്) |
| ചെലവ് | 80000 |

3. ഗുണഭോക്താക്കൾക്ക് പ്രസ്തുത പദ്ധതി വഴി ഭവന പുനരുദ്ധാരണത്തിനായി തുക അനുവദിച്ചിട്ടുണ്ട്. പ്രോ. നം 322/21 , പ്രോ. നം 14/20 എന്നീ പദ്ധതികളുടെ സ്പിൽ ഓവർ പദ്ധതിയായ ടി പദ്ധതി വഴി സരസമ്മ എന്ന വ്യക്തിയ്ക്ക് 20000/- രൂപയും (ബിൽ നം. 118/ 8-09-2021) ബെൽസി എന്ന വ്യക്തിയ്ക്ക് 20000/- രൂപയും (ബിൽ നം. 567/29-03-2022) സുനിത കെ എന്ന വ്യക്തിയ്ക്ക് 40000 രൂപയും (ബിൽ നം. 119/08-09-2021) കൈമാറിയിട്ടുണ്ട്. നാളിതുവരെ അനുവദിച്ചിട്ടുള്ള ഗഡുക്കൾ ബന്ധപ്പെട്ട രജിസ്റ്ററിൽ പരിശോധനാവിധേയമാക്കിയതിൽ കൃത്യമായ തീയതി രേഖപ്പെടുത്താതെ രജിസ്റ്റർ പരിപാലിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| രജിസ്റ്ററിലെ പേജ് നം | ഗുണഭോക്താവിന്റെ പേര് | നൽകിയിട്ടുള്ള ഗഡുക്കൾ സംബന്ധിച്ച് രജിസ്റ്ററിലെ രേഖപ്പെടുത്തൽ | വിവിധ ബില്ലുകൾ പ്രകാരം തനത് സാമ്പത്തിക വർഷം നൽകിയിട്ടുള്ള ഗഡുക്കൾ |
|---|---|---|---|
| 65 | സരസമ്മ | 20000, 20000 | 20000 |
| 66 | ബെൽസി | 20000, 20000 | 20000 |
| 65 | സുനിത കെ | 20000, 20000 | 40000 |

തീയതി രേഖപ്പെടുത്താത്തതിനാൽ ടി ഗഡുക്കൾ ഏത് സാമ്പത്തിക വർഷം നൽകിയിട്ടുള്ളതാണെന്ന വിവരം ലഭ്യമല്ല. ആശയക്കുഴപ്പം സൃഷ്ടിക്കും വിധം രജിസ്റ്ററിൽ രേഖപ്പെടുത്തൽ നടത്തിയിരിക്കുന്നതിനാൽ തനത് സാമ്പത്തിക വർഷം കൈമാറിയ ഗഡുക്കൾ സംബന്ധമായ വിവരങ്ങൾ പൂർണമായി രേഖപ്പെടുത്തിയിട്ടുണ്ടെന്ന് ഉറപ്പാക്കാൻ കഴിഞ്ഞിട്ടില്ല. സുനിത കെ എന്ന വ്യക്തിക്ക് നൽകിയ 40000/- രൂപയുടെ യാതൊരുവിധ രേഖപ്പെടുത്തലും രജിസ്റ്ററിൽ വരുത്തിയിട്ടുമില്ല.

മേൽ അപാകങ്ങൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം. 31 ന മറുപടി നൽകിയിട്ടില്ല. രജിസ്റ്ററിന്റെ കൃത്യമായ പരിപാലനം പല വർഷങ്ങളിലായി ഗുണഭോക്താക്കൾക്ക് പദ്ധതി വിഹിതം അനുവദിക്കുമ്പോൾ തുക അധികമായോ കുറവായോ നൽകിയിട്ടില്ല എന്നത് ഉറപ്പ് വരുത്തുന്നതിന് അനിവാര്യമാണ്. അപാകങ്ങൾ പരിഹരിച്ച് രജിസ്റ്റർ കാലികമാക്കി സൂക്ഷിക്കേണ്ടതാണ്.

## 1-20 പിരിച്ചെടുത്ത ഗുണഭോക്തൃ വിഹിതം ചെലവഴിക്കാതെ 100% തുകയും വികസനഫണ്ടിൽ നിന്നും ചെലവഴിച്ചു

പ്രോ. നം. 138/22 ബയോ കമ്പോസ്റ്റ് ബിൻ പദ്ധതി പ്രകാരം ഗുണഭോക്തൃ വിഹിതം പിരിച്ചിട്ടുണ്ടെങ്കിലും മുഴുവൻ തുകയും വികസന ഫണ്ട് – ധനകാര്യ കമ്മീഷൻ അവാർഡിൽ നിന്നുമാണ് ചെലവഴിച്ചിട്ടുള്ളത്. ഒരു യൂണിറ്റ് ബയോ കമ്പോസ്റ്റ് ബിൻ - ന 1800/- രൂപയാണ് വില. ടി തുകയുടെ 10% ഗുണഭോക്തൃ വിഹിതമായി 78 ഗുണഭോക്താക്കളിൽ നിന്നും പിരിച്ചെടുത്തിട്ടുണ്ട്. ആകെ 14040/- രൂപ (78x180) ഇത്തരത്തിൽ പിരിച്ചെടുത്ത് പഞ്ചായത്ത് ഫണ്ടിൽ ഒടുക്കിയിരിക്കുന്നു. തനത് ഫണ്ടിൽ തുക അവശേഷിക്കെ പിരിച്ചെടുത്ത ഗുണഭോക്തൃ വിഹിതം ചെലവഴിക്കാതെ വികസന ഫണ്ടിൽ നിന്നും 100% തുക IRTC പ്രോജക്ട് ഇംപ്ലിമെന്റേഷൻ യൂണിറ്റിന് നൽകിയിരിക്കുന്നു. ആനുപാതികമായി തുക ചെലവഴിക്കാത്തതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം 37 ന മറുപടി ലഭ്യമാക്കിയിട്ടില്ല. അധികമായി ചെലവഴിച്ച 10% തുക ക്രമീകരിക്കാൻ വേണ്ട നടപടികൾ അടിയന്തിരമായി സ്വീകരിക്കേണ്ടതാണ്.

## 1-21 സുഭിക്ഷ കേരളം -വീട്ടുവളപ്പിലെ മത്സ്യകൃഷി - പദ്ധതി തുക അധികം ചെലവഴിച്ചു

സുഭിക്ഷ കേരളം -വീട്ടുവളപ്പിലെ മത്സ്യകൃഷി എന്ന പേരിൽ 4 പ്രോജക്ടുകൾ തൻവർഷം ഏറ്റെടുത്തിരുന്നു.( പദ്ധതി നം 234, 31, 232, 233 എന്നിവ) പദ്ധതികൾ ജനറൽ വിഭാഗത്തിലായിരുന്നതിനാൽ 40% സബ്സിഡിയാണ് വിഭാവനം ചെയ്തിരുന്നത്. ഈ നാലു പദ്ധതികൾക്കും സംസ്ഥാനാവിഷ്കൃത ഫണ്ടും, പദ്ധതി നം 233 ന് മാത്രം കേന്ദ്രാവിഷ്കൃത ഫണ്ടും വകയിരുത്തിയിരുന്നു. 40% സബ്സിഡി നൽകുമ്പോൾ പദ്ധതി ഫണ്ട്, സംസ്ഥാനാവിഷ്കൃത ഫണ്ട്, കേന്ദ്രാവിഷ്കൃത ഫണ്ട് എന്നിവ വകയിരുത്തിയിരുന്നതിന് ആനുപാതികമായാണ് തുക ചെലവഴിക്കേണ്ടിയിരുന്നത്. എന്നാൽ ഈ നാലു പദ്ധതികൾക്കും പ്ലാൻ ഫണ്ട് മാത്രമുപയോഗിച്ച് 40% സബ്സിഡിയും നൽകിയതായി കാണുന്നു.

1.സുഭിക്ഷ കേരളം -വീട്ടുവളപ്പിലെ മത്സ്യകൃഷി (പദ്ധതി നം 234)

| ഫണ്ട് | അടങ്കൽ | ചെലവ് |
|---|---|---|
| പൊതുവിഭാഗം-സാധാരണ വിഹിതം | 196800 | 178732 |
| സംസ്ഥാനാവിഷ്കൃത ഫണ്ട് | 98400 | 0 |
| മറ്റുള്ളവ | 442800 | സ്വയം വഹിക്കൽ |
| ആകെ | 738000 | 178732 |

ചെലവ്-

ബിൽ നം-1/22 തീയതി.19.07.21 തുക 178732/-

ഈ പദ്ധതി പ്രകാരം ആനുകൂല്യം ലഭ്യമായ ഗുണഭോക്താക്കൾ (അപേക്ഷകളിലെ രേഖപ്പെടുത്തൽ പ്രകാരം).

1.ബിന്ദു സതീശൻ -26440/-

2.ആൻസലാ ബീവി -31060/-

3.സുശീല -31080/-

4.ഉദയകുമാരി -27080/-

5.ശകുന്തള -31740/-

6.പുഷ്കല കുമാരി -31740/-

സുലേഖ പത്രികയിലെ ചെലവുതുകയും പദ്ധതി നിർവ്വഹണ രേഖകളിൽ കാണിച്ചിട്ടുള്ള ചെലവുതുകയും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

2.സുഭിക്ഷ കേരളം -വീട്ടുവളപ്പിലെ മത്സ്യകൃഷി (പദ്ധതി നം 31)

| ഫണ്ട് | അടങ്കൽ | ചെലവ് |
|---|---|---|
| പൊതുവിഭാഗം-സാധാരണ വിഹിതം | 141954/- | 141954 |
| സംസ്ഥാനാവിഷ്കൃത ഫണ്ട് | 94800/- | 0 |
| മറ്റുള്ളവ | 375120/- | സ്വയം വഹിക്കൽ |
| ആകെ | 615474/- | 141954 |

ചെലവ്-

ബിൽ നം-4/22 തീയതി.24.02.22 തുക 110714/-

ബിൽ നം-5/22 തീയതി.03.03.22 തുക 31240/-

ഈ പദ്ധതി പ്രകാരം ആനുകൂല്യം ലഭ്യമായ ഗുണഭോക്താക്കൾ.

1.ശ്രീകല -31240/-

2.ജെസ്സി.വി.എസ്സ് -30520/-

3.ഷംലബീവി. -9350/-

4.സുഷമകുമാരി. -30840/-

5.ഉപന്യ. -31424/-

6.ശോഭന.ആർ. -8580/-

3.സുഭിക്ഷ കേരളം -വീട്ടുവളപ്പിലെ മത്സ്യകൃഷി (പദ്ധതി നം 232)

| ഫണ്ട് | അടങ്കൽ | ചെലവ് |
|---|---|---|
| പൊതുവിഭാഗം-സാധാരണ വിഹിതം | 81920/- | 23428/- |
| സംസ്ഥാനാവിഷ്കൃത ഫണ്ട് | 131200 | 0 |
| മറ്റുള്ളവ | 319680 | സ്വയം വഹിക്കൽ |
| ആകെ | 532800 | 23428/- |

ചെലവ്-

ബിൽ നം-2/22 തീയതി.19.07.22 തുക 23428/-

ഈ പദ്ധതി പ്രകാരം ആനുകൂല്യം ലഭ്യമായ ഗുണഭോക്താക്കൾ.

1.സുഷമ -9320/-

2.ശരണ്യ -5320/-

3.ജോളി -8788/-

4.സുഭിക്ഷ കേരളം -വീട്ടുവളപ്പിലെ മത്സ്യകൃഷി (പദ്ധതി നം 233)

| ഫണ്ട് | അടങ്കൽ | ചെലവ് |
|---|---|---|
| പൊതുവിഭാഗം-സാധാരണ വിഹിതം | 127200/- | 23720/- |
| കേന്ദ്രാവിഷ്കൃത ഫണ്ട്. | 92000/- | 0 |
| സംസ്ഥാനാവിഷ്കൃത ഫണ്ട് | 82000/- | 0 |
| മറ്റുള്ളവ | 313800 | സ്വയം വഹിക്കൽ |
| ആകെ | 615000 | 23720/- |

ചെലവ്-

ബിൽ നം-3/22 തീയതി.19.07.21 തുക 23720/-

ഈ പദ്ധതി പ്രകാരം ആനുകൂല്യം ലഭ്യമായ ഗുണഭോക്താക്കൾ.

1.സന്ധ്യ -23720/-

സർക്കാർ ഉത്തരവ് (സാ.ധാ.) നം 1009/2020 ത.സ്വ.ഭ.വ.തീയതി.29.05.20 പ്രകാരം സുഭിക്ഷ കേരളം പദ്ധതിയുടെ മാർഗനിർദ്ദേശം പുറപ്പെടുവിച്ചിട്ടുണ്ട്. ഇതിൻ പ്രകാരം വീട്ടുവളപ്പിലെ മത്സ്യകൃഷിക്ക് തദ്ദേശ സ്ഥാപനവും ഫിഷറീസ് വകുപ്പും നൽകേണ്ട പരാമധി സബ്സിഡി തുകയും അനുപാതവും വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ ഇത് പരിഗണിക്കാതെ മുഴുവൻ തുകയും തദ്ദേശ സ്ഥാപനം വഹിച്ചത് ക്രമപ്രകാരമല്ല. വിശദീകരണം ആവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് (ഓഡിറ്റ് അന്വേഷണം -30/ 2022 തീയതി : 30.11.2022) മറുപടി ലഭ്യമാക്കിയില്ല. ഭാവിയിൽ അപാകതകൾ ഒഴിവാക്കി പദ്ധതികൾ നിർവഹണം നടത്തേണ്ടതാണ്.

## 1-22 ഹോമിയോ മരുന്ന വാങ്ങൽ പദ്ധതികൾ-ചെലവഴിച്ച മുഴവൻ തുകയ്ക്കും മരുന്ന് ലഭ്യമായില്ല. 290937/-രൂപയുടെ ചെലവ് ഓഡിറ്റ് തടസ്സം ചെയ്യുന്നു.

തൻവർഷം മെഡിക്കൽ ഓഫീസർ-ഹോമിയോ മരുന്ന വാങ്ങലിനായി രണ്ട് പദ്ധതികൾ ഏറ്റെടുത്തിരുന്നു. എന്നാൽ ചെലവഴിച്ച മുഴവൻ തുകയ്ക്കും മരുന്ന് ലഭ്യമായില്ല.

1. ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങൽ (പദ്ധതി നം 62/22)

| ഫണ്ട് | അടങ്കൽ തുക | ചെലവ് തുക | ചെലവ് വിവരം |
|---|---|---|---|
| തനത് ഫണ്ട് | 114000 | 114000 | TR.59(e).ബിൽ നം-169/18.10.2021 ചെക്ക് നം 5125833 തീയതി. 24.12.2021 |
| റോഡിതരം | 300000 | 300000 | TR.59(e).ബിൽ നം-168/18.10.2021 |
| ആകെ | 414000 | 414000 | |

ഈ പദ്ധതി പ്രകാരം ആകെ 414000/- ചെലവഴിച്ച് ഹോംകോയിൽനിന്നും മരുന്നുകൾ വാങ്ങിയിട്ടുണ്ട്. ഇതിൽ ആകെ 208277/- രൂപയ്ക്ക് മാത്രമെ മരുന്ന് ലഭ്യമായിട്ടുള്ളൂ. 205723/- രൂപയ്ക്കുള്ള മരുന്ന് ഇനിയും ലഭ്യമാകാൻ അവശേഷിക്കുന്നു.

2. തദ്ദേശ സ്ഥാപനങ്ങളുടെ നിയന്ത്രണത്തിലുള്ള ആശുപത്രികൾക്ക് മരുന്ന് വാങ്ങൽ (പദ്ധതി നം 124/22)

| ഫണ്ട് | അടങ്കൽ തുക | ചെലവ് തുക | ചെലവ് വിവരം |
|---|---|---|---|
| റോഡിതരം | 150000 | 150000 | TR.59(e).ബിൽ നം-2/17.01.2022 |
| ആകെ | 150000 | 150000 | |

ഈ പദ്ധതി പ്രകാരം ആകെ 150000/- ചെലവഴിച്ച് ഹോംകോയിൽനിന്നും മരുന്നുകൾ വാങ്ങിയിട്ടുണ്ട്. ഇതിൽ ആകെ 64786/- രൂപയ്ക്ക് മാത്രമെ മരുന്ന് ലഭ്യമായിട്ടുള്ളൂ. 85214/- രൂപയ്ക്കുള്ള മരുന്ന് ഇനിയും ലഭ്യമാകാൻ അവശേഷിക്കുന്നു.

ഇരു പദ്ധതികളിലുമായി 564000/- രൂപ ചെലവഴിച്ചതിൽ ആകെ 273063/- രൂപയ്ക്കുള്ള മരുന്ന് മാത്രമെ ലഭ്യമാക്കിയുള്ളൂ. 290937/- രൂപയുടെ മരുന്ന് ഇനിയും ലഭ്യമാക്കാൻ അവശേഷിക്കുന്നു. ബാക്കി തുകയ്ക്കുള്ള മരുന്നുകൾ ലഭ്യമാക്കുവാൻ ഹോംകോയ്ക്ക് കത്ത് നൽകിയിട്ടുണ്ടെന്ന് ഓഡിറ്റ് അന്വേഷണത്തിന് മറുപടിയായി (ഓഡിറ്റ് അന്വേഷണം-13/ 2022 തീയതി : 26.11.2022) നിർവഹണ ഉദ്യോഗസ്ഥ അറിയിച്ചിട്ടുണ്ട്.ഇനിയും മരുന്ന് ലഭ്യമാകാനുള്ള 290937/- രൂപയുടെ ചെലവ് ഓഡിറ്റ് തടസ്സം ചെയ്യുന്നു.മരുന്ന് ലഭ്യമാകുന്ന മുറയ്ക്ക് തടസ്സം ഒഴിവാക്കുന്നതാണ്.

## 1-23 ദുരിതാശ്വാസനിധി രൂപീകരിച്ചിട്ടില്ല

2003 ലെ കേരള പഞ്ചായത്ത് രാജ് (ദുരിതാശ്വാസ നിധി രൂപീകരണവും വിനിയോഗവും) ചട്ടങ്ങളിലെ ചട്ടം 3 പ്രകാരം പേമാരി, വെള്ളപ്പൊക്കം, പ്രകൃതിക്ഷോഭം, അഗ്നിബാധ, കൊടുങ്കാറ്റ്, കടലാക്രമണം, അത്യാഹിതം, മാറാരോഗങ്ങൾ എന്നിവ മൂലം ദുരിതമനുഭവിക്കുന്നവരും ഗ്രാമ പഞ്ചായത്ത് പ്രദേശങ്ങളിൽ നിവസിക്കുന്നവരും നിർദ്ധനരുമായ വ്യക്തികൾക്ക് അവരുടെ ദുരിതനിവാരണാർത്ഥം അടിയന്തിര ധനസഹായം നൽകുന്നതിനായി ഓരോ ഗ്രാമപഞ്ചായത്തിനും ഒരു പ്രമേയം മൂലം, ഗ്രാമ പഞ്ചായത്തിന്റെ മറ്റ് ഫണ്ടുകളിൽ നിന്നും വേറിട്ട് സൂക്ഷിക്കുന്ന ഒരു ദുരിതാശ്വാസ നിധി രൂപീകരിക്കാവുന്നതും അത് ഗ്രാമപഞ്ചായത്തിന്റെ ദുരിതാശ്വാസ നിധി എന്ന് അറിയപ്പെടുന്നതുമാണ്.

എന്നാൽ ആനാട് ഗ്രാമപഞ്ചായത്തിൽ ഇപ്രകാരം ദുരിതാശ്വാസ നിധി രൂപീകരിച്ചിട്ടില്ല എന്നാണ് ഇതു സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക് (നം. 6) മറുപടി നൽകിയിട്ടുള്ളത്.

ദുരിതാശ്വാസ നിധി രൂപീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിലേക്കായി വിഷയം ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## 1-24 ആസ്തി രജിസ്റ്റർ കാലികമാക്കേണ്ടതാണ്

തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിന്റെ അധീനതയിലുള്ള വസ്തുവകകൾ, കെട്ടിടങ്ങൾ, റോഡുകൾ മുതലായ ആസ്തികൾ കാലികമാക്കി പുതുക്കി രജിസ്റ്ററിൽ രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തി സചിത്ര സോഫ്റ്റ് വെയർ ഉപയോഗിച്ച് ഡേറ്റാ ബേസ് ആയി സൂക്ഷിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ 18.07.2013 ലെ സർക്കാർ ഉത്തരവ് ജി.ഒ.(എം.എസ്) 255/2013 ത.സ്വ.ഭ.വ. മുഖേന പുറപ്പെടുവിച്ചിട്ടുണ്ട്. ആസ്തി രജിസ്റ്റർ കാലികമാക്കുന്നതിനുള്ള നിർദ്ദേശങ്ങൾ 06.01.2012 ലെ ജി.ഒ.(ആർ.ടി.) 59/2012 മുഖേനയും പുറപ്പെടുവിച്ചിട്ടുണ്ട്. പഞ്ചായത്തിലെ ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല എന്ന മറുപടിയാണ് എൻക്വയറിക്ക് നൽകിയത്.

## 1-25 റോഡ് കണക്റ്റിവിറ്റി പ്ലാൻ, മാപ്പ് എന്നിവ തയ്യാറാക്കിയിട്ടില്ല

പതിമൂന്നാം പഞ്ചവത്സര പദ്ധതി മാർഗ്ഗരേഖ ഖണ്ഡിക 7.13 പ്രകാരം ഓരോ തദ്ദേശഭരണ സ്ഥാപനവും റോഡ് കണക്റ്റിവിറ്റി മാപ്പും റോഡ് കണക്റ്റിവിറ്റി പ്ലാനും നിർബന്ധമായും തയ്യാറാക്കിയിരിക്കണം എന്ന് വ്യക്തമാക്കിയിട്ടുണ്ട്. പ്രവൃത്തികൾ നടപ്പാക്കുന്നത് കണക്റ്റിവിറ്റി പ്ലാനിനെ അടിസ്ഥാനമാക്കി മുൻഗണനാ ക്രമത്തിൽ ആകണമെന്ന് 04.02.2011 ലെ സ.ഉ(എം.എസ്) 31/2011/തസ്വഭവ നമ്പർ ഉത്തരവിൽ സർക്കാർ വ്യക്തമായി നിഷ്കർഷിച്ചിട്ടുണ്ട്. റോഡ് കണക്റ്റിവിറ്റി പ്ലാനും മാപ്പും തയ്യാറാക്കിയിട്ടുണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 24 ന മറുപടി ലഭ്യമാക്കിയിട്ടില്ല. 2021-22 വർഷത്തിൽ ഇതിനായുള്ള പദ്ധതി ഏറ്റെടുത്തിട്ടുണ്ടെങ്കിലും നിർവ്വഹണം നടത്തിയിട്ടുള്ളതായി കാണുന്നില്ല.

## 1-26 സ്പിൽ ഓവർ പ്രവൃത്തികൾ തൻവർഷവും പൂർത്തീകരിച്ചിട്ടില്ല

2021-22 ൽ സ്പിൽ ഓവറായി ഉൾപ്പെടുത്തിയിരുന്ന മുഴുവൻ പദ്ധതികൾക്കും സുലേഖ പത്രിക പ്രകാരം ചെലവ് നടന്നിട്ടില്ലാത്തതായി കാണുന്നു. ജി.ഒ. (എം.എസ്) നം. 72/2017ത.സ്വ.ഭ.വ. തിരുവനന്തപുരം തീയതി: 29/03/2017 പ്രകാരം സ്പിൽ ഓവറായി മാറുന്ന പദ്ധതികൾ നിർബന്ധമായും അതേ വർഷം തന്നെ പൂർത്തിയാക്കണം എന്ന് നിഷ്കർഷിക്കുന്നുണ്ട്. എന്നാൽ ഇത്തരത്തിൽ ഏറ്റെടുത്ത മുഴുവൻ പദ്ധതികളും ഗ്രാമപഞ്ചായത്ത് പൂർത്തീകരിച്ചിട്ടില്ല.വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | പദ്ധതി നം | പദ്ധതി പേര് | അടങ്കൽ |
|---|---|---|---|
| 1 | 208 | ആനാട് പാറക്കൽ മണ്ഡപം മാർക്കറ്റ് റോഡ് പാലം | 500000 |
| 2 | 215 | ചെറുവേലി പാണയം വലിയപാലം റോഡ് റിടാറിംഗ് & കോൺക്രീറ്റ് | 880000 |
| 3 | 217 | പണ്ടാരക്കോണം മഞ്ചേരി ഇടവഴി കോൺക്രീറ്റ് | 150000 |
| 4 | 206 | താന്നിമൂട് തകരക്കുഴി റോഡ് പുനരുദ്ധാരണം | 473870 |
| 5 | 244 | ടേക്ക് എ ബ്രേക്ക് പ്രീമിയം വിശ്രമകേന്ദ്രം നിർമ്മാണം | 2550000 |
| 6 | 223 | ചുള്ള കാൽവരി റോഡ് മെയിന്റനൻസ് | 350000 |
| 7 | 198 | കൊല്ല അങ്കണവാടി നിർമ്മാണം | 1450000 |
| 8 | 200 | മരുതുംമൂട്-കുന്നത്തുമല-ആറാംപള്ളി റോഡിന് പാർശ്വഭിത്തിനിർമ്മാണം | 559217 |
| 9 | 205 | പഞ്ചായത്ത് ഓഫീസ് കെട്ടിടം - ISO നാലാം ഘട്ടം | 2000000 |
| 10 | 109 | ഗ്രാമകേന്ദ്രങ്ങൾക്ക് വാടക | 24000 |
| 11 | 186 | ജലജീവൻ മിഷൻ – വാട്ടർ അതോറിറ്റിക്ക് തുക കൈമാറൽ | 702808 |
| 12 | 151 | വീട് വാസയോഗ്യമാക്കൽ (TSP) | 150000 |
| 13 | 140 | കിണർ റീചാർജ്ജ് | 336640 |
| 14 | 167 | വ്യക്തിഗത ഗാർഹിക ടോയ്‌ലറ്റ് | 270000 |
| 15 | 129 | സ്നേഹസ്പർശം | 531750 |
| 16 | 131 | ജാഗ്രതാസമിതി | 10000 |
| 17 | 127 | വയോജന സൗഹൃദ പഞ്ചായത്ത് | 100000 |

മേൽ വിവരം ഓഡിറ്റ് എൻക്വയറി നം. 3 തീയതി 23.11.2022 പ്രകാരം നിർവ്വഹണോദ്യോഗസ്ഥരെ ബോധ്യപ്പെടുത്തിയിട്ടുണ്ട്.

## 1-27 തെരുവുവിളക്ക് - ഉപകരണങ്ങൾ വാങ്ങലും അറ്റകുറ്റപണികൾക്കുമായുള്ള പദ്ധതി നിർവ്വഹണം

ഗ്രാമപഞ്ചായത്ത് തൻവർഷം ഏറ്റെടുത്ത തെരുവുവിളക്കുകളുടെ അറ്റകുറ്റപണികൾ സംബന്ധിച്ച പദ്ധതികളിൽ ചുവടെ ചേർക്കുന്ന അപാകതകൾ ശ്രദ്ധയിൽപ്പെട്ടു.

1) പദ്ധതി ആസൂത്രണത്തിനു മുമ്പ് ഗ്രാമ പഞ്ചായത്തിൽ നിലവിലുള്ള പ്രവർത്തിക്കുന്നതും പ്രവർത്തിക്കാത്തതുമായ തെരുവ് വിളക്കുകകളുടെ കണക്കെടുപ്പ് നടത്തിയിട്ടില്ല. കെ.എസ്.ഇ.ബിയുമായി സംയുക്തപരിശോധനയും നടത്തിയിട്ടില്ല.

2) ലൈറ്റുകളുടെ അറ്റകുറ്റപണി നടത്തുന്നതിനു മുമ്പെ കെ.എസ്.ഇ.ബി.യിൽ നിന്നും അനുവാദം വാങ്ങിയിട്ടില്ല.

3) മുൻവർഷങ്ങളിൽ സ്ഥാപിച്ച ഏതെല്ലാം ലൈറ്റുകളാണ് മാറ്റി സ്ഥാപിച്ചതെന്നോ അത്തരം ലൈറ്റുകളുടെ വാറണ്ടി കാലാവധി സംബന്ധിച്ചോ വിവരം ലഭ്യമല്ല.

4) പഴയ കേടുവന്ന ലൈറ്റുകൾ മാറ്റി സ്ഥാപിച്ചപ്പോൾ ഏതെല്ലാം സ്പെയർപാർട്ടുകളാണ് മാറ്റിയതെന്നോ മാറ്റിയവയുടെ രജിസ്റ്ററോ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല. ഇളക്കിമാറ്റിയ ഉപകരണങ്ങൾ തിരികെ ഓഫീസിൽ ഏല്പിച്ചതിനും രേഖയില്ല.

5) വിതരണം ചെയ്ത ലൈറ്റുകളുടെ ബ്രാന്റ് നെയിം ബില്ലിൽ വ്യക്തമാക്കിയിട്ടില്ല.

ഇത്തരം അപാകതകൾ ഭാവിയിൽ ഒഴിവാക്കേണ്ടതാണ്. ഭരണസമിതിയുടെശ്രദ്ധ ഈ വിഷയത്തിൽ പതിയേണ്ടതാണ്.

## 1-28 പ്രൊക്യൂർമെന്റ് കമ്മിറ്റി ചുമതലകൾ നിറവേറ്റുന്നില്ല

സ.ഉ. (പി) നം 259/2010/ത.സ്വ.ഭ.വ തീ 08.11.10, 2013 ലെ സ്റ്റോർ പർച്ചേസ് മാന്വൽ ഖണ്ഡിക 6.1 എന്നിവ പ്രകാരം വാങ്ങേണ്ടി വരുന്ന സാധനങ്ങളുടെയും സേവനങ്ങളുടെയും മൊത്തത്തിലുള്ള കണക്കെടുപ്പ് സാമ്പത്തിക വർഷാരംഭത്തിൽ തന്നെ പ്രൊക്യൂർമെന്റ് കമ്മിറ്റി നടത്തേണ്ടതും ബാധകമായ നടപടിക്രമം അനുസരിച്ച് വാങ്ങേണ്ടതുമാണ്. എന്നാൽ സ്ഥാപനത്തിലെ പ്രസ്തുത കമ്മിറ്റിയുടെ രജിസ്റ്റർ പരിശോധിച്ചതിൽ ഇത്തരത്തിലുള്ളൊരു കണക്കെടുപ്പൊന്നും നടത്തിയിട്ടുള്ളതായി കാണുന്നില്ല.

തൻവർഷത്തെ പദ്ധതി നിർവ്വഹണത്തിനായി കമ്മിറ്റി യോഗം ചേർന്നത് നാലു പ്രാവശ്യം മാത്രമാണ്. എല്ലാ യോഗങ്ങളിലും വിവിധ വാങ്ങലുകൾക്കായി ലഭിച്ചിട്ടുള്ള ക്വട്ടേഷൻ/ടെണ്ടർ പരിശോധിച്ച് കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്തവയെ അംഗീകരിക്കുവാൻ ജനറൽ കമ്മിറ്റിയോട് ശുപാർശ ചെയ്യുക മാത്രമാണ് ചെയ്തിട്ടുള്ളത്. വാങ്ങൽ പദ്ധതിയുടെ തുക നിശ്ചയിക്കുക, അംഗീകാരവും ഫണ്ടുകളും ഉറപ്പാക്കുക, ടെണ്ടർ നടപടിക്രമങ്ങൾ പാലിക്കുക, വാങ്ങുന്ന സാധനങ്ങളുടെ ഗുണനിലവാര പരിശോധന എന്നിവയെല്ലാം പ്രൊക്യൂർമെന്റ് കമ്മിറ്റിയുടെ ചുമതലകളിൽപ്പെടുന്നവയാണ്.

പഞ്ചായത്തിന്റെ വികസനത്തിന് സഹായകരവും കർമ്മനിരതവുമായ ഒരു കമ്മിറ്റി രൂപീകരിക്കുന്നതിലേക്ക് ഭരണസമിതിയുടെ സത്വരശ്രദ്ധ ക്ഷണിക്കുന്നു.

## 1-29 ടെണ്ടർ ഫാറം വില പഞ്ചായത്തിൽ ഒടുക്കു വരുത്തേണ്ടതാണ്.

2021-22 സാമ്പത്തിക വർഷം ഇ-ടെണ്ടർ മുഖേന നടപ്പിലാക്കിയ മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫോറ വിലയായി (ടെണ്ടർ ഫീസ്) തിരുവനന്തപുരം ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിൽ 108245/- രൂപ ക്രെഡിറ്റായിട്ടുണ്ട് എന്ന് ഇതു സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 02) മറുപടിയായി അസിസ്റ്റന്റ് എഞ്ചിനീയർ അറിയിച്ചിട്ടുണ്ട്. പ്രസ്തുത തുക തിരികെ ലഭ്യമാക്കുന്നതിനായി കത്ത് തയ്യാറാക്കി എന്നാണ് അസിസ്റ്റന്റ് എഞ്ചിനീയർ അറിയിച്ചിട്ടുള്ളത്. ഇത്തരത്തിൽ മുൻവർഷങ്ങളിലേതുൾപ്പടെയുള്ള തുക ഈടാക്കി ഗ്രാമ പഞ്ചായത്ത് അക്കൗണ്ടിൽ ഒടുക്കു വരുത്തുന്നതിനുള്ള സത്വരനടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-30 എസ്റ്റിമേറ്റുകൾ വ്യാപകമായി റിവൈസ് ചെയ്യുന്നു

തൻവർഷം അംഗീകാരം ലഭിച്ച സ്പിൽ ഓവർ പദ്ധതികൾ ഉൾപ്പെടെയുള്ള പ്രവൃത്തികളിൽ പലതും റിവൈസ് ചെയ്തതായി കാണുന്നു. 2021-22 ൽ ആകെ 64 പദ്ധതികളാണ് നടപ്പാക്കിയിട്ടുള്ളത്. വിവിധ കമ്മിറ്റി തീരുമാനങ്ങൾ പ്രകാരം 26 പദ്ധതികൾ റിവൈസ് ചെയ്തിട്ടുണ്ട്. സൈറ്റ് കണ്ടിഷൻ മനസിലാക്കാതെയും ആവശ്യകത നിർണ്ണയിക്കാതെയുമാണ് എസ്റ്റിമേറ്റ് തയ്യാറാക്കുന്നത് എന്ന് ഇത് സൂചിപ്പിക്കുന്നു. തൻമൂലം പല എസ്റ്റിമേറ്റുകളിലും വ്യാപകമായ വ്യതിയാനം വരുത്തേണ്ടി വരുന്നു. ചില ഇനം പ്രവൃത്തികൾ ഒഴിവാക്കപ്പെടുകയും ആദ്യ എസ്റ്റിമേറ്റിൽ ഇല്ലാത്ത ഇനങ്ങൾ ഉൾപ്പെടുത്തുകയും ചെയ്യുന്നതിലൂടെ ശരിയായ ആവശ്യകത നിർണ്ണയിക്കാതെയാണ് എസ്റ്റിമേറ്റ്

തയ്യാറാക്കുന്നത് എന്ന് വ്യക്തമാകുന്നു. ഇത് GO(P)13/2012 PWD തീയതി : 01.02.2012 പ്രകാരമുള്ള 2012 ലെ റിവൈസ്ഡ് പി.ഡബ്ല്യൂ.ഡി മാന്വലിലെ നിർദ്ദേശങ്ങൾക്ക് എതിരാണ്.

ശരിയായ പഠനം നടത്താതെയും ആവശ്യകത മനസിലാക്കാതെയുമുള്ള മരാമത്ത് പദ്ധതികളുടെ രൂപീകരണം പൊതുമരാമത്ത് വർക്കിംഗ് ഗ്രൂപ്പും, വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയും ആയതിന്റെ ചുമതല നിർവഹിക്കുന്നില്ലാ എന്നതിന്റെ ഉദാഹരണമാണ്. ശരിയായ സൈറ്റ് കണ്ടിഷൻ മനസിലാക്കിയും ആവശ്യകത നിർണ്ണയിച്ചും പദ്ധതികൾ രൂപീകരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-31 കാർഷികകർമ്മസേന പദ്ധതി -മാർഗരേഖയ്ക്ക് വിരുദ്ധമായി ചെലവ് ചെയ്ത 20000/- രൂപ നിരാകരിക്കുന്നു

കൃഷി ഓഫീസർ നിർവഹണ ഉദ്യോഗസ്ഥനായ കാർഷിക കർമ്മസേന പദ്ധതി (നം 91/2022) പ്രകാരം അഭ്യസ്തവിദ്യരായ യുവതീയുവാക്കളേയും, തൊഴിലുറപ്പ് പദ്ധതിയിൽ നിന്നും താത്പര്യമുള്ള അംഗങ്ങളെയും ഉൾപ്പെടുത്തി കാർഷിക കർമ്മസേന രൂപീകരിച്ച് പദ്ധതി നിർവ്വഹണം സാധ്യമാക്കുകയാണ് ലക്ഷ്യം. കാർഷിക കർമ്മസേനയുടെ ദൈനംദിന പ്രവർത്തനങ്ങളും യന്ത്രങ്ങളുടെ വാടകനിരക്കും, കാർഷിക കർമ്മസേന സംഘാടകസമിതി തീരുമാനിക്കുന്നതിനും പദ്ധതിയിൽ നിർദ്ദേശിക്കുന്നുണ്ട്.

I) ഈ പ്രോജക്ട് പ്രകാരം 200000/- രൂപയുടെ കാർഷിക ഉപകരണങ്ങൾ KAICO യിൽ നിന്നും വാങ്ങി കാർഷിക കർമ്മസേനയ്ക്ക് നൽകിയിട്ടുണ്ട്. (29.11.2021 തീയതിയിലെ Q 408 നം ഇൻവോയിസ്, ബിൽ തീയതി 02.01.22). സർക്കാർ ഉത്തരവ് (കൈ) നം. 22/2018 തസ്വഭവ തീയതി 14.02.2018 പ്രകാരം ഖണ്ഡിക 6.1.8 പ്രകാരം കൃഷിഭവന്റെ കീഴിലുള്ള രജിസ്റ്റർ ചെയ്ത കാർഷിക കർമ്മസേനകൾക്ക് യന്ത്രോപകരണങ്ങൾ 90% സബ്സിഡി നിരക്കിൽ നൽകുന്നതിനാണ് നിർദ്ദേശിച്ചിട്ടുള്ളത്. 90% സബ്സിഡി നിരക്കിൽ നൽകുന്നതിനാണ് നിർദ്ദേശിച്ചിട്ടുള്ളതെങ്കിലും 100% സബ്സിഡി നിരക്കിൽ 200000/- രൂപയുടെ സാധനങ്ങൾ വാങ്ങി നൽകിയിട്ടുണ്ട്. മേൽ സാഹചര്യത്തിൽ സർക്കാർ മാർഗരേഖയ്ക്ക് വിരുദ്ധമായി ചെയ്ത 20000/- രൂപയുടെ ചെലവ് ഓഡിറ്റിൽ നിരാകരിക്കുന്നു. വിശദവിവരങ്ങൾ ഖണ്ഡിക 3-2 ൽ ചേർത്തിട്ടുണ്ട്.

## 1-32 ലക്ഷം വീട് മെയിന്റനൻസ്- അധികം നൽകിയ 25000/ രൂപ നിരാകരിക്കുന്നു

ലക്ഷം വീട് മെയിന്റനൻസ് (എസ്. സി) 152/22 SO എന്ന പദ്ധതി വഴി ഗുണഭോക്താവിന്റെ അക്കൗണ്ടിലേക്ക് കൈമാറിയിട്ടുള്ള തുകകൾ ഇപ്രകാരമാണ്.

| ക്രമ നം. | സാംഖ്യ ബിൽ പ്രകാരമുള്ള തുക | തുക ലഭിച്ച ഗുണഭോക്താവിന്റെ പേര് |
|---|---|---|
| 1 | 40000 | ലീല കെ- 40000 |
| 2 | 45000 | ചെല്ലപ്പൻ ബി-45000 |
| 3 | 160000 | ലീല.കെ- 80000 , ഷിബു.എസ്-40000,<br>ചെല്ലപ്പൻ- 20000,<br>ശ്യാമള- 20000 |

മുൻവർഷങ്ങളിലേത് ഉൾപ്പെടെ വീട് മെയിന്റനൻസിനായി ആകെ 2,25,000/- രൂപയാണ് ലീല കെ എന്ന വ്യക്തിയ്ക്ക് നൽകിയിട്ടുള്ളത്. തിരുവനന്തപുരം ജില്ലാ പഞ്ചായത്ത്, ന്യൂ- ലൈഫ് ലക്ഷംവീട് നവീകരണ പദ്ധതി സംബന്ധമായ മാർഗ്ഗരേഖ പ്രകാരം പരമാവധി 200000/- രൂപയുടെ ധനസഹായമാണ് അനുവദിക്കാവുന്നത്. 25000/- രൂപ അധികമായി അനുവദിച്ചത് സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം 31 ന മറുപടി നൽകിയിട്ടില്ല. അധികം നൽകിയ 25000/- രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു. വിശദ വിവരങ്ങൾ ഭാഗം മൂന്നിൽ ചേർക്കുന്നു.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 ലക്ഷം വീട് മെയിന്റനൻസ്- അധികം നൽകിയ 25000/ രൂപ നിരാകരിക്കുന്നു

| | |
|---|---|
| പ്രോജക്റ്റിന്റെ പേര്, നം. | ലക്ഷം വീട് മെയിന്റനൻസ് (എസ്. സി) 152/22 SO |
| നിർവഹണോദ്യോഗസ്ഥൻ | വി. ഇ.ഒ സർക്കിൾ II |
| അടങ്കൽ | 700000<br>(വികസന ഫണ്ട് പൊതു വിഭാഗം- എസ്. സി. പി- 175000<br>മറ്റ് ബ്ലോക്ക് പഞ്ചായത്ത് വിഹിതം- 280000<br>മറ്റ് ജില്ലാ പഞ്ചായത്ത് വിഹിതം- 245000) |
| ചെലവ് | 245000<br>40000- ബിൽ നം. 20/21-22, തീ. 5-01-2022<br>45000- ബിൽ നം. 21/21-22, തീ. 5-01-2022<br>160000- ബ്ലോക്ക് പഞ്ചായത്ത് വിഹിതം (ചെക്ക് നം. 1909738- തീ. 24-03-2022) |
| ഭരണാനുമതി നം. | 1(6)/07-05-2021 |

ടി പദ്ധതി വഴി ഗുണഭോക്താവിന്റെ അക്കൗണ്ടിലേക്ക് കൈമാറിയിട്ടുള്ള തുകകൾ ഇപ്രകാരമാണ്.

| ക്രമ നം. | സാംഖ്യ ബിൽ പ്രകാരമുള്ള തുക | തുക ലഭിച്ച ഗുണഭോക്താവിന്റെ പേര് |
|---|---|---|
| 1 | 40000 | ലീല കെ- 40000 |
| 2 | 45000 | ചെല്ലപ്പൻ ബി-45000 |
| 3 | 160000 | ലീല.കെ- 80000 , ഷിബു.എസ്- 40000, ചെല്ലപ്പൻ- 20000, ശ്യാമള- 20000 |

ലീല.കെ എന്ന വ്യക്തിക്ക് തനത് സാമ്പത്തിക വർഷം കൈമാറിയ ഗഡുക്കൾ സംബന്ധമായ വിവരങ്ങൾ ബന്ധപ്പെട്ട രജിസ്റ്ററിൽ ഉൾക്കൊള്ളിച്ചിട്ടില്ല. (വേട്ടമ്പള്ളി ലക്ഷം വീട് മെയിന്റനൻസ് രജി. പേജ് നം . 61). മുൻ വർഷങ്ങളിൽ ടി ഗുണഭോക്താവിന് നൽകിയ ഗഡുക്കൾ സംബന്ധമായ വിവരങ്ങൾ ഉൾപ്പെടുത്തിയിട്ടുള്ളത് ഇപ്രകാരമാണ്.

| തീയതി | തുക |
|---|---|
| 07-09-2020 | 30000 |
| 8-10-2020 | 45000 |
| 16-01-2021 | 30000 |
| ആകെ | 105000 |

2021-22 സാമ്പത്തിക വർഷം ആകെ 1,20,000/- രൂപ നൽകിയിട്ടുണ്ട്. വീട് മെയിന്റനൻസിനായി ആകെ 2,25,000/- രൂപയാണ് ഇതുവരെ ലീല കെ എന്ന വ്യക്തിയ്ക്ക് നൽകിയിട്ടുള്ളത്. തിരുവനന്തപുരം ജില്ലാ പഞ്ചായത്ത്, ന്യൂ- ലൈഫ് ലക്ഷംവീട് നവീകരണ പദ്ധതി സംബന്ധമായ മാർഗ്ഗരേഖ പ്രകാരം പരമാവധി 200000/- രൂപയുടെ ധനസഹായമാണ് അനുവദിക്കാവുന്നത്. 25000/- രൂപ അധികമായി അനുവദിച്ചത് സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം 31 ന മറുപടി നൽകിയിട്ടില്ല.

ഭവന പുനരുദ്ധാരണത്തിന് 2 ലക്ഷം രൂപയാണ് പരമാവധി ധനസഹായം അനുവദിക്കുന്നത്. ഗ്രാമ, ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകൾ 40:20:40 എന്ന ക്രമത്തിലാണ് തുക വകയിരുത്തേണ്ടത്. വികസനഫണ്ട്, ബ്ലോക്ക് പഞ്ചായത്ത് വിഹിതം, ജില്ലാപഞ്ചായത്ത് വിഹിതം എന്നിവ അടങ്കൽ വച്ചിരുന്ന പദ്ധതിയിൽ ആനുപാതികമായിട്ടല്ല ബ്ലോക്ക് പഞ്ചായത്ത് വിഹിതം ചെലവഴിച്ചിട്ടുള്ളത്. 20% ത്തിൽ അധികം തുക ബ്ലോക്ക് പഞ്ചായത്ത് വിഹിതത്തിൽ നിന്നും ചെലവഴിച്ചിട്ടുണ്ട്. ജില്ലാപഞ്ചായത്ത് വിഹിതം ചെലവഴിച്ചിട്ടുമില്ല.

ടി വ്യക്തിക്ക് മുൻവർഷങ്ങളിൽ കൈമാറിയ ഗഡുക്കൾ സംബന്ധമായ മുഴുവൻ രേഖകളും പരിശോധനയ്ക്ക് ലഭ്യമാക്കാൻ ആവശ്യപ്പെട്ടിരുന്നെങ്കിലും പ്രസ്തുത രേഖകൾ ഹാജരാക്കിയിട്ടില്ല. നാലാം ഗഡു നൽകുന്നതിനായി വാല്യുവേഷൻ സർട്ടിഫിക്കറ്റ് വാങ്ങിയിരിക്കണം എന്ന നിർദ്ദേശം പാലിക്കപ്പെട്ടിട്ടില്ല. വാല്യുവേഷൻ സർട്ടിഫിക്കറ്റിന്റെ അഭാവത്തിൽ മെയിന്റനൻസ് വർക്കുകൾ പൂർത്തീകരിച്ചിട്ടുണ്ടെന്ന് പരിശോധിച്ച് ബോധ്യപ്പെടാൻ കഴിഞ്ഞിട്ടുമില്ല.

മേൽ അപാകങ്ങൾ കണക്കിലെടുത്ത് അധികം നൽകിയ 25000/- രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു. തുക തിരികെ

ഒടുക്കി വിവരം ഓഡിറ്റിനെ ധരിപ്പിക്കേണ്ടതാണ്.

## 3-2 കാർഷികകർമ്മസേന പദ്ധതി -മാർഗരേഖയ്ക്ക് വിരുദ്ധമായി ചെലവ് ചെയ്ത 20000/- രൂപ നിരാകരിക്കുന്നു

| | |
|---|---|
| പ്രോജക്ട് നമ്പർ | S0091/22 |
| പ്രോജക്ടിന്റെ പേര് | കാർഷിക കർമ്മസേന |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | കൃഷി ഓഫീസർ |
| അടങ്കൽ | വികസന ഫണ്ട് (ജനറൽ) – 200000/- |
| ചെലവ് തുക | 200000/- രൂപ |
| ബിൽ നമ്പർ/ തീയതി / തുക | 305/02.01.22, 200000/- |

അഭ്യസ്തവിദ്യരായ യുവതീയുവാക്കളേയും, തൊഴിലുറപ്പ് പദ്ധതിയിൽ നിന്നും താത്പര്യമുള്ള അംഗങ്ങളെ ഉൾപ്പെടുത്തി കാർഷികകർമ്മസേന രൂപീകരിച്ച് പദ്ധതി നിർവ്വഹണം സാധ്യമാകും. കാർഷിക കർമ്മസേനയുടെ ദൈനംദിന പ്രവർത്തനങ്ങളും യന്ത്രങ്ങളുടെ വാടകനിരക്കും, കാർഷിക കർമ്മസേന സംഘാടകസമിതി തീരുമാനിക്കുന്നതിനും പദ്ധതിയിൽ നിർദ്ദേശിക്കുന്നുണ്ട്.

I) മേൽ പ്രോജക്ട് പ്രകാരം 200000/- രൂപയുടെ കാർഷികഉപകരണങ്ങൾ KAICO യിൽ നിന്നും വാങ്ങി കാർഷിക കർമ്മസേനയ്ക്ക് നൽകിയിട്ടുണ്ട്. (29.11.2021 തീയതിയിലെ Q 408 നം ഇൻവോയിസ്, ബിൽ തീയതി 02.01.22). സർക്കാർ ഉത്തരവ് (കൈ) നം 22/2018 തസ്വഭവ തീയതി 14.02.2018 പ്രകാരം ഖണ്ഡിക 6.1.8 പ്രകാരം കൃഷിഭവന്റെ കീഴിലുള്ള രജിസ്റ്റർ ചെയ്ത് കാർഷിക കർമ്മസേനകൾക്ക് യന്ത്രോപകരണങ്ങൾ 90% സബ്സിഡി നിരക്കിൽ നൽകുന്നതിനാണ് നിർദ്ദേശിച്ചിട്ടുള്ളത്. 90% സബ്സിഡി നിരക്കിൽ നൽകുന്നതിനാണ് നിർദ്ദേശിച്ചിട്ടുള്ളതെങ്കിലും 100% സബ്സിഡി നിരക്കിൽ 200000/- രൂപയുടെ സാധനങ്ങൾ വാങ്ങി നൽകിയിട്ടുണ്ട്. മേൽ സാഹചര്യത്തിൽ സർക്കാർ മാർഗരേഖയ്ക്ക് വിരുദ്ധമായി ചെയ്ത 20000/- രൂപയുടെ ചെലവ് ഓഡിറ്റിൽ നിരാകരിക്കുന്നു. കാർഷിക കർമ്മസേനയിൽ നിന്നും 10% തുകയായ 20000/- രൂപ ഈടാക്കി ബന്ധപ്പെട്ട ഹെഡിൽ ഒടുക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

2) പദ്ധതിയുടെ പരിശോധനയിൽ കണ്ട മറ്റ് അപാകങ്ങൾ ചുവടെ ചേർക്കുന്നു.

I) സബ്സിഡി അനുവദിക്കുന്നതിനു മുൻപ് കർമ്മസേനയ്ക്ക് രജിസ്ട്രേഷൻ എടുത്തിട്ടുണ്ടെന്ന് ഉറപ്പ് വരുത്തിയിട്ടില്ല.

Ii) 90% സബ്സിഡി നിരക്കിൽ നൽകുന്നതിനാണ് നിർദ്ദേശിച്ചിട്ടുള്ളതെങ്കിലും 100% സബ്സിഡി നിരക്കിൽ 200000/- രൂപയുടെ സാധനങ്ങൾ വാങ്ങി നൽകിയിട്ടുണ്ട്.

Iii) കാർഷികകർമ്മസേനയുടെ മാർഗരേഖയിൽ നിഷ്കർഷിച്ചിട്ടുള്ള രീതിയിലല്ല കർമ്മസേന അംഗങ്ങളേയും സെക്രട്ടറിയേയും പ്രസിഡന്റിനേയും തിരഞ്ഞെടുത്തിട്ടുള്ളത്.

Iv) സാധനങ്ങൾ വാടകയ്ക്ക് കൊടുക്കുന്നതിനുള്ള നിരക്ക് നിശ്ചയിച്ചത് സംബന്ധിച്ച് തീരുമാനമൊന്നും മിനിട്സിൽ ലഭ്യമല്ല.

V) 2021-22 സാമ്പത്തിക വർഷത്തിലെ ക്യാഷ് ബുക്കും വരവ് ചെലവ് സംബന്ധിച്ച അനുബന്ധ രേഖകൾ, വാടക ഈടാക്കുമ്പോൾ നൽകുന്ന രസീത് എന്നിവ പരിശോധനയ്ക്കായി ലഭ്യമാക്കിയിട്ടില്ല. 05.09.2022 ൽ ആരംഭിച്ച അക്കൗണ്ട് പാസ് ബുക്കാണ് പരിശോധനയ്ക്കായി ലഭ്യമാക്കിയിട്ടുള്ളത്. ആയതിനാൽ 21-22 കാലയളവിലെ വരവ് ചെലവ് കണക്കുകൾ പരിശോധിക്കാൻ കഴിഞ്ഞിട്ടില്ല.

Vi) കാർഷികകർമ്മസേന മാർഗരേഖയിൽ പരാമർശിക്കുന്ന രീതിയിൽ നടപ്പിലാക്കിയ പ്രവർത്തനങ്ങളുടെ റിപ്പോർട്ടും, രേഖകളും പരിശോധനയ്ക്കായി ലഭ്യമാക്കിയിട്ടില്ല.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം 29/30.11.22ന് മേൽ അപാകങ്ങൾ പരിഹരിക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

# ഭാഗം -4

# പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം.

ജില്ലാ പഞ്ചായത്ത് വിഹിതം

വാർഷിക ധനകാര്യ പത്രിക പ്രകാരമുള്ള വിവരങ്ങൾ

| മുന്നിരിപ്പ് | തൻവർഷം ആകെ ലഭിച്ച തുക | തൻവർഷം ആകെ ചെലവ് തുക | നീക്കിയിരിപ്പ് |
|---|---|---|---|
| 1147506/- | 1237986/- (1209486+28500) | 1709486/- | 676006 |

സുലേഖ പത്രിക പ്രകാരമുള്ള ചെലവ് വിവരങ്ങൾ

| ജില്ലാ പഞ്ചായത്ത് വിഹിതം-പദ്ധതി നം | പദ്ധതി വിവരങ്ങൾ | അടങ്കൽ | ചെലവ് |
|---|---|---|---|
| 49/22 | സ്നേഹസ്പർശം-മാനസിക വെല്ലുവിളി നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ് | 491625 | 463125 |
| 239/22 | ലൈഫ് മിഷൻ രണ്ടാം ഘട്ടം എസ്.സി.അഡീഷണൽ ലിസ്റ്റിലെ ഗുണഭോക്താക്കൾക്ക് ഭവന നിർമ്മാണ ധനസഹായം | 2000000 | 142828 |
| 148/22 | ന്യൂ ലൈഫ്-ലക്ഷം വീട് കോളനി അടിസ്ഥാന സൗകര്യവികസനം- | 480000/- | 200000/- |
| 149/22 | ന്യൂലൈഫ്-ലക്ഷം വീട് കോളനി-അടിസ്ഥാന സൗകര്യ വികസനം | 1040000/- | 310000/- |
| 220/22 | കോളക്കോട് റോഡ് കോൺക്രീറ്റ് | 500000 | 500000 |
| 95/22 | സുഭിക്ഷകേരളം-ക്ഷീരസമൃദ്ധി പാലിന് സബ്സിഡി | 93533 | 93533 |
| ആകെ | | | 1709486 |

<u>ബ്ലോക്ക് പഞ്ചായത്ത് വിഹിതം</u>

വാർഷിക ധനകാര്യ പത്രിക പ്രകാരമുള്ള വിവരങ്ങൾ

| മുന്നിരിപ്പ് | തൻവർഷം ആകെ ലഭിച്ച തുക | തൻവർഷം ആകെ ചെലവ് തുക | നീക്കിയിരിപ്പ് |
|---|---|---|---|
| 1754835/- (1254835+500000) | 2551625/- (1780000+771625) | 3654978/- (1374978+2280000) | 651482/- |

സുലേഖ പത്രിക പ്രകാരമുള്ള ചെലവ് വിവരങ്ങൾ

| ബ്ലോക്ക് പഞ്ചായത്ത് വിഹിതം-പദ്ധതി നം | പദ്ധതി വിവരങ്ങൾ | അടങ്കൽ | ചെലവ് |
|---|---|---|---|
| 20/22 | പാലിയേറ്റീവ് കെയർ | 200000 | 200000 |
| 163/22 | ലൈഫ് ഭൂമിയുള്ള ഭവനരഹിതർക്ക് വീട് | 469900 | 469900 |
| 245/22 | ലൈഫ് മിഷൻ -ഭൂമിയില്ലാത്ത ഭവന രഹിതർക്ക് ഭൂമി വാങ്ങി നൽകൽ | 1000000 | 1000000 |
| 300/22 | വൃദ്ധർക്ക് കട്ടിൽ രണ്ടാം ഘട്ടം | 200000 | 188600 |
| 49/22 | സ്നേഹസ്പർശം-മാനസിക വെല്ലുവിളി നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ് | 491625 | 491625 |
| 152/22 | ലക്ഷം വീട് മെയിന്റനൻസ്-എസ്-സി | 280000/- | 160000 |
| 145/22 | ലക്ഷം വീട് മെയിന്റനൻസ്-ജനറൽ | 400000/- | 210000/- |
| 149/22 | ന്യൂലൈഫ്-ലക്ഷം വീട് കോളനി-അടിസ്ഥാന സൗകര്യ വികസനം | 70000/- | 70000/- |
| 95/22 | സുഭിക്ഷകേരളം-ക്ഷീരസമൃദ്ധി പാലിന് സബ്സിഡി | 100000 | 100000 |
| 265/22 | അഗതികേരളം-ആശ്രയ പദ്ധതി | 100000 | 100000 |
| ആകെ | | | 2990125 |

വാർഷിക ധനകാര്യപത്രിക പ്രകാരമുള്ള ചെലവ് 3654978/- രൂപയും സുലേഖ പത്രിക പ്രകാരമുള്ള ചെലവ്

2990125/- രൂപയും ആണ്. ഇതിൽ വ്യത്യാസമുള്ള 664853/- രൂപയുടെ ചെലവ് വിവരങ്ങൾ ഏതിനങ്ങളിൽ ചെലവഴിച്ചുവെന്ന് വ്യക്തമാക്കേണ്ടതാണ്.

## 4-2 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ.

| നിർവഹണ ഏജൻസി | മുന്നിരിപ്പ് | തൻവർഷം തുക നൽകിയ പ്രവൃത്തിയുടെ വിവരങ്ങൾ | നൽകിയ തുക | ചെലവഴിച്ച തുക (എ.എഫ്.എസ്സ് പ്രകാരം) | ചെലവഴിക്കുവാൻ ബാക്കിയുള്ള തുക-(എ.എഫ്.എസ്സ് പ്രകാരം) |
|---|---|---|---|---|---|
| KGWD | ഇല്ല | 183/22-ഗ്രാമ പഞ്ചായത്തിലെ കുഴൽക്കിണറുകളുടെ നവീകരണം | 489274 | ഇല്ല. | 489274/- വിവരങ്ങൾ എ.എഫ്.എസ്സിൽ ചേർത്തിട്ടില്ല. |
| | | 184/22-ഗ്രാമ പഞ്ചായത്തിലെ കുഴൽക്കിണറുകളുടെ നിർമ്മാണം | 911000 | ഇല്ല. | 911000/- വിവരങ്ങൾ എ.എഫ്.എസ്സിൽ ചേർത്തിട്ടില്ല. |
| KWA | 3539476 | - | - | - | 1400274 |
| | | 290/22-കവിരാജപുരം വേങ്കവിള പൈപ്പ് ലൈൻ നീട്ടൽ | 184994 | ഇല്ല. | 184994 |
| | | 122/22-താഴ്മല ഗ്രീൻ പൈപ്പ് ലൈൻ നീട്ടൽ | 42000 | ഇല്ല. | 42000 |
| | | 112/22-മേലേ കല്ലിയോട് ഇടവട്ടം പറയങ്കവ് റോഡ് പൈപ്പ് ലൈൻ നീട്ടൽ | 423773 | ഇല്ല. | 423773 |
| | | 291/22-കൊല്ല മേലേക്കല്ലിയോട് പൈപ്പ് ലൈൻ നീട്ടൽ | 581000 | ഇല്ല. | 581000 |
| | | 114/22-പന്നിയോട്ടുകോണം ചാരുംമൂട് റോഡ് പൈപ്പ് ലൈൻ നീട്ടൽ | 26000 | ഇല്ല. | 26000 |
| | | 116/22-ആനാട് പാറയ്ക്കാ മണ്ഡപം മൃഗാശുപത്രി പൈപ്പ് ലൈൻ നീട്ടൽ | 91000 | ഇല്ല. | 91000 |
| | | 118/22-താഴ്മല കൈക്കോട്ടുകുഴി ഇലക്ട്രിസിറ്റി റോഡ് പൈപ്പ് ലൈൻ നീട്ടൽ | 93043 | ഇല്ല. | 93043 |
| | | 119/22-കരിങ്കട മിനി ഇൻഡസ്ട്രിയൽ -Opposite Road പൈപ്പ് ലൈൻ നീട്ടൽ | 112000 | ഇല്ല. | 112000 |
| | | 115/22-അരശും മൂട് കരിഞ്ചാത്തിമൂല പൈപ്പ് ലൈൻ നീട്ടൽ | 126000 | ഇല്ല. | 126000 |
| ആകെ | | | | | 1679810/- |

*കേരള ഗൗണ്ട് വാട്ടർ അതോറിറ്റിക്ക് നൽകിയ 1400274/- രൂപയുടെ വിവരങ്ങൾ വാർഷിക ധനകാര്യ പത്രികയിൽ ചേർത്തിട്ടില്ല.

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ.

ഇല്ല.

## 4-4 വായ്പ/വായ്പാ തിരിച്ചടവ്

| വായ്പയുടെ പേര് | വർഷാരംഭത്തിൽ തിരിച്ച് അടവാക്കാൻ ബാക്കിയുണ്ടായിരുന്ന തുക | വരവ് തുക | തൻവർഷം തിരിച്ച് അടവാക്കിയതുക | വർഷാവസാനം ബാക്കിയുള്ള തുക |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| KURDFC ലോൺ | 43499139 | 700000 | 3960001 | 40239138 |

4-5 സ്ഥിര നിക്ഷേപങ്ങൾ

ഇല്ല.

4-6 ഓഡിറ്റ് റിക്കവറി.

ഇല്ല.

4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട് ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

ഇല്ല

4-8 ചാർജ് സർചാർജ് നടപടികളുടെ വിവരം

ഇല്ല.

4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 112419213 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 113166646 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല. |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 45,000/- |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 3688861 |

(ബി) ഗ്രാമപഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1 | 25000 | ശ്രീമതി. രമ്യ .എൻ, വിഇഒ സർക്കിൾ II |
| 3-2 | 20000 | ശ്രീ. എസ്. ജയകുമാർ, കൃഷി ഓഫീസർ |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ) ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-14 | 380000 | ശ്രീമതി.രഞ്ജിനി, അസിസ്റ്റന്റ് സെക്രട്ടറി |
| 1-15 | 712500 | ഡോ.രഞ്ജിത്.ആർ, വെറ്ററിനറി സർജൻ |
| 1-17 | 1838024 | ശ്രീ.എം.ജയകുമാർ, സെക്രട്ടറി-159000/-<br>ശ്രീമതി.സുനിമോൾ.എസ്, സെക്രട്ടറി-1679024/- |
| 1-18 | 467400 | ശ്രീമതി.അനശ്രീ.എസ്സ്, ഐ.സി.ഡി.എസ്. സൂപ്പർവൈസർ |
| 1-22 | 290937 | ഡോ.ശുഭ.എ.പി, മെഡിക്കൽ ഓഫീസർ ഹോമിയോ |

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും.

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി.രഞ്ജിനി, അസിസ്റ്റന്റ് സെക്രട്ടറി | വെള്ളനാട് ഗ്രാമപഞ്ചായത്ത് തിരുവനന്തപുരം | ചന്ദ്രകാന്തം,ചെറുപാറ |

| | | |
|---|---|---|
| ഡോ.രഞ്ജിത്.ആർ, വെറ്റിനറി സർജൻ | വെറ്റിനറി ഡിസ്പെൻസറി | ഉഷാര,വട്ടിയൂർക്കാവ് |
| ശ്രീ.എം.ജയകുമാർ,സെക്രട്ടറി | കല്ലിയോട് ഗ്രാമപഞ്ചായത്ത് | ചെമ്പകശ്ശേരി, ഓർക്കിഡ് വിലാസ്, തച്ചോട്ടുകാവ്, പേയാട് .പി.ഒ |
| ശ്രീമതി.സുനിമോൾ.എസ്, സെക്രട്ടറി | നെല്ലനാട് ഗ്രാമപഞ്ചായത്ത് | പ്രണവം, വാറുവിളാകം, ഏണിക്കര, കരകുളം .പി.ഒ |
| ശ്രീമതി.അനശ്രീ.എസ്സ്, ഐ.സി.ഡി.എസ്.സൂപ്പർവൈസർ | ശിശു വികസന ഓഫീസർ നെടുമങ്ങാട് | ചകഴംപാല,മുക്കോല, തിരുവനന്തപുരം |
| ഡോ.ശുഭ.എ.പി, മെഡിക്കൽ ഓഫീസർ ഹോമിയോ | ഗവ.ഹോമിയോ ഡിസ്പെൻസറി ആനാട് | ആരാധന, മുക്കോലയ്ക്കൽ, നെടുമങ്ങാട് |
| ശ്രീ.എസ്.ജയകുമാർ, കൃഷി ഓഫീസർ | കൃഷി ഭവൻ ആനാട് | ആശാ ഭവൻ,താഴെ വിളാകം കരകുളം |
| ശ്രീമതി.രമ്യ.എൻ, വി.ഇ.ഒ | ബ്ലോക്ക് പഞ്ചായത്ത് നെടുമങ്ങാട് | പഴവിളാകത്ത് വീട്, കന്യാകുളങ്ങര, വെമ്പായം |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 2000-01 | കെ.എസ്.എ.റ്റി.വി.എം/ജി.പി.7/1819/2022 തീയതി. 01.10.2022 | 1 (51) |
| 2001-02 | കെ.എസ്.എ.റ്റി.വി.എം/ജി.പി.7/1819/2022 തീയതി. 01.10.2022 | 1 (45) |
| 2002-03 | കെ.എസ്.എ.റ്റി.വി.എം/ജി.പി.7/1819/2022 തീയതി. 01.10.2022 | 1<br>(3-3 (ബി)) |
| 2003-04 | കെ.എസ്.എ.റ്റി.വി.എം/ജി.പി.7/1819/2022 തീയതി. 01.10.2022 | 1 (3-1) |
| 2005-06 | കെ.എസ്.എ.റ്റി.വി.എം/ജി.പി.7/1819/2022 തീയതി. 01.10.2022 | 1 (3-3) |
| 2010-11 | കെ.എസ്.എ.റ്റി.വി.എം/ജി.പി.7/1819/2022 തീയതി. 01.10.2022 | 1 (3-5) |
| 2011-12 | കെ.എസ്.എ.റ്റി.വി.എം/ജി.പി.7/1819/2022 തീയതി. 01.10.2022 | 5<br>(2-4, 3-3, 3-4, 3-5, 3-7) |
| 2012-13 | കെ.എസ്.എ.റ്റി.വി.എം/ജി.പി.7/1819/2022 തീയതി. 01.10.2022 | 16<br>(2-1, 2-2, 3-1 മുതൽ<br>3-13 വരെ) |
| 2013-14 | കെ.എസ്.എ.റ്റി.വി.എം/ജി.പി.7/1819/2022 തീയതി. 01.10.2022 | 3<br>(2-3, 3-4 (1), 3-4 (5)) |
| 2014-15 | കെ.എസ്.എ.റ്റി.വി.എം/ജി.പി.7/1819/2022 തീയതി. 01.10.2022 | 6<br>(3-1, 3-2, 3-3, 3-6, 3-7, 3-9) |
| 2015-16 | കെ.എസ്.എ.റ്റി.വി.എം/ജി.പി.7/1819/2022 തീയതി. 01.10.2022 | 13<br>(2-1, 2-2, 3-1, 3-2, 3-3, 3-9, 3-9 (iii), 3-10,<br>3-11, 3-12 (1), 3-12 (2), 3-14, 3-15) |
| 2016-17 | കെ.എസ്.എ.റ്റി.വി.എം/ജി.പി.7/1819/2022 തീയതി. 01.10.2022 | 4<br>(2-1 (1), 3-6, 3-7 (1), 3-7 (2)) |
| 2017-18 | കെ.എസ്.എ.റ്റി.വി.എം.ജി.പി.6/2251/2018 തീയതി. 01.07.2019 | 42 |
| 2018-19 | കെ.എസ്.എ.റ്റി.വി.എം.ജി.പി.6/93/2020 തീയതി. 10.03.2020 | 12 |
| 2019-20 | കെ.എസ്.എ.റ്റി.വി.എം.ജി.പി.6/948/2021 തീയതി. 07.04.2021 | 30 |
| 2020-21 | കെ.എസ്.എ.റ്റി.വി.എം.ജി.പി.6/393/2022 തീയതി. 27.05.2022 | 30 |

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2021-2022 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ തിരുവനന്തപുരം ജില്ലയിലെ ആനാട് ഗ്രാമപഞ്ചായത്തിന്റെ 2021-2022-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

തിരുവനന്തപുരം ജില്ലയിലെ ആനാട് ഗ്രാമപഞ്ചായത്തിന്റെ 2021-2022 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്